# THE GURUNATHAN

# ഗുരുനാഥൻ

L. No. 85/15—7—26.

| പുസ്തകം 17 | 1113 ധനു | ലക്കം 5 |
|---|---|---|


വിദ്യാദാനവിശിഷ്ടകൃത്യരതരാമദ്ധ്യാപകാനാം സദാ
വിദ്യാഽദാനഭരം വഹിച്ചുമരുവും വിദ്യാർത്ഥിലോകത്തിനും
വിദ്യാലോലുപരായ മററു ജനസാമാന്യത്തിനും പത്ഥ്യമാം
വിദ്യാസങ്ഗ്രഹസമ്പുടോഽസ്തു ഗുരുനാഥോയം സഹായം ഭുവി.

## വിഷയവിവരം.


1. പ്രാഥമിക വിദ്യാഭ്യാസം ... 193
2. കഥ കാര്യമായി ... 197
3. രണ്ടു ഭൂകമ്പങ്ങൾ ... 207
4. വാക്ഭടാനന്ദഗുരുക്കളുടെ വാചാടത്വം ... 209
5. കുടകും അവിടത്തെ ജനങ്ങളും ... 223
6. ഏതു തരത്തിലുള്ള വിദ്യാഭ്യാസമാണു വേണ്ടതു്? ... 227
7. "കശുവണ്ടി" എന്ന പദം ... 232
8. സഹവിദ്യാഭ്യാസം ... 233
9. ശൃംഗാരലഹരി ... 238

# പാഠപുസ്തകങ്ങൾ

## ഈശ്വരവിലാസം ബുക്ക്ഡിപ്പോ, പറവൂർ.

മാന്യരെ,

താഴെ പറയുന്ന ഗവമ്മെൻറ് അംഗീകാരം ലഭിച്ചിട്ടുള്ള ഞങ്ങളുടെവക പുസ്തകങ്ങൾ ആ സ്കൂളിൽ പാഠ്യപുസ്തകമായി നിശ്ചയിച്ച് ഞങ്ങളെ സഹായിപ്പാനപേക്ഷ.

Form I 1. രാജാകേശവദാസ്, 6 as.
R. Eswara Pillai B. A.
2. ഷെക്സ്പീയരുടെ കഥകൾ, 5 as. Do.
Form IV 1. ചിന്താസന്താനം, Part II 10 as. Do.
2. Do. Part VI 8 as. Do.
3. പ്രഭാഷണങ്ങൾ, 12 chs.
M. Rama Varma Thampan
Form V. 1. ചിന്താസന്താനം, Part VI 8 as.
R. Eswara Pillai B. A.
Class V. 1. രാജാകേശവദാസ്, 6. as.
R. Eswara Pillai B. A.
Class VI. ശ്രീരാമൻ, 6 as.
R. Eswara Pillai B. A.
Form III. 1. മരതകമണി, 6 as. P. R. Neelakantan Nair.

ഈ പുസ്തകങ്ങൾ അംഗീകരിച്ചിട്ടുള്ളത് 1934 ഏപ്രിൽ 24-ാം തീയതിയിലെ ഗവമ്മണ്ട് ഗസററ് 256, 259, 291, 262 ഈ പേജുകളിലും 1935 ജനുവരി 29-ാം തീയതിയിലെ ഗവമ്മണ്ട് ഗസററ് 133, 134 ഈ പേജുകളിലും 1936 ഫെബ്രുവരി 4-ാം തീയതിയിലെ 173, 176 ഈ പേജുകളിലും നോക്കിയാൽ അറിയാവുന്നതാണ്.

കുറച്ചു കാപ്പികൾ മാത്രം

## ചിന്താസന്താനം

(ഏഴാംഭാഗം)

( ഗ്രന്ഥകത്താ ആർ. ഈശ്വരപിള്ള ബി. എ. )

വില അണ 8.

ഈശ്വരവിലാസം പുസ്തകശാല, പറവൂർ.

# ഗുരുനാഥൻ

| പുസ്തകം 17 | 1113 ധനു | ലക്കം 5 |
|---|---|---|

## പ്രാഥമിക വിദ്യാഭ്യാസം.

### I

ഉത്തരവാദിത്വം ഭരണത്തിൽ ഉണ്ടായിരിക്കുന്നതു് ഒരു രാജ്യത്തിൻെറ ഐശ്വര്യത്തിനും ജനങ്ങളുടെ ക്ഷേമത്തിനും അത്യാവശ്യമെന്നതു് സംശയമററ സംഗതിയാണു്. ഉത്തരവാദിയായിരിക്കേണ്ട ഭരണകൂടവും അതിൻെറ കമ്മങ്ങളെ ചോദ്യംചെയ്യാനവകാശപ്പെട്ട ഭരണീയജനസമുദായവും ഏതാണ്ടൊരു തുല്യനിലയേയാണു സ്വീകരിച്ചിരിക്കേണ്ടതു്. വിദ്യാഭ്യാസംകൊണ്ടും സംസ്കാരംകൊണ്ടും ഉയൎന്ന സ്ഥിതിയുള്ളവരെ സംഘടിപ്പിച്ചാണു ഭരണകൂടത്തിൻെറ വ്യവസ്ഥിതിയെന്നു പ്രായേണ വിശ്വസിച്ചുപോരുന്നു. അതിനോടു ചോദ്യംചെയ്യുന്നവർ വിദ്യാഭ്യാസമോ, എന്തിനു്, അക്ഷരജ്ഞാനംതന്നെയോ ഇല്ലാത്തവരാകുന്നതു ചോദ്യോത്തരങ്ങൾക്കു സമാനഗുണം ഇല്ലാതാക്കുന്നു. ഈ ദോഷപരിഹാരത്തിനു ഭരണകൂടത്തിലെ അംഗങ്ങളോടു തുല്യയോഗ്യതയോ ബിരുദോ ഉള്ളവരെ ജനങ്ങൾ സ്വപ്രതിനിധികളാക്കി കാര്യനിൎവ്വഹണം ചെയ്യുന്നു.

ഇവിടെയാണു ജനങ്ങൾക്കു പററുന്ന തോൽവി. എല്ലാവൎക്കും പ്രതിനിധിയെ തിരഞ്ഞെടുക്കുവാൻ അവകാശമില്ലായ്ക എന്നൊന്നു്; എന്നെ വേണം എന്നെ വേണം എന്നുള്ള മത്സരത്തിൽ പ്രലോഭനത്തിൽപ്പെട്ടു സ്വാത്ഥമാത്രപരന്മാരേയും പ്രതിനിധികളാക്കുന്നു. അക്ഷരജ്ഞാനം പോലുമില്ലാത്തവർ സമ്മതിദായകരാകാറുണ്ടു്. സമ്മതിദായകത്വം പ്രായപൂത്തിയെ അവലംബിച്ചാൽ ഇക്കൂട്ടരുടെ സംഖ്യ വളരെവൎദ്ധിക്കയേ ഉള്ളു. ഇവിടെയാണു സൗജന്യവിദ്യാഭ്യാസമോ നിർബന്ധിതവിദ്യാഭ്യാസമോ ആവശ്യമായിവരുന്നതു്. സാക്ഷരത്വമെങ്കിലും ഭരണീയരിൽ ഉണ്ടായാൽ ഭരണാധികാരിക്കു സ്വപ്രജകൾ പക്ഷിമൃഗാദികളിൽനിന്നു വേർതിരിഞ്ഞു കിട്ടുമല്ലോ എന്നൊരു കൃതാൎത്ഥതയ്ക്കും വഴിയുണ്ടു്. അതിനാൽ ഇന്നു നടന്നുപോരുന്ന പ്രാഥമികവിദ്യാഭ്യാസം മേൽപറഞ്ഞ രണ്ടുദ്ദേശങ്ങളെ എത്ര

ത്തോളം നിർവ്വഹിക്കുന്നു എന്നും പോരായ്മയുണ്ടെങ്കിൽ എങ്ങനെ പരിഹരിക്കാമെന്നും അല്പമൊന്നു ആലോചിക്കാം.

അഭ്യസനത്തേക്കാൾ അടക്കിയൊതുക്കി ഇരുത്തലിനെ അഭിവാഞ്ഛിക്കുന്ന വിദ്യാർത്ഥികളോടും ദാരിദ്ര്യകോമരങ്ങളായി അസമഗ്രസന്നദ്ധരായ ഗുരുക്കന്മാരോടുംകൂടിയ പ്രാഥമികപാഠശാലകൾ സുലഭവും ലാഭപ്രദവുമെന്നതിനു സംശയമില്ല. നാലുക്ലാസുകളേപ്പെടുത്തി ഇന്നത്തെ പദ്ധതി അനുസരിച്ചു പഠിപ്പിക്കുന്നതായാൽ സാക്ഷരതാപമോ, വിദ്യാഭ്യാസബീജാവാപമോ സാധിക്കുമോ? നാലുക്ലാസുകഴിഞ്ഞാൽ രണ്ടുവിധ ഗതികൾ വിദ്യാർത്ഥികൾക്കു നൽകുന്നുണ്ട്. അവ രണ്ടും നാട്ടിൻപുറങ്ങളിലുള്ള കുട്ടികൾക്കു സുസാദ്ധ്യവുമല്ല. ഒരുകാലത്തു ഉയന്ന പ്രാഥമികമെന്നു പേരിട്ടിരുന്നതും അന്നു ഇന്നത്തേക്കാൾ ശിക്ഷണം അല്പം നല്ലപോലെ നടന്നിരുന്നതുമായ ഇന്നത്തെ നാട്ടുഭാഷാപാഠശാലകൾ അവയിൽ ഒന്നും, ഇംഗ്ലീഷുപാഠശാലകൾ മറെറാന്നുമാണ്. നാട്ടുഭാഷാപാഠശാലകളിൽ പഠിക്കുന്നതു ഉപയോഗശൂന്യമെന്നും അല്പമായ ധനവ്യയഹേതുകമെന്നും കരുതി അതിനെ ഉപേക്ഷിക്കുന്നവർ ധാരാളമുണ്ട്. ഇംഗ്ലീഷുപഠിച്ചാലും അതിനുള്ള പരമമായ ഫലം (ഉദ്യോഗലബ്ധി) ഇക്കാലത്തു സാദ്ധ്യമല്ലാതായിത്തീർന്നിട്ടുണ്ട്. അതിനാൽ ആ വഴിക്കും ശ്രമിക്കുന്നവർ കുറഞ്ഞിട്ടുണ്ട്. ഇവ രണ്ടുംകൊണ്ടും പരിപുഷ്ടമാകാത്ത പ്രാഥമികവിദ്യാഭ്യാസം സാക്ഷരതാപമുളവാക്കുന്നില്ലെന്നുതന്നെയല്ല കുട്ടികളിൽ അല്പം ചില സ്വഭാവവൈകല്യങ്ങൾ ഉളവാക്കുന്നുമുണ്ട്.

ഇന്നത്തെ വിദ്യാഭ്യാസസമ്പ്രദായംതന്നെ അത്യന്തം ശോച്യാവസ്ഥയിൽ നിലകൊള്ളുന്നു. ഇന്നത്തെ പാഠശാലകളുടേയും കാളേജുകളുടേയും സന്തതികളായ നമ്മിൽ പലരും പ്രായോഗികമണ്ഡലത്തിൽ അസമർത്ഥരും സാമൂഹ്യസ്ഥിതികളോടു സിദ്ധമായ ജ്ഞാനത്തെ സംയോജിപ്പിക്കത്തക്ക പരിശീലനം ലഭിച്ചിട്ടില്ലാത്തവരുമാണ്. ഈ വിധ അയോഗ്യതയുടെ എണ്ണം കാലംതോറും വദ്ധിക്കയും ചെയ്യും.

ബോധാത്മകമായ വിദ്യാഭ്യാസത്തെ അനവധി വിഷയങ്ങളാക്കി വിഭജിച്ചിരിക്കുന്നു. അവയുടെ ബാഹ്യസ്വരൂപംമാത്രം അധ്യയനം ചെയ്യാനേ സംഗതിവരുന്നുള്ളു. വിജ്ഞാനചക്രവാളത്തിന്റെ പരിധി വിസ്തൃതമാകുന്തോറും പാഠ്യവിഷയങ്ങൾ ക്രൂരമാംവണ്ണം വദ്ധിച്ചുവരികയും ചെയ്യുന്നു. അവ ചിലപ്പോൾ പരസ്പരവൈരുധ്യമുള്ളവയും ആകാറുണ്ട്. അത്രതന്നെയല്ല, ആധുനികകാലത്തെ മനുഷ്യാവശ്യത്തോടു അവയ്ക്കു സാമരസ്യനിലയും ഇല്ലാതിരിക്കുന്നു. അസാധാരണബുദ്ധിശക്തിയുള്ള ചി

ലർ ഇവയെല്ലാം തരണം ചെയ്യാറുണ്ടെങ്കിലും അവരിൽ ഒരുവനും ഈ ജ്ഞാനം ഔപയോഗികമായി തീരുന്നില്ല. പാഠശാലാപഠനമോ കാളേജ്ജീവിതമോ കഴിയുന്ന പല യുവാക്കന്മാരുടേയും ചൈതന്യസ്ഫുരണത്തിനു മാന്ദ്യം സംഭവിക്കുന്നതായി കാണ്മാനുണ്ട്. അധികതാമസംക്രൂടാതെ അവർ നിരാശാബാധിതരായും കലാശിക്കുന്നു. അവക്കോ അവരുടെ രക്ഷിതാക്കൾക്കൊ യാതൊരു നിയന്ത്രണവുമില്ലാത്ത പ്രസ്ഥാനത്തിന്റെ അടിമകളാണെന്ന ബോധം അവരിൽ സമുദയം ചെയ്തു എന്നും വന്നേക്കാം. ഈസ്റ്റിൻഡ്യാകമ്പനിക്കാരുടെ ഭരണകാലത്തു അല്പശമ്പളത്തിൽ ഗവൺമെൻറിന്റെ ചില്ലറ ഉദ്യോഗങ്ങൾക്കൊ, കച്ചവടആപ്പീസുകളിലെ കണക്കെഴുതുന്നതിനൊ ആവശ്യം നേരിട്ടപ്പോൾ സ്ഥാപിതമായ ഒരു വിദ്യാഭ്യാസപദ്ധതിയാണ് ഇന്നും ഈ രാജ്യത്തു നടന്നുപോരുന്നത്. നല്ല ഒരു അഭ്യസനമെന്നു തോന്നത്തക്കവണ്ണം അഭ്യസ്തരുടെ ആവശ്യം അത്ര അധികമായിരുന്നു. അപ്പോൾ ആവശ്യത്തിലധികം അഭ്യസ്തരുണ്ടായി. ആവശ്യവും അവസാനിച്ചു. അസംഖ്യംതവണ കേട്ടുപാടുകൾ നീക്കുകയും പരിഷ്കരിക്കയും ചെയ്തെങ്കിലും മൗലികമായ ഇന്നത്തെ വിദ്യാഭ്യാസജീവൻ പ്രാരംഭത്തിൽ നിർദ്ദേശിച്ചവതന്നെയാണ്. ബാലപാഠക്ലാസുമുതൽ കാളേജ്ജുക്ലാസുവരെ നമ്മുടെ വിദ്യാഭ്യാസപദ്ധതിയെ പരിശോധിച്ചാലും ഈ പരമാത്ഥത്തെ തെളിഞ്ഞുകാണാം.

ഏതുമാതൃകയിലുള്ള സ്ത്രീപുരുഷന്മാരേയാണ് ഒരു ജനസമുദായത്തിൽ രൂപീകരിക്കേണ്ടതെന്നു നമ്മുടെ പ്രാഥമികമോ സെക്കൻഡറിയോ പാഠശാലകൾ ഒരിക്കലും ചിന്തിച്ചിട്ടുതന്നെയില്ല. ആവശ്യത്തേയും അറിവിനെ സ്വീകരിക്കേണ്ട പാത്രത്തിനുള്ള ഔചിത്യത്തെയും വിഗണിച്ചുള്ള വിജ്ഞാനവിതരണം മാത്രമാണ് വിദ്യാഭ്യാസത്തിന്റെ ലക്ഷ്യമായിരിക്കുന്നതു്. അന്തഃകരണം വിശുദ്ധമെന്നും ശരീരം മലിനമെന്നും ഒരു വിശ്വാസപാരമ്പര്യം ക്രൈസ്തവപുരോഹിതന്മാരിൽ രൂഢമൂലമായിരുന്നു. അതിനെ ആസ്പദമാക്കി നമ്മുടെ പാഠശാലകളിൽ മനസ്സംസ്കരണംമാത്രമെ വിദ്യാഭ്യാസലക്ഷ്യമായി വച്ചിരുന്നുള്ളു. അതുതന്നെ അപൂർണ്ണരീതിയിലുമായിരുന്നു. മനശ്ശിക്ഷണം ഒരു നൂററാണ്ടോളം നടന്നുകഴിഞ്ഞപ്പോൾ ശരീരശിക്ഷണം ചെയ്യുന്നതായാൽ രോഗനിവാരണമുണ്ടാകുമെന്ന് അവർ പറഞ്ഞു. നമ്മുടെ എല്ലാത്തരം പാഠശാലകളിൽനിന്നും മനശ്ശിക്ഷണത്തിന്റെ ഒരു ഭാഗം വെട്ടിക്കുറച്ചു ശരീരരക്ഷണത്തിനും ശിക്ഷണത്തിനും ഇടം നൾകി. ഒരു നൂററാണ്ടുകാലത്തെ വിദ്യാഭ്യാസഫലമായി മനുഷ്യൻ ശരീരം മനസ്സ് എന്നു രണ്ടു വിഭാഗങ്ങളുടെ സന്താനമെന്ന ബോധം ഉണ്ടായി. ഒറ്റെത്താമസിയാതെ വിഭാഗങ്ങളേറിത്തുടങ്ങി. സ്കൂൾ പരിസരപ്രദേശ

ത്തു കൈയ്യിൻെറ ശിക്ഷണം ആവശ്യമെന്നുവന്നു. കണ്ണും ചെവിയും സു ശിക്ഷിതമാക്കാൻ ആവശ്യമെന്നുകരുതി ചില വിഷയങ്ങൾക്കൂടി അഭ്യസനപരിപാടിയിൽ ചേർത്തു. പന്തുകളികൊണ്ടു കാലിൻെറ വളർച്ചയെ ഉണ്ടാക്കാമെന്നറിഞ്ഞു; പാഠശാലക്കു വെളിയിൽ യുവസഹജമായി നടത്തിയിരുന്ന വിനോദത്തേയും പാഠശാലയിൽ അവരോധിച്ചു. സർവ്വോപരി, വിദ്യാഭ്യാസത്തിൻെറ പൂർണ്ണതയ്ക്കു മതാഭ്യസനത്തിനും ഒരു സ്ഥാനം നൽകി. ശിശുക്കളുടെ ആത്മീയവളർച്ചയ്ക്കു ഈ പഠനം അത്യാവശ്യമാണു പോലും. ശിശുവിൻെറ അന്തഃകരണത്തിനുള്ള വിവിധഭാഗങ്ങൾ നാനാവിധമാർഗ്ഗങ്ങളിൽ ശ്രദ്ധിക്കേണ്ടിയിരിക്കുന്നു. ബുദ്ധി ഒരിടത്തു്, സന്മാർഗ്ഗം മററൊരിടത്തു്, ഇന്ദ്രിയങ്ങൾ മൂന്നാമതൊരിടത്തു്, കായികം എട്ടന്നാരിനം ഇവയ്ക്കുപുറമെ. പരിഷ്കൃതരീതിയുടെ ഏതാണ്ടു സാമ്യത്തിനായി പലവിധ ശ്രമങ്ങൾ ചെയ്യുന്നുണ്ടെങ്കിലും നമ്മുടെ വിദ്യാഭ്യാസം ഇപ്പോഴും അതിൻെറ സ്ഥാപിതകാലത്തുണ്ടായിരുന്ന മൗലികതത്വത്തിൻെറ പിടിയിൽതന്നെ ഒതുങ്ങിയിരിക്കുന്നു. അന്തഃകരണത്തിനു യന്ത്രസാധർമ്മ്യത്തെ നാം വൈദേശിക വിദഗ്ദ്ധന്മാരോടു കടംവാങ്ങിയിരിക്കയാണു്. അവർ വ്യാവസായിക പരിഷ്കരണത്തിൽ വ്യാപ്പതരായിരിക്കുന്നതുകൊണ്ടു് അങ്ങനെ ഒരു ഉപമാനം ദൃശ്യമായി എന്നെയുള്ളു. നമ്മുടെ പ്രൈമറിയും സെക്കൻഡറിയും ആയ പാഠശാലകളിൽ ആ ജ്ഞാനത്തെ വളർത്തുവാൻ അച്ചടിച്ച ഗ്രന്ഥങ്ങൾമൂലം ശ്രമിക്കുന്നതു വലിയ കുഴപ്പത്തിനു സംഗതിയാണ്. കുട്ടികളുടെ അന്തഃകരണത്തിന് ഇതു് അസഹ്യമായ ഒരു ഭാരമെന്നെ പറവാനുള്ളു.

മാനസികമായും ശാരീരികമായും ശസ്ത്രക്രിയ ചെയ്യേണ്ട ഒരു പിണ്ഡമാണ് ശിശുസ്വരൂപമെന്ന ബോധം തീരെ തള്ളിക്കളഞ്ഞാൽ നമുക്ക് ഈ കുഴപ്പത്തിൽനിന്നു് ഒരു രക്ഷയ്ക്കു വഴിയുണ്ടു്. ശിശു ഒരു സജീവവസ്തുവെന്ന പ്രമാണം സ്വീകരിക്കുക. അവൻെറ ജീവശക്തിയെ പുരോഗമനം ചെയ്യിക്കുന്നതിനു പ്രകൃതിയിൽ പ്രത്യക്ഷപ്പെട്ടുകൊണ്ടിരിക്കുന്ന സംസ്യതിശക്തി പ്രേരകമായിരിക്കട്ടെ. സൃഷ്ടിപരമായ പ്രമാണങ്ങളെ ആസ്പദമാക്കിയ ഒരു പദ്ധതിയിൽക്കൂടി വിദ്യാർത്ഥികളെ നയിച്ചു് ആ ഉദ്ദേശലബ്ധിക്കു സഹായിക്കുന്ന ഒരു വിദ്യാഭ്യാസരീതി നടപ്പിൽ വരുത്തണം. ശിശുവിൻെറ പൂർണ്ണതയ്ക്കു ഭംഗംവരാത്ത ഒരു പരിസരസ്ഥിതി നിർമ്മിച്ചു പാഠശാല രൂപീകരിക്കുകയും അവൻെറ ആത്മശക്തിക്കു പോഷണംവരുത്തുകയും ചെയ്യല്ലാതെ പ്രാഥമികവിദ്യാഭ്യാസം സഫലമാകുന്നതല്ല. യുവാക്കന്മാരുടെ സൃഷ്ടിപരമായ വാസനയെ പരിപുഷ്ടമാക്കുവാൻ ഏതു മാ

ത്തുകയാണവലംബിക്കേണ്ടതെന്ന് ഒരു പൂൎവ്വപക്ഷം ഉണ്ടാകുന്നുണ്ട്. സാമരസ്യനിലയോടുള്ള ആന്തരപ്രേമമെന്നാണു ആ മാതൃകയ്ക്കു നാമകരണം ചെയ്യേണ്ടതു്. ആ ഗുണം ഇന്നത്തെ അഭ്യസ്തരിൽ അടിച്ചമൎത്തിയിരിക്കുന്നതായിട്ടോ അഥവാ ധ്വംസിച്ചിരിക്കുന്നതായിട്ടോ കാണപ്പെടുന്നു. നിഗ്രഢവും ഗൂഢവുമായ ആ തൃഷ്ണ ഇന്നു നമ്മുടെ രാജ്യത്തെ ദുരന്തദുരിതത്തിൽ തള്ളിയിരിക്കുന്നു. ഈ ദുരിതസ്ഥിതിക്കുള്ള കാരണംതന്നെ അറിവാൻ സാധിക്കാത്തവണ്ണം നാം കുഴങ്ങുന്നുമുണ്ട്.

ഇന്നു നല്കുന്ന വിദ്യാഭ്യാസത്തിൽ സൃഷ്ടിപരമായ വാസനയുടെ ഉന്നമനത്തിനു സ്ഥാനമില്ലതന്നെ. അഥവാ ഉണ്ടെന്നു തോന്നുന്നെങ്കിൽ അതു തുഛമായ ഒരു തോതിലേ നടക്കുന്നുള്ളു. അറിവുള്ളവരാക്കുവാൻ മാത്രമാണ് ഇന്നത്തെ പ്രയത്നം. അതിനാൽ വിദ്യാൎത്ഥികളിൽ ബലിഷ്ഠമായി സ്ഥിതിചെയ്യുന്ന ആ വാസനയ്ക്കു വളരുവാനോ പുറത്തേയ്ക്കു പ്രവേശിപ്പാനോ സംഗതി വരാതെ കഴിയുന്നു. ഉപദേശംകൊണ്ടും കല്പനകൊണ്ടും പ്രതിബന്ധംകൊണ്ടും തടഞ്ഞു നിറുത്തിയിരിക്കുന്ന ഈ ശക്തി ചിലപ്പോൾ സീമാവിലംഘിയായി പല അഹിതകൎമ്മങ്ങൾക്കും സംഗതി വരുത്തുന്നു. ബാഹ്യചോദനംകൊണ്ടു നിയന്ത്രിക്കുന്ന ആ വാസനാനിൎഝരി ജീവച്ഛക്തിയെ കാകോളമിളിതിമാക്കി പുറത്തുവരുത്തുമ്പോൾ നിദ്രാവിഹീനമായ എത്ര രാത്രിയാണ് പിതാക്കൾ കഴിച്ചുകൂട്ടുന്നതു്. ഇന്നത്തെ സംഹാരരൂപത്തിൽ വ്യാപരിച്ചുകൊണ്ടിരിക്കുന്ന സംരംഭങ്ങളെല്ലാം ആ ഒരു വ്യവഹാരഫലമെന്നേ പറയാനൊള്ളു.

## കഥ കാൎയ്യമായി.

(സീതാദേവി.)

അനന്യസാധാരണമായ ആകാരസൌഷ്ഠവംകൊണ്ടാകൃഷ്ടനല്ല ശിശിരനെങ്കിലും അംഗസൌഷ്ഠവം അശേഷവും കുറവുള്ളവനായിരുന്നില്ല. പ്രഭുകുടുംബത്തിലോ കൂലിവേലക്കാരുടെ ഇടയിലോ ജനിച്ചുവളരുവാൻ സംഗതി വന്നിട്ടില്ലാത്ത ഈ ആൾ ഇടനിലക്കാൎക്കു യോജിച്ചവണ്ണം വിദ്യാഭ്യാസം ചെയ്തിട്ടുണ്ട്. മട്രിക്കുലേഷൻ പരീക്ഷയിൽ ജയിച്ചിട്ടുള്ള ഈ യുവാ

വ്് കാളേജുവിദ്യാഭ്യാസത്തിനു ചേരാതിരുന്നില്ല. പക്ഷെ അധികതാമസം കൂടാതെ ആ വിദ്യാഭ്യാസത്തിൽ പലക്കുമുണ്ടാകാറുള്ള നിരാശ, ശിശിരനേയും ബാധിച്ചു. ഈ വിദ്യാഭ്യാസത്തിനു വേണ്ടിവരുന്ന വമ്പിച്ച ചിലവും വിപണികളിൽ ഇതിനുള്ള വിലയിടിവും സാമാന്യമെല്ലാവരേയും നിരാശരാക്കീട്ടുണ്ട്. എങ്കിലും ശിശിരൻ അല്പകാലം ഈ ഗതിയെ തുടന്നു. ശിശിരൻെറ പിതാവ് ചിരസ്ഥായിയായ ഒരു രോഗത്തിന് അധീനനായി. ഇനിയും നിരന്തരമായി വേലചെയ്തു കുടുംബസംരക്ഷണവും വിദ്യാഭ്യാസച്ചിലവും ചെയ്യിക്കുന്നതു നിഷ്ഠുരണമെന്നു ശിശിരനുതോന്നി. അതിനാൽ ശിശിരനും കനിഷ്ഠസഹോദരനായ മിഹിരനും സ്വപ്രയത്നംകൊണ്ടു് അല്പം വല്ലതുമാൎജ്ജിച്ചു കുടുംബസംരക്ഷചെയ്യാനുറച്ചു.

അഭിമാനിക്കുവാൻ തക്ക മഹിമയില്ലെങ്കിലും ശിശിരന് ഒരു ചെറിയ ജോലികിട്ടി. സ്വപിതാവു മുമ്പു ജോലിചെയ്തിരുന്ന ആപ്പീസിൽ ഒരു ക്ലാക്കായിട്ടാണ് ആദ്യം നിയമിതനായതു്. മിഹിരൻെറ ആദൎശമനുസരിച്ച് ഇത്തരം ജോലി അധഃപതനലക്ഷണമാണെന്നു തോന്നിയിരുന്നതുകൊണ്ടു് അയാൾ ഈ വഴിക്കു തിരിഞ്ഞില്ല. അയാൾ ഒരു സിനിമാസംഘത്തിൽ പോയിച്ചേൎന്നു. അവിടെനിന്നും പണമൊന്നും കിട്ടാൻ മാൎഗ്ഗമില്ലായിരുന്നു. എങ്കിലും കലാസ്വാദനം സാദ്ധ്യമായിരുന്നു.

ജീവിതാവധി ഒരു ക്ലാക്കായിത്തന്നെ കഴിക്കാമെന്നു ശിശിരൻ ആശിച്ചിരുന്നില്ല. ആത്മാഭിമാനത്തേയും പൌരുഷത്തേയും അയാൾ കാത്തുപോന്നു. ധൂമപാനത്തിൽ ഉത്സുകനെങ്കിലും വിലകുറഞ്ഞ ബീഡികൊണ്ടു് ആവശ്യം നിൎവ്വഹിച്ചുകളയാമെന്നു കരുതിയിരുന്നില്ല. സഹപ്രവൎത്തകന്മാർ അനുമോദിച്ചിരുന്ന വൃത്തികെട്ട ചായക്കടയിൽ ഇയ്യാൾ പതിവുകാരനായില്ല. മററുള്ള ക്ലാക്കന്മാരെ അപേക്ഷിച്ചു നല്ലപോലെയും വൃത്തിയായും വസ്ത്രധാരണം ചെയ്തിരുന്നു. ഗ്രീസറിൻ പേപ്പറിൽ പൊതിഞ്ഞ സാൻഡ്വിച്ചും്സും തമ്മാഫ്ളാസ്കിൽ ടീയും കൊണ്ടുപോയിരുന്നു. മൂന്നാംക്ലാസ്സ് ഭക്ഷണംകൊണ്ടു ദീപനം നശിപ്പിക്കാൻ ശിശിരൻ കുതുകിയല്ലായിരുന്നു. ഒരിക്കലും അയാൾ വെററില മുറുക്കാറില്ല.

സാഹിത്യത്തോടുള്ള പ്രിയം അയാളെ സദാ പ്രവൎത്തിപ്പിച്ചുകൊണ്ടിരുന്നു. പലതുമെഴുതുന്നതിനും അയാൾ താല്പര്യം കാണിച്ചു. ശിശിരനും സഹോദരനും ബ്രഹ്മചാരികളായിരുന്നതുകൊണ്ടു് ഒരേമുറിയിൽത്തന്നെ കഴിഞ്ഞുകൂടിയിരുന്നു. പക്ഷെ മിഹിരൻ പ്രായേണ അവിടെ കഴിഞ്ഞു കൂടാറില്ല. ഇയ്യാളുടെ ഈ കൃത്യം ആരുംതന്നെ അത്ര ധരിച്ചിരു

ന്നില്ല. ആ വീട്ടിൽ ആകെ ഒരു സ്ത്രീയുള്ളതു ഇവരുടെ അമ്മയാണ്. ആ സ്ത്രീയും രോഗാതുരയായി. മക്കളുടെ മുറിയിലേയ്ക്കുള്ള കോവണിപ്പടി കയറുന്നതു് അമ്മയ്ക്കു സാധ്യമല്ലാതിരുന്നതുകൊണ്ടു് ആ ഒരു സംശയവും മിഹിരന് ഉണ്ടായിരുന്നില്ല. ഇവൎക്ക് ഒരു സഹോദരിയുണ്ടായിരുന്നതു വിവാഹിതയായി ഭർത്തൃഗൃഹത്തിലേയ്ക്കു പോയിരിക്കുന്നു.

ഇന്നു ലോകത്തിൽ കാണുന്ന കുസൃതികളുടെ കാരണമന്വേഷിച്ചാൽ അതു് ഒരു സ്ത്രീരൂപമായിക്കാണാവുന്നതാണ്. ശിശിരനെ സ്വസംരക്ഷിതമായ ഒരു രഹസ്യത്തിൽ നിന്നു പുറത്തുവലിച്ചിട്ടതു് ഒരു സ്ത്രീ തന്നെയാണ്. പക്ഷെ അവൾ മഹതിയല്ലെങ്കിലും ഒരു പെണ്ണുതന്നെയാണ്. പൂരവി എന്ന പേർകൊണ്ടറിയപ്പെടുന്ന അവൾ ആ വീട്ടിലെ പരിചാരികയാണ്. ഈട്ടികൊണ്ടു കടഞ്ഞെടുത്ത ഒരു സ്ഥൂണത്തിൻെറ ആകൃതി സങ്കല്പിച്ചാൽ പൂരവിയുടെ ഛായ മനസ്സിൽ പതിയും.

ശിശിരൻ ഒരു നല്ല കവിതയെഴുതിവച്ചിരുന്നു. കഴിഞ്ഞരാത്രി മുഴുവൻ അതിനുവേണ്ടി അയാൾ ചിലവഴിച്ചു. മേശപ്പുറത്തുവച്ചിരുന്ന ആ കടലാസിൽ ഒരു ഭാരം വയ്ക്കുന്നതിനുപോലും ഉറക്കച്ചടവു് അയാളെ അനുവദിച്ചില്ല. പ്രഭാതത്തിൽ മുഖക്ഷാളനത്തിനു ശിശിരൻ താഴെ ഇറങ്ങിയ അവസരംനോക്കി പൂരവി തൂത്തുതളിക്കുവാൻ അങ്ങോട്ടുചെന്നു. ആ മുറിമുഴുവൻ വൃത്തിയാക്കി മാർജ്ജനംചെയ്തു് ഒരു മൂലയിൽ ചവറെല്ലാം കൂട്ടി. അതു വാരിക്കൊണ്ടുപോരുവാൻ ഒരു കടലാസന്വേഷിച്ചു. ചെറുപ്പക്കാർ വളരെ വൃത്തിഹീനമായിട്ടാണു പെരുമാറുന്നതെന്നു് അവൾ ആത്മഗതം ചെയ്തു. തലേദിവസം വൈകുന്നേരം അവൾ ആ മുറി വൃത്തിയാക്കിയതാണ്. ഒരു രാത്രികൊണ്ടു് എത്രചവറാണ് അവിടെയിട്ടിരിക്കുന്നതു്?

മേശയുടെ കീഴിൽ ഒരു വലിയകടലാസ് കിടക്കുന്നതു് അവൾ കണ്ടു. അതിൽ വെട്ടും തിരുത്തും ഒട്ടനവധി കാണാനുള്ളതുകൊണ്ടു് വലിയ വിലയുള്ളതല്ലെന്നു് അവളുറച്ചു. അതു വല്ല പഴയ എഴുത്തായിരിക്കാമെന്നു നിശ്ചയിച്ചു് ചവറുമുഴുവനും അതിൽ വാരിയെടുത്തു് ചുരുട്ടിക്കൂട്ടി ചവററുകൊട്ടയിലെറിഞ്ഞു. വീട്ടുകാരി കടയിൽപോകുന്നതിനു പണവും കൊടുത്തു് പൂരവിയെ അയയ്ക്കുകയും ചെയ്തു.

ശിശിരൻ കുളിമുറിയിൽനിന്നു തിരിച്ചുവന്നു ചായ ഉണ്ടാക്കിക്കുടിച്ചു. മററാരുവൻ ചായ ഉണ്ടാക്കുന്നതു് അയാൾക്കു് ഇഷ്ടമല്ല. അത്രതന്നെയല്ല അയാൾക്കു ചായ ഉണ്ടാക്കുവാൻ അവിടെ ആരുണ്ടു്? വാലിയക്കാരിയേയോ, പാചകശാലക്കാരിയേയോ കാണുന്നമാത്രയിൽത്തന്നെ ശിശിര

ന്ന അരോചകം ബാധിക്കും. അവരുടെ ആകൃതി അത്ര ബീഭത്സമാണ്. അമ്മയാണെങ്കിൽ വൃദ്ധയും രോഗാതുരയുമാണ്. അവക്ക് ഒന്നുംതന്നെചെയ്യാനരുത്. മക്കൾ ആഹാരത്തിനിരിക്കുമ്പോൾ ഊണിൻെറ വട്ടം എന്തെല്ലാമെന്നു പരിശോധിക്കുവനായി അവരുടെമുമ്പിൽ വന്നുകൂടും. ചിലപ്പോഴെല്ലാം മക്കളുടെ വിവാഹത്തെക്കുറിച്ചു് അവരോടു പറയാറുണ്ടു്. പക്ഷെ ആ കഥ അവർ തന്നെ നിരസിക്കയാണു പതിവ്. ഒരു കച്ചവടക്കാരൻെറ ആപ്പീസിൽ ക്ലാക്കായിക്കഴിഞ്ഞുകൂടുന്ന ശിശിരന് അവൻെറ മനസ്സിൽ പ്രതിഷ്ഠിച്ചിരിക്കുന്ന മാതൃകയിൽ ഒരു പെണ്ണിനെക്കിട്ടുന്നകാര്യം അസാദ്ധ്യമെന്നുവേണം പറയാൻ. മിഹിരൻെറ മനസ്സിൽ ഇടതിങ്ങിക്കൂടിയിരിക്കുന്ന വിചാരസമൂഹം നിമിത്തം ഒരു ഭാര്യയ്ക്കുള്ള സ്ഥലം അവശേഷിച്ചിട്ടില്ല.

"വീട്ടുകാര്യം ഇനി അധികംനാൾ നോക്കാൻ എനിക്കു സാധിക്കയില്ല. എൻെറ എല്ലു മുത്തുപോയി" എന്നു് അമ്മ അല്പംകോപത്തോടെ പറയാറുണ്ടു്.

ശിശിരൻ:— അമ്മേ നിങ്ങളെന്തിനാണു ശുണ്ഠികടിക്കുന്നതു്. ഞങ്ങളുടെ ശുശ്രൂഷകൾ നിങ്ങളെ അധികം ബുദ്ധിമുട്ടിക്കുന്നുണ്ടോ? ഞാൻ പകൽ മുഴുവനും ആഫീസിലാണു്. മിഹിരൻ രാത്രിമുഴുവനും പതിവായി പുറത്തു പോവുകയാണു് പതിവ്. പിന്നെ എന്തിനാ കലശൽ കൂട്ടുന്നതു്. ഇത്രയുംതന്നെ വലിയ വിഷമമെന്നു തോന്നുന്നെങ്കിൽ ഒരു വാലിയക്കാരിയേക്കൂടി ഏർപ്പെടുത്തു.

അമ്മ:— നല്ലകാര്യമായി. ഒരു വാലിയക്കാരിയെക്കൊണ്ടു എല്ലാക്കാര്യവും സാധിക്കുമോ? അവളുടെ ചിലവിനും അന്വേഷിക്കേണ്ടിവരികയില്ലേ?

ശിശിരൻ:— ഒരു ഭാര്യവന്നാലും പണച്ചിലവു കൂടാതെ കഴിയുമൊ? അമ്മയ്ക്കു ഒരു സ്നുഷയെ കുടിവയ്ക്കാൻ വലിയ മോഹമുണ്ടെന്നു തോന്നുന്നു. അവൾക്കും തിന്നാനും കുടിക്കാനും എങ്കിലും കൊടുക്കേണ്ടതല്ലേ. അപ്പോഴും പണച്ചിലവുതന്നെ.

അമ്മ:— കളിപറയാതെ. ഇപ്പോഴുള്ള പിള്ളകളൊക്കെ തലകീഴമറിഞ്ഞപോലെ തോന്നുന്നു. വധു അവളുടെ ഗൃഹത്തിൽനിന്നും വെറും കൈയായിട്ടാണോ ഇങ്ങോട്ടു വരുന്നതു്. നിനക്കു ഉദ്യോഗത്തിൽ ഒരു കൂട്ടതലും കിട്ടുകയില്ലേ.

മകൻ:— "ആരുകണ്ടു? ശമ്പളക്കയറ്റം കിട്ടുകയോ അവിടെനിന്നു പുറത്തു തള്ളുകയോ എന്തെങ്കിലുമാകാം. കാലം അത്ര ചീത്തയാണു്."

ഈ നേരത്തു വാലിയക്കാരി കറിസാമാനവും കൊണ്ടെത്തി. ശിശിരൻ പെട്ടെന്നു എഴുന്നേററു നടന്നുകഴിഞ്ഞു. അവളുടെ ആകൃതി അയാൾക്കു അത്ര വെറുപ്പുണ്ടാക്കി. ഒരു സ്ത്രീയിങ്ങനെ വിരൂപയാകുന്നതു് എന്തുകൊണ്ടാണു്?

ശിശിരൻ മുകളിലുള്ള തൻെറ മുറിയിലേയ്ക്കുപോയി. അതു ശുചിയും സൌഷ്ഠവവുമുള്ളതായി കാണപ്പെട്ടു. അയാളുടെ കവിത എവിടെ? മേശപ്പുറത്തു വച്ചിരുന്നു എന്നതു നിശ്ചയംതന്നെ. മുറിയുടെ സകലദിക്കും പരിശോധിച്ചു. ഒരിടത്തും അതു കാണ്മാനില്ല. അവൻെറ ക്ഷമയൊടുങ്ങി. അവിടെനിന്നു് അലറുവാൻ തുടങ്ങി. കോവണിയുടെ ചുവട്ടിൽവന്നു് അമ്മ മേല്പോട്ടുനോക്കി ഇങ്ങനെ പറഞ്ഞു. "നീയെന്താണു് ഇങ്ങിനെ അട്ടഹസിക്കുന്നതു്. ആകാശം ഇടിഞ്ഞുവീഴുന്നുവോ?"

ശിശിരൻ:— "വാലിയക്കാരിയോടു് ഈ മുറിയിൽ കയററുതെന്നു പറയൂ. എൻെറ കടലാസ്സെല്ലാം അവൾ കളഞ്ഞു."

വൃദ്ധ ഇതു കേട്ടുടനെ പരിഭ്രമിച്ചു. പൂരവി ഒരു വാലിയക്കാരിയാണെങ്കിലും വീട്ടുകാര്യം മുഴുവൻ നിർവ്വഹിക്കുന്നതു അവളുടെ സാമർത്ഥ്യം കൊണ്ടാണു്. അതിലും പുറമേ അവൾക്കു് നല്ല ശരീരബലവുമുണ്ടു്. പത്താളുടെ പണി അവൾ ഒററക്കു നടത്തും. മററുള്ള വേലക്കാരൊന്നും മേലനങ്ങാത്തവരാണു്. അവരുടെ വേലയും ഇവളാണു് കഴിച്ചുകൂട്ടുന്നതു്.

പൂരവി കേൾക്കാത്തവിധത്തിൽ സ്വരംതന്നെ താഴ്ത്തി അമ്മ ഇങ്ങനെ ചോദിച്ചു. "എന്തു സാധനമാണു കളഞ്ഞതു്."

ശിശിരൻ:— "വളരെക്കാര്യമുള്ള ഒരു കടലാസു മേശപ്പുറത്തു വച്ചിരുന്നതു കാണാനില്ല."

വൃദ്ധയായ മാതാവു വലിഞ്ഞിഴഞ്ഞു അടുക്കളവാതുക്കൽ ചെന്നു പൂരവിയോടു് ഇങ്ങനെ ചോദ്യം ചെയ്തു. "മുകളിലെ മുറി തൂത്തുവാരിയപ്പോൾ അവിടെനിന്നു വല്ല കടലാസ്സുകഷണവും നീ കളഞ്ഞോ?"

പൂരവി കറിയ്ക്കുനുറുക്കുകയായിരുന്നു. അതു അവിടെവച്ചു് ഇങ്ങനെ ഉറച്ചുപറഞ്ഞു. "ഞാനെന്തിനാ കടലാസ്സു് കളയുന്നതു്? ചവറുതൂത്തു വാരാനല്ലെ ഞാൻ അവിടെ പോയതു്. അതുമാത്രം കളഞ്ഞു.

ശിശിരൻെറ ക്ഷമയാസകലം നശിച്ചു. "കടലാസ്സു് പിന്നെ നടന്നുകളഞ്ഞോ. ആരെങ്കിലും അതു കളഞ്ഞതായിരിക്കണം. എനിയ്ക്കതു തിരിയെ കിട്ടണം."

അമ്മ ഇതുകേട്ട പരിഭ്രമിച്ചു നിലയായി. വാലിയക്കാരി കോപഭാവത്തോടെ കറിസ്സാമാനവും കത്തിയും നീക്കിവച്ചു പെട്ടെന്ന് എഴുന്നേററു. "നീ എവിടേയ്ക്കാണ യാത്ര. കറിയ്ക്ക വേഗം നറുക്കിത്തരു. അതു പാകംചെയ്യാൻ വയ്യ." എന്നു കുഡുംബനായിക പറഞ്ഞു.

പൂരവി:— "എനിക്ക കൈ രണ്ടെ ഉള്ളല്ലോ. കളഞ്ഞുപോയ കടലാസന്വേഷിക്കാനും കറിയ്ക്കനറുക്കുവാനും ഒരേസമയത്തെങ്ങനെ സാധിക്കും. വല്ലാത്ത തലയിലെഴുത്ത്." ഇത്രയുംപറഞ്ഞു് അവൾ പുറത്തേയ്ക്കപോയി.

അമ്മയാണ് ഇവൾക്ക് ഇത്ര വളംകൊടുത്തതു്. അവൾ പറഞ്ഞതു കേട്ടില്ലെ? അവൾ യജമാനത്തിയും മററുള്ളവർ വാലിയക്കാരുമെന്നു തോന്നിപ്പോകും. വേറെ ഒരുത്തിയെ വാലിയക്കാരി ആക്കുവാൻ അമ്മ യ്ക്കരുതേ. ഇതെല്ലാം കണ്ടിട്ട ശിശിരനു കോപവും വെറുപ്പുമുണ്ടായെങ്കിലും ഒരക്ഷരവും പറയാതെ അയാളുടെ മുറിയലേക്കുപോയി.

ഏകദേശം പത്തുമിനിട്ട കഴിഞ്ഞപ്പോൾ പൂരവി തിരിച്ചുവന്നു. അവളുടെ കൈയ്യിൽ ചുരുട്ടിമടക്കിയ ഒരു കടലാസുമുണ്ട്. "കൊച്ചങ്ങന്നൊ നോക്കു, ഇതല്ലെ ആ കടലാസ്."

ശിശിരൻ കോവണിയുടെ മുകളിൽവന്നുനിന്നു. കടലാസു തൻേറതുതന്നെയെന്നു ആകൃതിസാമ്യംകൊണ്ടു അയാൾക്കു തോന്നി. "അതെന്റെന്നു തോന്നുന്നു. ഇങ്ങോട്ടു കൊണ്ടുവരു." പൂരവി കോവണി പകുതി കയറി ഒരു പടിയിന്മേൽ കടലാസുവച്ചു ക്ഷണം കീഴോട്ടിറങ്ങി.

അമ്മ:— "നീ എവിടയ്ക്കാണു യാത്ര. ഇന്നു കുട്ടികൾ ആഹാരംകഴിക്കാതെ വെറുതെ പോകേണ്ടിവരുമെന്നാണു തോന്നുന്നതു്."

പൂരവി പിൻതിരിഞ്ഞു ഇങ്ങനെ പറഞ്ഞു. എന്തു ചെയ്യാം. അടുക്കളയിൽ കയറുംമുൻപെ ഒന്നു കുളിക്കേണ്ടിവന്നു. അയൽപക്കക്കാരുടെ എച്ചിലുമുഴുവൻ വാരിയെടുത്തു തിരയേണ്ടിവന്നു.

വൃദ്ധ അല്പം ഗ്ലാനതയോടെ "എന്തു കാര്യംനേടാനാണ്."

പൂരവി:— "തുത്തുവാരിയ ചവറു് എടുത്തുകൊണ്ടുപോരാൻ. അമ്മയുടെ മകൻേറ മുറിയിൽനിന്നു് ഒരു കടലാസു ഞാനെടുത്തുപോയി. മകൻ യുദ്ധത്തിനു ഒരുങ്ങിയതു കണ്ടില്ലെ. അതുകൊണ്ടു വെളിയിൽ

വച്ചിരിക്കുന്ന എച്ചിൽപെട്ടി മുഴുവൻ വാരേണ്ടിവന്നു. ദൈവാനുഗ്രഹംകൊണ്ടു് അതു കിട്ടി. തിരിച്ചുകൊണ്ടുവന്നു കൊടുക്കുകയും ചെയ്തു."

അമ്മ:— "ദൈവം രക്ഷിക്കട്ടെ." മകനെ അതു് പുറത്തു കളയു. ആ കഴുത അതു തെരുവിൽ വച്ചിരിക്കുന്ന എച്ചിൽപെട്ടിയിൽ നിന്നെടുത്തതാണു്. എന്തു മഹാപാപം. അവരം ഒരു കഴുതയാണു്. അതു പുറത്തുകളഞ്ഞു ഒന്നുകൂടി കുളിക്കു."

"മിണ്ടാതിരിക്കു" എന്നു ശിശിരൻ പറഞ്ഞു. അയാരം ആ കടലാസു സശ്രദ്ധം വായിക്കുകയായിരുന്നു. ആകാശഗാമിയായ ചന്ദ്രൻ നിഷ്പ്രയാസം കൈയിൽ വന്നു എന്നാണയാരംക്കു തോന്നിയതു്. അതിൽ അയാളുടെ കവിത ഉണ്ടായിരുന്നില്ല. പക്ഷെ അതു് ഒരു അമൂല്യനിധിയായിരുന്നു. ചുരുട്ടിമടക്കിയ ഒരു എഴുത്താണതു്. എങ്കിലും അതിലെ സംഗതികരം വ്യക്തമായി വായിക്കാം. അതു ഒരു ഹൃദയാവേശത്തിന്റെ പേശലമായ വിശദീകരണമാണു്. എന്തു സംഗതിവശാലോ അതു് നിരാകൃതമായി വല്ല പ്രമാദത്താലും എറിഞ്ഞതുമാകാം. എല്ലാ വീട്ടിലും ചില കഴുതകരം വാലിയക്കാരായുണ്ടാകാം. ഒരു പെൺകിടാവു് അവളുടെ ഒരു സുഹൃത്തിനയച്ച എഴുത്താണിതു്. അതിങ്ങനെയാണു്:—

## പ്രിയപ്പെട്ട ലീന,

ഞാൻ നിങ്ങരംക്കു് ഒരു എഴുത്തയിച്ചിട്ടു ഏറെനാളായി. കൃത്യബഹുലതയാൽ അങ്ങനെ വന്നതാണെന്നു് ഒരു കളവുപറവാൻ ഞാനൊരുങ്ങുന്നില്ല. എനിക്കു കൃത്യബാഹുല്യമൊന്നുമില്ല. പക്ഷെ് എന്റെ ഹൃദയം വേണ്ടതിലധികം ഭാരംവഹിക്കുന്നു. ലൗകികവിജ്ഞാനികരം നിരുപയോഗമെന്നു സിദ്ധാന്തിക്കുന്ന ചിലവുകൊണ്ടു് അതു നിറഞ്ഞിരിക്കുന്നു. അവിദിതമായ ഒരു സുഹൃത്തിനെ അഹർന്നിശം ഞാൻ ചിന്തിച്ചുകൊണ്ടിരിക്കുന്നു. ഞാൻ അദ്ദേഹത്തെ കണ്ടിട്ടില്ലെന്നു പറയുവാൻ ശക്തയല്ല. അദ്ദേഹവും ഞാനും ഒരേ തെരുവിൽ താമസിക്കുന്നവരാകകൊണ്ടു് പോകുന്നതും വരുന്നതും ഞാൻ കണ്ടിട്ടുണ്ടു്. അദ്ദേഹത്തെ ഒന്നു കാണുവാൻ എന്റെ കണ്ണു് സദാ തൃഷ്ണാവിവശമാണു്. ജാലമാർഗ്ഗേണ ദർശനോത്സുകയായ ഞാൻ പകൽ മുഴുവൻ അവിടത്തന്നെ നിൽക്കും. പക്ഷെ അദ്ദേഹം ഒരിക്കൽപോലും ഇങ്ങോട്ടു് ഒന്നു നോക്കുന്നതായി ഞാൻ കണ്ടിട്ടില്ല. അദ്ദേഹം ഒരു കവിയാണു്. ഈ ലോകവും അതിലേ ജന്തുക്കളും അ

ദ്ദേഹത്തിൻെറ വീക്ഷണത്തിനു വിഷയമല്ലായിരിക്കാം. അദ്ദേഹത്തിൻെറ ഹൃദയം കാവ്യദേവതകളുടെ അധിവാസസ്ഥാനമായിരിക്കാം.

അദ്ദേഹത്തിൻെറ രൂപലാവണ്യമോ ഉത്തേജകമായ കാവ്യമോ എന്നെ വശീകരിച്ചതു് എന്നു തീൎത്തുപറവാൻ ഞാൻ ശക്തയല്ല. പക്ഷെ അതു് അങ്ങനെയായിരിക്കട്ടെ. ആ കണ്ഠം, എന്തിനു്, ആപാദമസ്തകം അനുരാഗസലിലത്തിൽ ഞാൻ മുഴുകിയിരിക്കുന്നു.

കാർമേഘങ്ങൾ എൻെറ തലക്കുമുകളിൽ എത്തിയിരിക്കുന്നു. വിദൂരമായ ഘനനിർഘോഷത്തിൻെറ മുഴക്കം എൻെറ ശ്രവണപുടങ്ങളിൽ എത്തുന്നു. എൻെറ ഹൃദയംകൊണ്ടു ത്രസിക്കുന്നു. ഇങ്ങനെയാണെങ്കിലും എൻെറ സ്ത്രീത്വത്തോടു ഞാൻ അചഞ്ചലമായി വത്തിക്കും. ഗുരുജനങ്ങളെ അനുസരിക്കുന്നതിനാണു് ഹൈന്ദവവനിതകൾ ശിക്ഷിക്കപ്പെടുന്നതു്. പക്ഷെ അതു് ഇങ്ങനെയുള്ള ടത്തല്ല. അവർ എന്നെ കുബേരപീഠത്തിൽ യജിക്കാനുള്ള ഒരു അജമായിക്കരുതുന്നു. അതിനെക്കുറിച്ചുള്ള ചിന്ത എൻെറ ശരീരത്തേ വെറുപ്പുമൂലം വിറപ്പിക്കുന്നു. എന്താണു ചെയ്യേണ്ടതെന്നു നിങ്ങൾക്കു പറവാൻ കഴിയുമോ? പൗരാണികകന്യകകളെ എനിക്കനുഗമിക്കാമോ? ഒരു സ്ത്രീയുടെ പ്രേമബന്ധം പൗരാണികകാലത്തുള്ള അതിൻെറ വിലയോടു് ഇക്കാലത്തു തുലനംചെയ്യാൻ സാധ്യവല്ല.

എന്നു്,

നിങ്ങളുടെ ഹൃദയവിദാരിത, റീനി.

•

ശിശിരൻ സ്തബ്ധനെന്നപോലെ ഇരുന്നു. ഏതു ഗന്ധൎവ്വനഗരത്തിൽ നിന്നാണു് ഈവിധ വിഭ്രമകാരിയായ സന്ദേശം ഇവനു ലഭിച്ചതു്. ഇതു് സ്വപ്നമാണോ? ഇതിൽ വല്ല വാസ്തവവുമുണ്ടോ? ആരാണീറീനി. ദമയന്തിയെപ്പോലെ ദൂതനെ അയച്ച ഈ റീനി ഏതായിരിക്കും? അവളുടെ ആകൃതി എങ്ങനേ? അവളുടെ വാസമെവിടേ? ശിശിരൻ ഇരിക്കുന്ന ആ ചെറിയ വീടുതന്നെ തിരോഭവിച്ചു. അയാൾ ഇപ്പോൾ ഏതോ ഒരു വശ്യശക്തിയുള്ള സൌധത്തിൽ ഇരിക്കുന്നു. രാജകുമാരനോ, കുമാരിയോ നതശിരസ്കരായി ശിശിരനെ ആരാധിക്കും. സങ്കല്പശക്തികൊണ്ടാണല്ലോ പ്രപഞ്ചംതന്നെ സ്ഥിതിചെയ്യുന്നതു്. പിന്നെ ശിശിരനിൽവന്ന മാററം അത്ഭുതകരമല്ല.

അമ്മയുടേയും പാചകിയുടേയും ഒന്നിച്ചുള്ള വിളി ശിശിരനെ ദിവാസ്വപ്നത്തിൽനിന്നുണർത്തി. "ശിശിരാ! ഇന്നെന്താ ആപ്പീസിലേയ്ക്കു പോകുന്നില്ലേ," എന്നമ്മയും "ആഹാരസാധനങ്ങളെല്ലാം തണുത്തു. ഇനി അതു ചൂടാക്കുവാൻ വിഷമമാണേ" എന്നു പാചകിയും പറഞ്ഞു.

ശിശിരൻ ദീർഘമായൊന്നു നിശ്വസിച്ചു. എഴുത്ത് മേശയിൽ ഭദ്രമായി സൂക്ഷിച്ചു. കുളിക്കാൻ യാത്രയുമായി. ദിവസവും ശിശിരന്റെ കുളി വളരെ വിസ്തരിച്ചാണ്. ചുരുങ്ങിയതു് അരമണിക്കൂറെങ്കിലും അതിനായി ചിലവഴിക്കും. ഇന്നു അഞ്ചുമിനിട്ടുകൊണ്ടു കുളികഴിഞ്ഞു. ആഹാരത്തിനായി ചെന്നിരുന്നു. എന്തോ മന്ദനാരാജ്യമുള്ളതുപോലെ തോന്നും. അല്പമായി ചിലതെല്ലാം കഴിച്ചു. ആപ്പീസിലേയ്ക്കു പോകയും ചെയ്തു.

ഹാ! കഷ്ടം! ഏതുവീടാണ് അവൻനോക്കിക്കാണേണ്ടതു്. ഇരുവശങ്ങളിലായി അനവധി വീടുകളുണ്ട്. ഏതുജാലകത്തിൽ കൂടിയാണ് നീണ്ട് ഇരുണ്ട കണ്ണുകൾ അവനെ സാകൂതം കടാക്ഷിച്ചിരുന്നതു്. അവൾ സൂചിപ്പിച്ച കവി അയാൾ തന്നെയെന്നുറച്ചു. സാധാരണ ഒരുവന് ആശിക്കാവുന്ന സംഗതി ശിശിരൻ പൂർണ്ണമായി വിശ്വസിക്കുന്നു. അവൻ കടന്നുപോകേണ്ട എല്ലാവീടുകളുടേയും ജനൽ സൂക്ഷിക്കുന്നതു് മര്യാദാവിഹീനമെന്ന് അവന് അറിയാം. അങ്ങിനെ ചെയ്താൽ ഭ്രാന്തനെന്നു മററുള്ളവർ പറഞ്ഞേയ്ക്കും. ഒന്നുരണ്ടുപ്രാവശ്യം അല്പമബദ്ധം പററിയില്ലേ എന്ന് അവൻ സംശയിക്കാതെന്ന ചെയ്തു. നേരവും അതിക്രമിച്ചു. വൈകിച്ചെല്ലുന്നതു് ആപ്പീസിലെ നിബന്ധനയ്ക്കു വിരോധവുമാണ്. തെരുവിന്റെ മൂലയിൽവന്നു ട്രാം വരുന്നതും പ്രതീക്ഷിച്ചവിടെനിന്നു.

ആപ്പീസിൽ ചെന്നിട്ടും ഈ ചിന്ത തലയിൽ നിന്നിറക്കുവാൻ അവനു സാധിച്ചില്ല. ആ യുവതി എന്റെ വീടിനു സമീപംതന്നെയാണു പാക്കുന്നതു്. അല്ലെങ്കിൽ രണ്ടു വീട്ടുകാരുടേയും ചവറു് ഒരു പെട്ടിയിൽപെടുവാനവകാശമില്ല. ഈ എഴുത്ത് ലീലയുടെ വീട്ടിൽനിന്നോ റീനിയുടെ വീട്ടിൽനിന്നോ ചവറുകൊട്ടയിൽപോയതെന്നു മനോദ്ഭൂതനായ യുവാവ് എങ്ങനെ അറിയുന്നു. ഹൃദയമൊന്നായിത്തീന്നിട്ടുള്ള സുഹൃത്തിന്റെ എഴുത്ത് ചവറുകൊട്ടയിൽ തള്ളിക്കളയുന്നതു സംഭവ്യമാണോ? പക്ഷെ കീറിക്കളഞ്ഞു എന്നുവന്നേക്കാം. സ്ത്രീകളുടെ ഗതിപഥം ഊഹാഗോചരമല്ലതന്നെ. അവന്റെ വീട്ടിനടുത്താണ് ചവററുകൊട്ടയുടെ ഇരിപ്പ്. അടു

ത്തു എവിടെയാണ് അടുത്തപെട്ടിയെന്ന് അവനു നിശ്ചയമില്ല. അതു് എവിടെയെന്നു രാത്രി അന്വേഷിക്കാം. ഈ രണ്ടുപെട്ടിയുടെ മദ്ധ്യപ്രദേശത്തു് ഒരിടത്തായിരിക്കണം അവൻെറ പ്രേമവല്ലി പടൎന്നിരിക്കുന്നതു്. അവനെങ്ങനെ അന്വേഷണം നടത്തും? വേറെ ഒരു ചവററുപെട്ടി വലത്തുവശത്തും ഇടത്തുവശത്തുള്ളതുപോലേ ഉണ്ടാകാമല്ലൊ. അപ്പോൾ അവൻെറ അന്വേഷണസ്ഥലം വളരെ വിസ്തൃമായി. പക്ഷെ ഈ പ്രദേശത്തു പരിചിതരായവർ വളരെ കുറയും. താൻതന്നെയല്ലാതെ മററൊരു കവികൂടി ഇവിടെ ഉണ്ടായിരിക്കരുതെ. അങ്ങനെ വരുവാൻ തരമില്ല. റീനി അവനെ അറിഞ്ഞിരിക്കുന്നതുകൊണ്ടു് ഞാനും അവളെ അറിഞ്ഞിരിക്കാനിടയുണ്ടു്.

റീനി, റീനി, റീനി എന്തു മധുരമായപേരു്. ഒരു സൌന്ദൎയ്യധാമത്തിൻെറ പാദസരത്തിലുള്ള മണിയുടെ ക്വണിതംപോലിരിക്കുന്നു. ഈ പേരിൻെറ പൂൎണ്ണരൂപം നിൎഝരണി എന്നായിരിക്കുമോ? അവൾ ഒരു കല്യയാണൊ? പേർ അതിമധുരം, രൂപമെങ്ങനെയെന്നാരറിഞ്ഞു. അവൾ സുന്ദരിതന്നെയായിരിക്കണം. നല്ല വിദ്യാഭ്യാസവുമുണ്ടായിരിക്കണം. ചെറുപ്പവുമാണ്. ഇത്രയുമൊക്കെ എഴുത്തിൽനിന്നു വിശദമാകുന്നുണ്ടു്.

സന്ധ്യയോടുകൂടി ശിശിരൻ വീട്ടിലെത്തി. ആപ്പീസിൽ പോയ വേഷത്തോടെ ദപശയ്യയിൽ നിവൎന്നുകിടന്നു. എങ്ങനെയാണ് അന്വേഷണംതുടങ്ങേണ്ടതു്? ഇതു് ഒരു കഥാകാലമല്ല, ചരിത്രകാലവുമല്ല, ഇവരണ്ടിൽനിന്നും ഭേദിച്ചു് ഒരു ദുഷിച്ചകാലമാണിതു്. കഥാകാലം ഗ്രന്ഥങ്ങളിൽമാത്രം കാണാം. അതിൻെറ ഒരംശം ഇന്നു ജീവിതത്തിൽ കാണിച്ചാൽ കണ്ടവരൊക്കെത്തല്ലും. പാശ്ചാത്യലോകം സുഖപ്രദംതന്നെ. അവൎക്കു് ഇഷ്ടമുള്ളതു ചെയ്യാം, ചിന്തിക്കാം: നമ്മുടെ ഈ രാജ്യം മാമൂൽ വിടാത്തതു്. ഒരു സുജനം ഇവിടെ എങ്ങനെ കഴിഞ്ഞുകൂടും. പക്ഷെ ശിശിരനു് ഇവിടെത്തന്നെ താമസമാക്കേണ്ടതാകയാൽ ഇതിനു ഒരു മാൎഗ്ഗം തേടിയേ മതിയാകു. ഇയ്യാൾ ഒരു ധനവാനല്ല. അതുകൊണ്ടു ചാരന്മാരെ ഏൎപ്പെടുത്തുവാൻ സാധിക്കയില്ല. വീട്ടിൽ വല്ല ചെറുപ്പക്കാരികളുമുണ്ടായിരുന്നെങ്കിൽ അവർ അല്പം സഹായമായിരുന്നു.

# രണ്ടു ഭൂകമ്പങ്ങൾ.

(ടി. സുധാകരമേനോൻ എം. എസ്സ്. സി.)

1818-ലെ കച്ച് ഭൂകമ്പം ഇൻഡ്യയിലുണ്ടായിട്ടുള്ള ഭൂകമ്പങ്ങളിൽ വച്ച് ഒട്ടും അപ്രധാനമല്ലാത്ത ഒന്നാകുന്നു. സർ ചാറത്സ്‌ലയൽ അംഗ്രഹത്തിൻെറ Principles of geology എന്ന പുസ്തകത്തിൽ ഈ ഭൂകമ്പത്തിൻെറ ഒരു വിവരണം കൊടുത്തിട്ടുണ്ട്. ക്യാപ്ടൻജെ, മാക്ക്മർഡൊ, സർ അലക്സാണ്ടർബേൺസ് മുതലായവരും ഈ ഭൂകമ്പത്തെ വർണ്ണിച്ചുകാണുന്നുണ്ട്. എങ്കിലും, നമുക്ക് ഈ ഭൂകമ്പത്തേക്കുറിച്ചുള്ള ജ്ഞാനം വളരെ പരിമിതമാണ്.

കച്ചിൽ അനേകായിരം ജനങ്ങൾ ഈ ഭൂകമ്പത്താൽ മരിച്ചു എന്നാണ് അറിയുന്നത്. ഭൂമി പലസ്ഥലങ്ങളിലും പിളരുകയും ആ ദ്വാരങ്ങളിൽനിന്നു വെള്ളവും ചളിയും മണലും ബഹിർഗ്ഗമിക്കുകയും ചെയ്തു. കടലിൽ ഉണ്ടായ ഭയങ്കരമായ തിരമാലകൾ ചരിത്രപ്രധാനമായിരുന്ന സിന്ദ്രിക്കോട്ടയെ നശിപ്പിച്ചു. പ്രൊഫസർ ഡി. എൻ. വാഡിയ അദ്ദേഹത്തിൻെറ Geology of India എന്ന പുസ്തകത്തിൽ പറയുന്നതു നോക്കുക:— "1819-ൽ കച്ചുൾക്കടലിൻെറ തീരം സമുദ്രത്തിൽ താഴ്ന്നുപോയതും അള്ളാബണ്ട് എന്നൊരു പുതിയ സ്ഥലം ഉണ്ടായതും ഇൻഡ്യയിലുണ്ടായിട്ടുള്ള പ്രധാനസംഭവങ്ങളിലൊന്നാകുന്നു. ആ രാജ്യത്തിലെ ജനങ്ങൾ മുഴുവൻ അതു കാണുകയുണ്ടായി. രണ്ടായിരം ചതുരശ്രനാഴികയോളം സ്ഥലം പൊടുന്നനവെ പന്ത്രണ്ടുമുതൽ പതിനഞ്ചടിവരെ സമുദ്രത്തിൽ താഴ്ന്നു പോകയും അവിടെ ഒരു ഉൾക്കടൽ ഉണ്ടാവുകയും ചെയ്തു. ഇൻഡ്യാചരിത്രത്തിൽ അനവധി യുദ്ധങ്ങളെ കണ്ടിട്ടുള്ള സുപ്രസിദ്ധമായ സിന്ദ്രിക്കോട്ടയും സമുദ്രത്തിൽ താഴ്ന്നുപോയി; അതിൻെറ ഒരു ഭാഗംമാത്രം കുറേക്കാലത്തേയ്ക്ക് വെള്ളത്തിന്നു മുകളിൽ പൊങ്ങിനിന്നിരുന്നു. ഈ ഭൂചലനങ്ങളോടൊന്നിച്ചുതന്നെ, അറുന്നൂറു ചതുരശ്രനാഴിക വിസ്തീർണ്ണമുള്ള ഒരു സ്ഥലം ഉയൻ്നുവരികയും ചെയ്തു; ഈ സ്ഥലത്തെ പെട്ടെന്ന് ദൈവം ഉണ്ടാക്കിയതാകയാൽ ജനങ്ങൾ അതിനെ അള്ളാബണ്ട് എന്നു് നാമകരണം ചെയ്തു.

ഈ അള്ളാബണ്ട് ഉണ്ടായതു് സമുദ്രത്തിന്നും ഫാറൻനദിക്കും മദ്ധ്യത്തിലായിരുന്നു. തേറ, കൊത്തേറി എന്നീ നഗരങ്ങൾ തീരെ നശിച്ചുപോയി. മോത്തോറ, നള്ളിയ, വെഞ്ചൽ എന്നീ നഗരങ്ങൾക്കും അന

വധി നാശങ്ങൾ സംഭവിച്ചു. ഭുജ് എന്ന സ്ഥലത്തു തന്നെ 1140 ജനങ്ങൾ മരിച്ചു. ഭൂകമ്പത്തോടൊന്നിച്ചുതന്നെ ഭയങ്കരശബ്ദങ്ങളും കൊടുങ്കാററുകളും ഉണ്ടായിരുന്നു. കത്തിയവാറിൽ ജോഡിയനഗരം തീരെ നശിച്ചു. ആമ്രൻകോട്ട നിലംപതിച്ചു. കത്തിയവാറിലെ മിക്കപട്ടണങ്ങൾക്കും നാശങ്ങൾ സംഭവിച്ചു. പോർബന്തറിൽ അനവധി വീടുകൾ നശിച്ചു. മൻഗ്രോൾ എന്നസ്ഥലത്ത് എല്ലാവീടുകളും നശിക്കുകയും അമ്പതാളുകൾ മരിക്കുകയും ചെയ്തു. രാംപൂർ, ബലിയാറി, ഉമാർക്കോട്ട്, ജൈസാൽമേർ എന്നീ സ്ഥലങ്ങളിലും വലിയ നാശങ്ങളുണ്ടായി. അഹമ്മദബാദിലെ വലിയ മഹമ്മദീയപള്ളിയുടെ ഗോപുരങ്ങൾ നിലംപതിച്ചു; അനവധി വീടുകളും കോടതിയും കൊട്ടാരവും നശിച്ചു. കെയിറയിലെ കോടതിയും ജൈനക്ഷേത്രവും നശിച്ചു. ഓമർ (ഉംറ) എന്ന സ്ഥലത്ത് ഒരു പാർസിക്ഷേത്രവും അനവധി വീടുകളും നിലംപതിച്ചു. നേപ്പാൾ, കൽക്കട്ട, മിർസപൂർ, ചൂനാർ, സുൽത്താൻപൂർ മെയിൻപുരി, ഫറെറഗാർ, ജാൺപൂർ, മട്ട്റാ, മാൽവ, മസൂലിപട്ടണം, കുംഭകോണം, പലിക്കാട്ട്, പാണ്ടിച്ചേരി, മുതലായ വിദൂരസ്ഥലങ്ങളിൽപോലും ഈ ഭൂകമ്പത്തിൽ ചലനങ്ങൾ ഏല്ക്കുകയുണ്ടായി. ഈ ഭൂകമ്പം 1897-ൽ ആസ്സാമിൽ ഉണ്ടായ ഭൂകമ്പത്തോളം തന്നെ ശക്തിയേറിയതായിരുന്നു എന്നാണ് ആർ. ഡി. ഓംഡ്ഹാമിൻെറ അഭിപ്രായം.

അടുത്തതായി വിവരിക്കുവാൻ പോകുന്ന ഭൂകമ്പം 1869-ൽ ജനുവരിമാസം പത്താംതീയതി ആസ്സാമൽകാച്ചാർ എന്ന സ്ഥലത്തുണ്ടായ ഭയങ്കരഭൂകമ്പത്തെയാകുന്നു. ഈ ഭൂകമ്പത്തിൻെറ കേന്ദ്രസ്ഥാനം സിൽച്ചാർ എന്ന സ്ഥലമായിരുന്നു. കാച്ചാർ, മണിപൂർ, ബ്രഹ്മപുത്രാനദീതീരം എന്നീ പ്രദേശങ്ങളാണ് ഈ ഭൂകമ്പത്തിന്നു വിധേയമായിത്തീൎന്നവ.

സിൽച്ചാറിലെ മിക്ക കെട്ടിടങ്ങളും നിലംപതിച്ചു. ബാറാക്ക് നദിയിൽ പെട്ടെന്ന് വെള്ളപ്പൊക്കമുണ്ടാകുകയും അനവധി തോണികൾ നശിക്കുകയും ചെയ്തു. സിൽഹെററിലെ പള്ളിയ്ക്കും കോടതിയ്ക്കും സർക്കീട്ട്ബങ്ക്ളാവിന്നും വലിയ നാശങ്ങൾ സംഭവിച്ചു. സിൽഹെററിൽനിന്ന് അയ്മ്പത്തെട്ടുമൈൽ അകലെയുള്ള പോല എന്ന സ്ഥലത്ത് ഭൂമി പല സ്ഥലങ്ങളിലും പിളരുകയും മണലും തിളച്ചവെള്ളവും ബഹിൎഗ്ഗമിക്കുകയും ചെയ്തു. പച്ച്ഗോണിലെ ഇൻസ്പക്ഷൻ ബങ്ക്ളാവ് മറിഞ്ഞുവിണു. ചെറാപ്പുഞ്ചിയിലും ചില്ലറ കലുക്കങ്ങളുണ്ടായി. ഷില്ലോങ്ങിൽ ഓവർ

സീയേഴ്സ് ബങ്ക്ളാവും ഡെപ്യൂട്ടികമ്മീഷണരുടെ കച്ചേരിയും പട്ടാളത്താവളവും നശിച്ചു. മണിപൂരിൽ രാജ്ബറീമൈതാനത്തിൽ പലേടത്തും ഭൂമി പിളൎന്നു. മണിപുരംരാജാവിന്റെ കൊട്ടാരം നിലംപതിക്കുകയും നാലു സ്ത്രീകളുൾപ്പെടെ അനവധി ജനങ്ങൾ മരിക്കുകയും ചെയ്തു. ബൎമ്മാ അതൃത്തിയിലുള്ള മോറൈതാനാ എന്ന പ്രദേശത്തുള്ള അനവധി നാഗഗ്രാമങ്ങൾ നശിച്ചുപോയി. ശിവസാഗരത്തിൽ അനവധി കെട്ടിടങ്ങൾ നശിച്ചു. ഗോലഘാട്ട് എന്ന സ്ഥലത്തു് നദിയിലുണ്ടായ തിരമാലകൾ അനവധി തോണികളുടെ നാശത്തിന്നു കാരണമായിത്തീൎന്നു. നാഗകുന്നുകളിൽ കെഹനാമാ എന്ന സ്ഥലത്തു മല ഇടിഞ്ഞുവീണു. ഡിബ്രൂഗാറിൽ ഒരു പള്ളിക്കും അനവധി കെട്ടിടങ്ങൾക്കും കേടുപററി. നൌഗേങ്ങിൽ എക്സിക്യൂട്ടീവ് ഇഞ്ചിനീയരുടെ ഓഫീസും ഡെപ്യൂട്ടികമ്മീഷണരുടെ കച്ചേരിയും നിലംപതിച്ചു. ഗൌഹതിയിലെ പള്ളിക്കും ആശുപത്രിക്കും കേടുകൾ സംഭവിച്ചു. ബൎമ്മ, കൂച്ച്ബീഹാർ, രോഹിംഗഞ്ച്, ഡാർജിലിങ്ങ്, കർസിയോങ്ങ്, പൂൎണ്ണിയാ, ദിനാജ്പുരം, ഡാക്കാ, നദീയ, ബെർഹാംപുരം, റാണിഗഞ്ച്, മോംഘീർ, പാററ്ന, ഹസ്സാരിബാഘ്, കൽക്കട്ട, ഈശാപുരം, ബാരക്ക്പുരം, മിഡ്നാപുരം, കുസ്സിലോങ്ങ് മുതലായ സ്ഥലങ്ങളിലും ഈ ഭൂകമ്പമുണ്ടായി. ചില ഭൂഗൎഭശാസ്ത്രജ്ഞന്മാർ ഈ ഭൂകമ്പത്തെ കലേബ്രിയയിൽ 1783-ൽ ഉണ്ടായ ഭൂകമ്പത്തോടു താരതമ്യപ്പെടുത്തീട്ടുണ്ട്. നാം ഈ ഭൂകമ്പത്തെക്കുറിച്ചു് അറിയുന്നതു് ഓൾഡ്ഹാമിന്റെ സുപ്രസിദ്ധമായ പുസ്തകത്തിൽനിന്നാകുന്നു.

## വാക്ഭടാനന്ദഗുരുക്കളുടെ വാചാടത്വം.

(കലിയുഗഭീമൻ.)

(തുടൎച്ച.)

വിഭാഗാനർഹമായ ധാതുവോ നാമമോ യതിക്കായി ഭഞ്ജിക്കപ്പെടുമ്പോഴാണ് യതിഭംഗദോഷം. സൂത്രത്തിൽ "ധാതുനാമഭാഗഭേദ" എന്നിങ്ങനെ ഭാഗപൎയ്യന്താനുധാവനം തന്മൂലമാകുന്നു. അതുകൊണ്ടു്, "ഏ

ധാംചക്രേ" ഇത്യാദി അനപ്രയോഗസ്ഥലങ്ങളിൽ 'ഏധാം' എന്നതിൽ യതിഭ്രഷ്ടമല്ല. മലയാളത്തിൽ "വരിക/വേണം" "ഓടി/ക്കളഞ്ഞു" "ക്രുട്ടി/ക്കൊണ്ടു/ചെന്നാക്കി" എന്നീ വരയിട്ടസ്ഥലത്തെല്ലാം യതിവരുത്താം. "ധാതുനാമഭാഗഗ്രഹണാൽ—" ഇത്യാദി വൃത്തിയും, "ശോഭാം പുഷ്യത്യയമഭിനവഃ" ഇത്യാദി പ്രത്യുദാഹരണവുംനോക്കുക. ഇങ്ങിനെയിരിക്കെ, "രേവാംദ്രക്ഷ്യ/സ്യുപല—" എന്ന കാളിദാസൻേറയും "വളർ/ത്തീടട്ടെ മോദാംഭവി" എന്ന കാവ്യജീവിതവൃത്തിക്കാരൻേറയും പ്രയോഗങ്ങളിൽ യതിഭംഗമുണ്ടെന്നു ജല്പിക്കുന്ന മനുഷ്യൻ "അനാഘ്രാതശാസ്ത്രഗന്ധനാണെന്നില്ലിതിൽ വല്ല സംശയവുമുണ്ടോ? അതുപോലെ നാമവിഷയത്തിൽ, "മല്ലീജാതിപ്രഭൃതികുസുമസ്മേരം" എന്ന സമസ്തപദത്തിൽ, "മല്ലീ/ജാതി/പ്രഭൃത/കുസുമ/സ്മേരം/" എന്നീ വരയിട്ടുകാണിച്ചിരിക്കുന്ന സ്ഥലത്തെല്ലാം ഇഷ്ടംപോലെ യതിഭംഗം വരുത്താം. വിമിശ്രഃശ്യാമാന്തേഷ്വ/രരപുട—" എന്ന പ്രത്യുദാഹരണം നോക്കുക. ഇതുതന്നെയാണല്ലോ, "ഗുണീ/ഭൂതവ്യംഗ്യം" "ശക്തി/കൊണ്ടെന്തും" "അൎത്ഥവിവേകത്തി/നെന്നുദീപിക" എന്ന കാവ്യജീവിതവൃത്തിപ്രയോഗങ്ങളിലുള്ള സ്ഥിതിയും. കാവ്യജീവിതവൃത്തിയിൽ പ്രാസനിർബന്ധമൂലകങ്ങളായ ദോഷങ്ങളുടെ പ്രദർശനത്തിനായുദ്ധരിച്ച "പള്ളിക്കൂടം—" ഇത്യാദി പദ്യത്തിൽത്തന്നെ "കള്ള/പ്പുള്ളിക്കാർ," "പട്ടണത്തി/ന്നുള്ളിൽ" എന്നിവയിൽ യതിഭംഗം പറയാതിരിക്കാനുള്ള കാരണമെന്തായിരിക്കുമെന്നാലോചിപ്പാൻപോലും ബുദ്ധിയില്ലാതെപോയ ആക്ഷേപകനിൽ അനുകമ്പയാണു തോന്നുന്നതു്. മ/ല്ലീജാ/തിപ്രഭൃ/തികു/സു/മസ്മേ/രം" എന്നിങ്ങനെ വരയിട്ടിരിക്കുന്ന സ്ഥലങ്ങളിൽ എവിടെയെങ്കിലും വിരാമം വരുത്തിയാൽ അതു് യതിഭംഗദോഷമാണ്,

"കുരങ്ഗാക്ഷീണാംഗ/ണ്ഡതലഫലകേ—"
"ഉദ്ദൎശ്ച/ക്രശിഖികപിശ:—"

എന്ന യതിഭംഗോദാഹരണങ്ങൾ നോക്കുക. "പ/ല്യങ്കത്തിന്മേൽ—" എന്ന പ്രയോഗം ഇതിന്നു സമാനയോഗക്ഷേമംതന്നെയല്ലേ? അതാണ് അവിടെ യതിഭംഗദോഷമുണ്ടെന്നു പറഞ്ഞതു്. ഇതൊന്നുമറിയാതെ കാവ്യജീവിതവൃത്തിയുടെ നേക്കു വെടികൊണ്ട പന്നിയേപ്പോലെ പായുന്നതുകൊണ്ടു ഫലമെന്തു്?

"പട്ടികേറിട്ടുമെന്നാരു പാകംചെയ്യാതിരുന്നിട്ടും
പച്ചതിന്നീട്ടുമേന്നേവൻ പഞ്ചവേണ്ടെന്നു വച്ചിട്ടും"
"നീലത്വം ചേന്നേഴമിലകളാൽ നിൻെറ കണ്ഠാഭയോലും
സാലത്തിന്മേൽ പരിചൊടുപറന്നെത്തിയാക്കല്യതൻെറ

കുലത്തെവിട്ടൊരുകുറി—"
എന്നപദ്യത്തിൽ 'കുല്യതൻെറ' എന്നതു പൂർവ്വാൎദ്ധത്തിലും 'കുലത്തെ' എന്നതു പ്രാസത്തിന്നായി ഉത്തരാൎദ്ധത്തിലും നിബന്ധിച്ചിരിക്കുന്നതും,

"മല്ലീജാതിപ്രഭൃതികുസുമസ്മേരമായുല്ലസിക്കും
സല്ലീലാഭിഃകിസലയകരംകൊണ്ടു നിന്നൊത്തലോട്ടം
വല്ലീനാം നീ പരിചയരസംപൂണ്ടുകൌതൂഹലത്താ-
ലുല്ലീഢാത്മാചിരതരമിരുന്നങ്ങമാന്തിച്ചിടൊല്ല"

എന്നപദ്യത്തിൽ 'തലോട്ടം' എന്ന പേരെച്ചരൂപമായ വിശേഷണത്തെ പൂർവ്വാൎദ്ധത്തിലും "വല്ലീനാം" എന്ന വിശേഷ്യത്തെ ഉത്തരാർദ്ധത്തിലുമായി പ്രാസത്തിനുവേണ്ടി നിബന്ധിച്ചിരിക്കുന്നതും സഹൃദയന്മാൎക്ക് വൈരസ്യാവഹംതന്നെയാണ്. വൈരസ്യംതോന്നാമെങ്കിലും ആ വിഷയത്തിൽ ശാസ്ത്രീയമായ നിയമമൊന്നുമില്ലെന്നുള്ള വാഗ്ഭടാനന്ദഗുരുക്കളുടെ ആക്ഷേപമാകട്ടെ, കൂപമണ്ഡൂകന്യായപതിതമാണെന്നേ അറിവുള്ളവർ വിചാരിക്കയുള്ളു.

സംശയമുണ്ടെങ്കിൽ ആക്ഷേപകൻ വാമനൻെറ കാവ്യാലങ്കാരസൂത്രവൃത്തി എന്ന ഗ്രന്ഥം നോക്കട്ടെ. അപ്പോൾ കാണാം.

"നാൎദ്ധേകിഞ്ചിൽസമാപ്തംവാക്യം" എന്നൊരു സൂത്രവും

"ജയന്തിതാണ്ഡവേശംഭോഃ
ഭംഗുരാവലികോടയഃ
കരാഃ/കൃഷ്ണാസ്യചളജാഃ
ചക്രാംശുകപിശത്വിഷഃ" (അധികരണം 5. അദ്ധ്യായം 1)

എന്നൊരു ഉദാഹരണവും, "കരാഃ" എന്നവിശേഷ്യം ഉത്തരാൎദ്ധത്തിലും അതിൻെറ വിശേഷണമായ "ഭംഗുരാവലികോടയഃ" എന്നതു പൂർവ്വാൎദ്ധത്തിലുമായി നിബന്ധിച്ചിരിക്കുന്നതു് അയുക്തമാണെന്നാണു വാമനൻ അഭിപ്രായപ്പെടുന്നതു്. ഇതൊന്നും നയമോ പ്രമാണമോ ആകയില്ലേ?

'തലോട്ടം വല്ലീനാം' എന്നതിലെ പേരെച്ചമായ 'തലോട്ടം' എന്നതു ക്രിയാവിശേഷണമാണത്രെ. ഏതു ക്രിയയ്ക്കാണു വിശേഷണം? 'പൂണ്ടു' എന്നതിനോ 'ഇരുന്നു' എന്നതിനോ അമാന്തിച്ചു എന്നതിനോ ആ ക്രിയകളിലേതിലെങ്കിലും 'തലോട്ടം' എന്നതു് അന്വയിക്കുമോ? അതിൽ വല്ല അൎത്ഥവുമുണ്ടോ?

"പറിപ്പാൻ വയ്യാതല്ലാതെ "എന്നിങ്ങനെ പ്രാസത്തിനുവേണ്ടി വളച്ചുകെട്ടിപ്പറഞ്ഞിരിക്കുന്നതിൽനിന്നു സ്വാരസ്യം ഒഴുകുന്നുണ്ടത്രെ. 'തീ

ച്ഛ്യയായും കഴിയും' എന്നു കിട്ടണമെങ്കിൽ അങ്ങിനെ പ്രയോഗിക്കണം പോലും. അത്രയുമല്ല; രണ്ടു നിഷേധം പ്രകൃതമായ അർത്ഥത്തിൻെറ ദൃഢീകരണത്തിനാണു മഹാകവികൾ ഉപയോഗിക്കാറുള്ളതെന്ന വസ്തുത സംസ്കൃതത്തിൽ കുറച്ചൊക്കെപ്പരിചയമുള്ള മി: കൃഷ്ണൻനായർ ഇതുവരെ ധരിച്ചിട്ടില്ലെങ്കിൽ മേലിൽ ധരിക്കേണ്ടതാണ്. എന്നൊരു നിർദ്ദേശവും അതോടുകൂടി മി: നായരുടെ ആക്ഷേപം സാഹിത്യസ്വർഗ്ഗത്തിലെ മശകവിലസിതമാണെന്നൊരു നിഗമനവും. പോരെ, കൂപമണ്ഡൂകങ്ങൾക്ക് ഇതല്ല ഇതിലപ്പുറം പറയാം. സംസ്കൃതത്തിലെ ആ നയം ഭാഷയ്ക്കു പററുകയില്ലെന്നു വല്ലതും അവക്കറിയാമോ? ഭാഷയിൽ നിഷേധദ്വയം ദാർഢ്യത്തെയല്ല നേരേമറിച്ചു ദൌർബല്യത്തെയാണു കാണിക്കുക. "ആയാൾ ഊണ്കഴിച്ചില്ലെന്നില്ല" എന്നു പറഞ്ഞാൽ ആയാൾ 'ഉണ്ടുവെന്നുവരുത്തി' എന്നർത്ഥമേ ഭാഷയിലുള്ളു. അതേ ഒരു മലയാളി ഗ്രഹിക്കു. യദൃച്ഛയാ വല്ലടിക്കിൽനിന്നു വല്ലതും ഗ്രഹിച്ചതു ദഹിക്കാതെ മററുവല്ലേടത്തും കൊണ്ടുവന്നു ഛർദ്ദിക്കുന്നതു ജുഗുപ്സാവഹമാണ്. സാഹിത്യരംഗത്തിൽ ഇത്തരം ശ്വനകവിലസിതം അനുവദിച്ചുകൂടതന്നെ.

"മേളിപ്പെട്ടും പനകളുടെയുംമററു–" എന്ന പദ്യത്തിൽ പ്രാസത്തിനുവേണ്ടി കൊണ്ടുവന്നിരിക്കുന്ന 'മോളു' എന്നതു ഗ്രാമ്യവും 'കേൾ' എന്നതു് അപുഷ്ടാർത്ഥവും 'കോളു്' എന്നതു നേയാർത്ഥവുമാണെന്നു കാവ്യജീവിതവൃത്തിയിൽ പറഞ്ഞിരിക്കുന്നതിനെക്കുറിച്ചുള്ള ആക്ഷേപവും അസംബന്ധമാകുന്നു. അനാഗരികന്മാരുടെ സംഭാഷണത്തിൽ പ്രയോഗിക്കപ്പെടുന്ന പദമാണു ഗ്രാമ്യംഎന്ന പദത്തിൻെറ 'മുകൾ' അപഭ്രംശമായ 'മോളു്' എന്നതിൻെറ സ്ഥിതി അതുതന്നെയാണ്." പ്രയോക്താവുനാഗരികനല്ലെന്നു വരുന്നതിനാൽ ശ്രോതാക്കൾക്കുണ്ടാകുന്ന വൈമുഖ്യമാണ് ഇവിടെ ദൂഷകതാബീജം." ഭാഷാഭൂഷണപംക്തിയെങ്കിലും നോക്കി മനസ്സിലാക്കുക. ഇങ്ങിനെയിരിക്കെ 'മോളു്' എന്ന മി: നായരുടെ പ്രതിപാദനം അസഭ്യമായി. തമ്പുരാൻെറ പ്രതിപാദനത്തിൽ യാതൊരസഭ്യതയുമില്ല. 'മോളിൽ' എന്ന വിഭക്ത്യന്തമായ പദത്തെ 'മോളു്' എന്നു് അസമഗ്രമാക്കിക്കാണിക്കുമ്പോൾ അസഭ്യം എന്നാണു മി: കൃഷ്ണൻനായർ വിചാരിക്കുന്നതെങ്കിൽ അതു വാസ്തവമാകുന്നു. വിഭക്തികൂടാതെ പ്രയോഗിക്കരുതെന്നു വൈയ്യാകരണശിരോമണികൾ ഉപദേശിക്കുമ്പോൾ വ്യാകരണശിരോമണിയായ മി: കൃഷ്ണൻനായർ ആ കക്ഷിയിൽതന്നെ ചേർന്നുനില്ക്കുന്നതു് ആശ്ചര്യകരമല്ല. വിഭക്തിചേരുമ്പോൾ അസഭ്യമല്ലാത്തതുകൊ

ണ്ടായിരിക്കണം വിഭക്തി നീക്കംചെയ്തുകൊണ്ടു മി: നായർ അസഭ്യതകാട്ടാൻ ശ്രമിക്കുന്നതു്" എന്നും മററുമുള്ള ജല്പനംകൊണ്ടു പ്രയോജനമെന്തു്? ആവകയ്ക്കുണ്ടാ വല്ല അത്ഥവും. 'മോളു്' എന്നതു് അസഭ്യവും മോളിൽ എന്നതു സഭ്യവുമാണത്രെ. ഇതെന്തു വിദ്യ? ഇതായിരിക്കുമോ ആത്മവിദ്യാസംഘത്തലവന്റെ ബ്രഹ്മവിദ്യ? ഗ്രാമ്യമെന്നാൽ വിഭക്തികൂടാതെ പ്രയോഗിക്ക എന്നാണോ ധരിച്ചുവച്ചിരിക്കുന്നതു്. മലയാളത്തിൽ നിർദ്ദേശികയ്ക്കു വിഭക്തി പ്രത്യയമില്ലെന്നാണു കേരളപാണിനിയുടെ സിദ്ധാന്തമെന്നറിയുമോ? "തന്മനിർദ്ദേശികാകർത്താ" എന്ന കാരികനോക്കുക. കാട്ടു്, നാട്ടു്, മണ്ണു്, മല, പുഴ, മരം, ചെടി, അവൻ, അവൾ ഇത്യാദി നിർദ്ദേശരൂപങ്ങളൊക്കയും അസഭ്യമാണെന്നോ? ഈ പറയുന്നതിന്നു് അത്ഥമെന്തു്? സംസ്കൃതഭാഷയിൽ അന്തകരണമൊക്കയും പ്രയോഗത്തിൽ വിഭക്ത്യന്തമാണെന്നു് ഈ വൈയാകരണമ്മന്യൻ ധരിച്ചിട്ടില്ലായിരിക്കും. ഏതായാലും "കൃഷ്ണൻനായർ 'മോളു്' എന്നു വിഭക്തികൂടാതെ പ്രയോഗിച്ചിരിക്കുന്നതാണു് അസഭ്യം" എന്നും മററുമുള്ള ജല്പനമാണു പണ്ഡിതന്മാക്കു് അസഭ്യമോ അവഹേളാസ്പദമോ ആയിത്തോന്നുക.

മയൂരത്തെ അഭിസംബോധനംചെയ്തു പറയുന്ന പദ്യത്തിൽ 'കോൾ' എന്നു പ്രത്യേകിച്ചു് എടുത്തുപറയേണ്ട ആവശ്യമെന്തു്? അതു് അന്യഥാസിദ്ധമാണല്ലോ. അതുകൊണ്ടു് അവിടെ വല്ല പ്രയോജനവും ഉണ്ടായതായിക്കാണുന്നില്ല. "കേളിഷ്ടംപോലയിമരുവിയും" എന്നിങ്ങനെ ഇഷ്ടംപോലെ മരുവിക്കൊൾവാൻ മയൂരത്തോടു പറയുന്നസ്ഥിതിക്കു "കേളീസൌധത്തിലുള്ള വിനോദങ്ങൾക്കു വിധേയനായി കാലയാപനം ചെയ്തുപോകരുതെന്നും ദീനനായ തന്റെ സ്ഥിതി വിസ്മരിക്കപ്പെടരുതെന്നും മററുമുള്ള നായകന്റെ ആശയത്തിലിരിക്കുന്ന രമണീയമായ അത്ഥത്തെക്കൂടി 'കോൾ' എന്നതു രസികന്മാരുടെ മനസ്സിൽ കുറിക്കുന്നു" എന്നിങ്ങനെയുള്ള ആക്ഷേപകന്റെ പ്രയോജനോപന്യാസം തീരെ അബദ്ധമാണല്ലോ. മയൂരത്തിന്റെ കേളീസൌധം പനകളും മററു വൃക്ഷങ്ങളുംതന്നെയാണു്. അവയിൽ കേളീസൌധത്വം ആരോപിച്ചിരിക്കമാത്രമാകയാൽ അതു് ഏതോ ഒരു സൌധാന്തരമാണെന്നു വിചാരിക്കാനും അവകാശമില്ല.

വരി, പോരു്, പാട്ടു്, പേട്ടു് ഇത്യാദി ധാതുക്കളിൽനിന്നു, വാരി, പോരു്, പാട്ടു്, പേട്ടു് ഇത്യാദി നാമങ്ങളെന്നപോലെ 'കോളു്' എന്ന ധാതുവിന്നുണ്ടായ ശബ്ദമാണു കോളു് (കോൾ.) കടൽക്കാററു, മേഘാവരണം ചേർച്ച (ആനുകൂല്യം) കച്ചവടം, ലാഭം എന്നീ ആത്ഥങ്ങളിലാണു ഭാഷയിൽ പ്രസ്തുതപദത്തിന്നു സാധാരണ പ്രയോഗംകാണുന്നതു്. അതിനാൽ ആ അത്ഥങ്ങളിലാണു് ആ പദത്തിന്നു ശക്തിയെന്നു പറയേണ്ടിയി

രിക്കുന്നു. ഈവക ശക്യാൎത്ഥങ്ങളൊന്നും 'കോളിൽച്ചെന്നീടുക' എന്നതിലെ 'കോളി'ന്നുകൊള്ളുന്നതുമല്ല. അതുകൊണ്ടുതന്നെയാണു വ്യാഖ്യാതാവായ കേരളപാണിനി സംശയഗ്രസ്തനായി, അതുവഴി, ക്രമത്തിൽ, സൌകൎയ്യത്തിൽ എന്നു മൂന്നൎത്ഥങ്ങൾ നിൎദ്ദേശിച്ചിരിക്കുന്നതു്. ആ അൎത്ഥത്രിതയവും ലാക്ഷണാവൃത്തിയെ അവലംബിച്ചു നിൎദ്ദേശിച്ചിട്ടുള്ളതാണ്. ആ അൎത്ഥങ്ങളിൽ 'കോളു്' എന്ന ശബ്ദം, സമൎത്ഥപാദ്യൎത്ഥത്തിൽ കുശലാദിശബ്ദംപോലെ രൂഢമോ "ഗംഗായാംഘോഷഃ" ഇത്യാദിയിലെ ഗംഗാദിശബ്ദംപോലെ സപ്രയോജനമോ അല്ല. ലക്ഷണയ്ക്കു രൂഢിയോ പ്രയോജനമോ വേണം. അല്ലെങ്കിൽ ദോഷമാണ്. അതിനാലാണ് ആ പദം നേയാൎത്ഥമെന്നു കാവ്യജീവിതവൃത്തിയിൽ പറഞ്ഞിരിക്കുന്നതു്. ഇനി ക്രമമെന്ന അൎത്ഥമോ മറേറാ ശക്യമെന്നു നിഷ്കൎഷമാണം ശഠിക്കുന്നതായാൽ ആ അൎത്ഥത്തിൽ പ്രചാരമില്ലായ്കകൊണ്ടു പ്രസ്തുതപദം അപ്രസിദ്ധമാണെന്നും വല്ലദേശത്തിലോ കുഗ്രാമത്തിലോ പ്രചാരമുണ്ടെന്നു പറയുന്നതായാൽ ഗ്രാമ്യമാണെന്നുമാവും. എങ്ങിനെയായാലും പ്രയോഗം ദുഷ്ടംതന്നെ; പേരുമാത്രം മാറി എന്നേയുള്ളു. പേരിലെന്തിരിക്കുന്നു? 'കോളു്' എന്ന പദം 'തഞ്ചം' എന്ന അൎത്ഥത്തിൽ ലാക്ഷണികമായിട്ടാണു പ്രയോഗിച്ചിരിക്കുന്നതെന്നു സഹൃദയന്മാൎക്കറിയാം. കോളിൽ=തഞ്ചത്തിൽ, തഞ്ചത്തിൽ എന്നു പ്രയോഗിച്ചാൽ ലഭിക്കാത്തയാതൊരൎത്ഥവും കോളിൽ എന്നതുകൊണ്ടു സിദ്ധിക്കാനുമില്ല. ലാക്ഷണികമായ ആ അൎത്ഥത്തിൽ 'കോളിന്നു' രൂഢിയുമില്ല. അതുകൊണ്ടു താദൃശപ്രയോഗം നേയാൎത്ഥംതന്നെ. കോളിൽ എന്നതു വിഭക്തി പ്രതിരൂപമായ അവ്യയമാണെന്ന കഥനവും പ്രാമാദികമാണ്. വിഭക്ത്യൎത്ഥം യോജിക്കാതെ വരുന്നുണ്ടെങ്കിൽ മാത്രമേ താദൃശകഥനത്തിന്നു് ആവശ്യവും അൎത്ഥവുമുള്ളു. മയൂരസന്ദേശവ്യാഖ്യാതാവു പറഞ്ഞിട്ടുണ്ടല്ലൊ എന്നാണെങ്കിൽ, 'പ്രൌഢമനോരമ'യുടെ പേർപറയാൻ പഠിച്ചിട്ടുള്ള ആക്ഷേപകനു് അതിൽ പ്രതിപാദിച്ചിരിക്കുന്ന "ബാധേദ്ദഢേന്യസാമ്യാൽ കിംദ്ദഢേ സദപിബാധ്യതാം" എന്ന ന്യായമറിയുമോ എന്നു മാത്രമേ തല്ക്കാലം ചോദിക്കുന്നുള്ളു. കൊണ്ടൽക്കോളാൽ ക്കലിതകുതുകം—"എന്ന പദ്യത്തിലെ'ക്കോളാൽ' എന്നതും വിഭക്തി പ്രതിരൂപകമായ അവ്യയമാണെന്നാണോ ഭാവം?

"പള്ളിക്കൂടം പലതുവലുതാം പാളയം പള്ളി കള്ള-
പ്പുള്ളിക്കാരെത്തടവിലിടുവാനുള്ള ജേലാശുപത്രി
തള്ളിക്കേറിടപിജരണയുമാമൂട്ടമപ്പട്ടണത്തി-
ന്നുള്ളിൽക്കാണാമൊരുകുറി പറന്നൊക്കെ നീ നോക്കിയാലും"

എന്നതിൽ "ഊട്ടും അപ്പട്ടണത്തിനുള്ളിൽക്കാണാം" എന്നതിനു "അപ്പട്ടണത്തിനുള്ളിലുള്ള ഊട്ടും കാണാം" എന്നാണത്രേ അർത്ഥം. ആക്ഷേപകൻെറ അർത്ഥഗ്രഹണം വിലക്ഷണംതന്നെ. അറിവില്ലായ്മകൊണ്ടു ന്യൂനപദത്വം അഭവന്മതയോഗം മുതലായ ദോഷങ്ങൾ അനാവശ്യമായി പ്രസ്തുതപദ്യത്തിൽ വലിച്ചിടുന്ന ആക്ഷേപകൻ കുറച്ചുകാലം ഭാഷാഭൂഷണമെങ്കിലും പഠിക്കട്ടെ. എന്നിട്ടാവാം കാവ്യജീവിതവൃത്തിയുടെ നേക്കു 'കോക്രി' കാട്ടുക. ഊട്ടുമാത്രം പട്ടണത്തിനുള്ളിലും പള്ളിക്കൂടംമുതലായവ പട്ടണത്തിനു പുറത്തുമാണെന്നല്ലേ ആക്ഷേപകൻെറ വ്യാഖ്യാനംകൊണ്ടുവരുന്നതു്? വിചിത്രംതന്നെ. ഈവക ഉന്മത്തപ്രലാപങ്ങളോടു് ഇടപെടുവാൻ ഈയുള്ളവനു വിഷമംതോന്നുന്നു.

"അംഗാഭിഖ്യാജിതരതികളാമംഗനാഭിസ്സലീലം
ശൃംഗാരം പൂണ്ടവിടെമരുവും യോഗ്യരേഭാഗ്യവാന്മാർ"

"ഇതിൽ 'സലീലം'എന്നതു ഒരുതരത്തിലും ശൃംഗാരരസത്തെ പ്രതിപാദിക്കുന്നതുമല്ല" എന്നുപറയുന്ന ആക്ഷേപകൻ അങ്ഗനകളോടുള്ള ലീല എന്തുരസത്തെ പ്രതിപാദിക്കുമെന്നാണാവോ വിചാരിക്കുന്നതു്? അംഗനകളെന്നുവച്ചാൽ രാക്ഷസികളോ, കുഷ്ഠരോഗാർത്തകളോ ആണെന്നു ധരിച്ചിരിക്കുമോ? ശൃംഗാരരസത്തെ 'സലീലം' എന്നതല്ലാതെ ഒരുപദവും പ്രതിപാദിക്കയില്ല. രസം ശബ്ദവാച്യമല്ല; വ്യംഗ്യമാണ്. ആലംബനഗ്രഹണസഹകൃതവും അനുഭാവബോധകവുമായ ലീലാശബ്ദത്തിനു സഞ്ചാരിഭാവദ്യോതനദ്വാരാതാദൃശവ്യംജകത്വമുണ്ടുതാനും. "അംഗനാഭിഃ എന്ന പദം ആലംബനവിഭാവത്തെ പ്രതിപാദിച്ചു് ക്ഷീണശക്തിയായതിനാൽ പരിപൂർണ്ണരതിയെ പ്രതിപാദിപ്പാൻ സമർത്ഥമല്ല," എന്നുപറയുന്ന ആക്ഷേപകനുണ്ടോ സാഹിത്യശാസ്ത്രതത്വങ്ങളെക്കുറിച്ചു വല്ല ഗന്ധവും? അംഗനാരൂപമായ അർത്ഥമാണ് ആലംബനവിഭാവം. അതിനെ അംഗനാശബ്ദം ബോധിപ്പിക്കുന്നതു ശക്തിയെന്ന അഭിധാവ്യാപാരത്താലാണ്. ആശബ്ദം വാച്യാർത്ഥം ബോധിപ്പിച്ചു് അഭിധാവ്യാപാരചാരിതാർത്ഥ്യത്താൽ ക്ഷീണശക്തിയായിക്കൊള്ളട്ടെ. അതുകൊണ്ടെന്തു നഷ്ടം? രസഭാവാദിവിഷയകമായ ശബ്ദവ്യാപാരം വ്യംജനയാണ്. അഭിധയല്ല. വ്യംജനീയ്ക്കുണ്ടോ വല്ല പ്രതിബന്ധവും? തദ്വിഷയത്തിൽ അംഗനാശബ്ദം ക്ഷീണശക്തിയാണെന്നുപറയുന്നതു് എന്തു വങ്കത്തമാണ്? "ഗംഗായാം ഘോഷഃ" എന്നസ്ഥലത്തു് ഗംഗാശബ്ദം പ്രവാഹരൂപവാച്യാർത്ഥം ബോ

ധിപ്പിച്ചു ക്ഷീണശക്തിയാകയാൽ തീരരൂപലക്ഷ്യാൎത്ഥബോധനത്തിനും ശൈത്യപാവനത്വാദി വ്യംഗ്യാൎത്ഥബോധനത്തിനും സമൎത്ഥമല്ലെന്നു ആരെങ്കിലും പറയുമോ? അഹോ കഷ്ടം! ശാസ്ത്രീയതത്വങ്ങളുടെസാമാന്യജ്ഞാനമെങ്കിലുമില്ലാതെ വായിൽവന്നപോലെ വല്ലതും പറയുന്ന വാചാടൻ പണ്ഡിതനും വിമൎശകനുമാണെന്നോ?

കാട്ടകേറുകയാലെന്തു കാടൻ കേസരിയാകുമോ?
സൎപ്പത്വം സരടത്തിന്നു സൎപ്പണംകൊണ്ടുകിട്ടുമോ?

"ശൃംഗാഗ്രംകൊണ്ടു—" എന്ന സന്ദേശപദ്യത്തിൽ "അംഗനാഭിഃ" എന്ന പദംകൊണ്ടു ബോധിപ്പിക്കപ്പെടുന്ന അംഗനകളായ ആലംബനവിഭാവത്താലും അംഗാഭിഖ്യാംജിതരതിത്വം, ശൃംഗാഗ്രംകൊണ്ടു പരിഗണനം ലേഖനം ചെയ്യുനില്ക്കും തുംഗാഗാരങ്ങൾ, എന്നീ ഉദ്ദീപനവിഭാവത്താലും, സലീലം എന്നതുകൊണ്ടു നിൎദ്ദേശിച്ചിരിക്കുന്ന ആലിംഗനചുംബനാദി ലീലാവിശേഷങ്ങളായ അനുഭാവത്താലും അതിൽനിന്നു വ്യംജിക്കുന്ന ഹൎഷാദിവ്യഭിചാരിഭാവത്താലും പരിപോഷം പ്രാപിക്കുന്ന രതിയുടെ ചൎവ്വണാവസ്ഥയാണു്. ശൃംഗാരരസം ഒരിക്കലും ശബ്ദവാച്യമല്ല. സ്വരൂപജ്ഞാനമില്ലാതെ ശബ്ദവാച്യമാണെന്നു ഭ്രമിച്ചു് ഈ വക സ്ഥലങ്ങളിൽ ശൃംഗാരാദിശബ്ദം പ്രയോഗിക്കുന്നതു ദോഷവുമാകുന്നു. അതുകൊണ്ടാണു് ശബ്ദവാച്യത്വം ദോഷമെന്നു പറഞ്ഞിരിക്കുന്നതു്. "അംഗനാഭിസ്സലീലം മരുവും" എന്നിങ്ങനെ പ്രതിപാദിക്കപ്പെട്ടിരിക്കുന്ന അംഗനകളോടുള്ള ലീലകൾ ചേമ്പുനടുകയോ വാഴക്കുഴി കുത്തുകയോ അല്ല; ശൃംഗാരോചിതവ്യാപാരങ്ങളാണു്; എന്നുപാമരന്മാൎക്കുപോലുമറിയാം. അതിനാലാണു് ശൃംഗാരപ്രതീതി "അംഗനാഭിസ്സലീലം" എന്നതുകൊണ്ടു സിദ്ധിക്കുന്നതായിരിക്കെ പ്രാസനിൎവ്വഹണമാത്രഫലകമായ ശൃംഗാരശബ്ദപ്രയോഗം ദുഷ്ടമാണെന്നു കാവ്യജീവിതവൃത്തിക്കാരൻ പറഞ്ഞിരിക്കുന്നതു്. ആ ശൃംഗാരം അഥവാ രതിഭാവം വക്തൃവിഷയമായ അസൂയാഖ്യഭാവത്തിന്നു അംഗമാണെന്ന സംഗതി ഒന്നുവേറെ. അതിനെപ്പററി ഇവിടെ ചിന്തിച്ചിട്ടാവശ്യമില്ല. ആക്ഷേപകൻ എന്തെല്ലാം പറയുന്നു എന്നു നോക്കുക. ശൃംഗാരമെന്നു വച്ചാൽ പ്രാധാന്യമാണത്രെ! പ്രാധാന്യമെന്നതു ഉത്തമസുഖവും അതായതു ഭോഗവുമാണുപോൽ. സലീലമെന്നാൽ സവിശേഷമെന്നാണൎത്ഥമെന്നും അതു ശൃംഗാരത്തിന്റെ വിശേഷണമാണെന്നും പറയുന്ന ഈ കൂട്ടൎക്കാൎക്ക എന്തുതന്നെ പറഞ്ഞുകൂടാ. അവയെല്ലാം എടുത്തു വിസ്തരിച്ചു പത്രപംക്തിയെ ഈയുള്ളവൻ മലിനപ്പെടുത്തുന്നില്ല.

"പാരിൽ പാർത്താലിഹ ഫണികുലംതന്നിൽ നിന്നോടുതുല്യം
വൈരിത്വംപൂണ്ടൊരുപതഗമാം പത്രമേറിച്ചരിക്കും"

"ഇതിലെ പാരിൽപാർത്താലെന്നതു വ്യർത്ഥവും 'ഇഹ' എന്നു പ്രയോഗിച്ചിരിക്കുന്നതു നോക്കുമ്പോൾ പുനരുക്തവുമാകുന്നു" എന്നു കാവ്യജീവിതവൃത്തിയിൽ പറഞ്ഞിരിക്കുന്നതിനെപ്പററിയാണു കുറെകഴിഞ്ഞതിന്നുശേഷം—അതിലെ മംഗളശ്ലോകത്തെ ആക്ഷേപിച്ചതിന്നുശേഷം—ആക്ഷേപിക്കുന്നതു്. ആക്ഷേപകൻെറ അക്രമാചരണത്തെക്കുറിച്ചു ഇവിടെ ഒന്നും പറയുന്നില്ല. ആക്ഷേപകൻ പറയുന്ന ഔചിത്യവും സ്വാരസ്യവും തന്നെ അഭിജ്ഞന്മാരുടെ അവജ്ഞയ്ക്കു ധാരാളം വിഷയമായിരിക്കെ മററുള്ളവയെപ്പററി എന്തിനു ചിന്തിക്കുന്നു. പാരിൽ എന്നതു ചരിക്കും എന്നതിനോടാണുപോലുമന്വയിക്കുന്നതു്! പാരിൽ എന്നു പറഞ്ഞില്ലെങ്കിൽ ചരണക്രിയയ്ക്കു ആധാരമില്ലാതെ പോകുമത്രെ. 'ചരിക്കും' എന്ന പേരെച്ചം അന്വയിക്കുന്നതു 'ശൌരിക്കും' എന്നതിനോടാകയാൽ ചരണക്രിയ ശൌരിയുടേതാണെന്നുള്ളതു സിദ്ധമാണു്. ആകയാൽ 'ശൌരി പതഗമാംപത്രമേറിച്ചരിക്കുന്നതു പാരിലാണെന്നു വരുന്നു. വൈകുണ്ഠത്തിലും കൈലാസത്തിലും സ്വർഗ്ഗലോകത്തും സത്യലോകത്തും മററും ശൌരിക്കുചരിക്കതന്നെ വയ്യന്നോ പതഗമാംപത്രമേറിച്ചരിക്ക വയ്യന്നോ എന്താണു് വാഗ്ഭടാനന്ദഗുരുക്കളുടെ അഭിപ്രായം? വൈകുണ്ഠാദി വ്യാവൃത്തി വിവക്ഷിതമല്ലെങ്കിൽ 'പാരിൽ' എന്നതിൻെറ സ്ഥിതി അജാഗളസ്തനത്തിൻേറതുതന്നെ. "സംഭവവ്യഭിചാരാഭ്യാം സ്യാ ദ്വിശേഷണമർത്ഥവൽ" എന്നുണ്ടല്ലോ. സന്ദേശനായകൻെറ കാലത്തു ശൌരി ഗരുഡനിൽ കയറി പാരിൽ സവാരിചെയ്ക പതിവായിരുന്നുവെന്നു പറവാൻ ഭാവമുണ്ടോ? ഇല്ലെങ്കിൽ വിശേഷണത്തിനു സംഭവംപോലും ദുർവ്വചമാവും. ആട്ടെ, ഗരുഡനിൽക്കയറിച്ചരിക്കുക പാരിലോ ആകാശത്തിലോ? അതും പോകട്ടെ, അവൻ ചരിക്കുന്നു; ആയാൾ നടക്കുന്നു ഇത്യാദിയിലൊക്കയും പാരിൽ എന്നു പ്രയോഗിക്കാതിരുന്നാൽ ക്രിയ നിരാധാരമാകുമെന്നോ? ക്രിയയ്ക്കാധാരമായി കർത്താവുണ്ടല്ലോ? പക്ഷേ കർത്താവിന്നാധാരമായി പാരുവേണ്ടേ? ഇല്ലെങ്കിൽ പാതാളത്തിൽ പതിച്ചുപോകയില്ലേ എന്നായിരിക്കാം ഭയം? അയ്യോ പാവം! അവൻ ചരിക്കുന്നു എന്നല്ലാതെ പാരിൽച്ചരിക്കുന്നു എന്നു പ്രയോഗിക്കുക സാധാരണമല്ല. അതുകൊണ്ടു ചരണക്രിയയോ തൽകർത്താവോ അധഃപതിച്ചു കണ്ടിട്ടുമില്ല. അതുവിചാരിച്ചു പേടിക്കയും വേണ്ട. "പാരിൽ എന്നില്ലെങ്കിൽ ചരിക്കും എന്ന ക്രിയ അർത്ഥശൂന്യമായിത്തീരുകയില്ലേ" എന്നു ചോദിക്കുന്നു.

"ആയാറം കതിരപ്പുറത്തു കയറിച്ചരിക്കുന്നു–ഗമിക്കുന്നു–പോകുന്നു–മററെയാറം നടന്നുപോകുന്നു." ഇത്യാദിയിലെ ക്രിയകളെല്ലാം അത്ഥശൂന്യങ്ങളാണെന്നോ? ഈ വക അസംബന്ധങ്ങറംക്കു എന്തു സമാധാനമാണു പറയുക?

'ഇഹ' എന്നതു ഫണികുലം എന്നതിനോടാണന്വയിക്കുന്നതെന്നും ഇവിടെയുള്ള ഫണികുലം എന്നാണതിന്നത്ഥമെന്നും പറയുന്നു. 'ഇഹ' എന്നതിന്നു് ഇവിടെ എന്നല്ലാതെ ഇവിടെയുള്ള എന്നത്ഥമുണ്ടോ? അതിലേയ്ക്കു് "ഇഹത്യം" എന്നു വേണ്ടതല്ലേ? അല്ലെങ്കിൽ ത്യപ്പ്രത്യയവിധി എന്തിന്നു്? അഥവാ 'സ്ഥിതം' എന്നോ മറേറാ വേണം. രൂഢിയോ പ്രയോജനമോ കൂടാതെ ലക്ഷണയ്ക്കുണ്ടോ പ്രസക്തി? അതിന്നും പുറമേ, ആക്ഷേപകൻ പറയുന്നപ്രകാരം ഇവിടെയുള്ള ഫണികുലം എന്നാണത്ഥമെങ്കിൽ ശ്രോതാക്കറംക്കുണ്ടാവുന്ന ബോധം വക്താവിൻെറ സമീപപ്രദേശത്തുള്ള ഫണികുലം എന്നാവാനാണെളുപ്പം; അതയുക്തവുമാണു്. ആക്ഷേപകൻ പറയുന്നു—" ഇവിടെയുള്ള ഫണികുലം എന്നത്ഥം. ഇങ്ങിനെ പറയാതിരുന്നാൽ വൈകുണ്ഠത്തിൽ ഭഗവാൻെറ തല്പമായി അനന്തനും വാഹനമായി ഗരുഡനും മൈത്രി അണഞ്ഞിരിക്കുന്നുണ്ടു്. പാതാളത്തിൽ വസിക്കുന്ന സപ്പങ്ങറംക്കാകട്ടെ, ഗരുഡനിൽനിന്നോ മയൂരത്തിൽനിന്നോ ഭയം നേരിടുന്നതുമില്ല. ആ വ്യാവൃത്തിക്കുവേണ്ടിയാണു്, ഇംഹഫണികുലം എന്നു പ്രയോഗിച്ചതു്," എന്നു, വാഗ്ഭടാനന്ദഗുരുക്കളുടെ വിചാരംപോലെതന്നെ വചനവും അസംബന്ധമായ്ക്കാണന്നതിൽ ആശ്ചയ്യപ്പെടുവാനെന്തുള്ളു? "ഇങ്ങിനെ പറയാതിരുന്നാൽ" എന്ന അംശം എവിടെ എങ്ങിനെയാണന്വയിക്കുക? പഠിപ്പോ തിരിച്ചറിവോ കൂടാതെ വാഗ്ഭടാനന്ദനെന്നുംമററും പറഞ്ഞു ഞെളിയുന്ന വാചാടന്മാരുടെ ജല്പനത്തിലും അന്വയയോഗ്യതചിന്തയോ എന്നാണെങ്കിൽ ശരി. മിണ്ടുന്നില്ല. അതുപോകട്ടെ, 'ഇഹ' എന്നു പ്രയോഗിച്ചില്ലെങ്കിൽ വൈകുണ്ഠവാസിയായ അനന്തനോടും പാതാളലോകത്തിൽ പാക്കുന്ന നാഗവഗ്ഗത്തോടും കൃഷ്ണപ്പരുന്തിനും മയിലിനും വിരോധമുണ്ടെന്നു വന്നേയ്ക്കുമോ? വരുന്നതായാൽത്തന്നെ പ്രകൃതാത്ഥത്തിന്നു അതുകൊണ്ടു ഹാനിയൊന്നുമില്ലല്ലൊ. ഹാനിയില്ലെങ്കിലും അങ്ങിനെയെല്ലാം ഗ്രഹിച്ചു ശ്രോതാക്കറം വിഷമിച്ചുപോകുമെന്നും ഭയപ്പെടേണ്ട. "മൂല്യം പൃച്ഛതിവാസസഃ" എന്നാതരത്തിലുള്ള മനോഗതി ആക്ഷേപകനേപ്പോലെയുള്ള കുപദന്മാക്കും കുചിന്തകന്മാക്കുമല്ലാതെ സഹൃദയന്മാക്കുണ്ടാകയില്ല. അതും പോകട്ടെ, മലയാളികളായ നാം ആരാധിച്ചുവരുന്ന, ഇവിടെയുള്ള മണിനാഗം, അംജനമണിനാഗം, കരുനാഗം മുതലായവയ്ക്കു കൃഷ്ണപ്പരുന്തിൽനിന്നും മയിലിൽനിന്നും അഥവാ വിഷ്ണുവാഹനമായ വൈന

തേയനിൽനിന്നുതന്നെയും ഭയം നേരിടുന്നില്ലായ്കയാൽ ആ വക നാഗങ്ങളുടെ വ്യാവൃത്തി എങ്ങിനെ? അവയൊക്കെയും "ഇഹഫണികു"ളല്ലേ? ആവകയൊക്കയും അന്ധവിശ്വാസമാത്രകല്പിതകളാണെങ്കിൽ, ആക്ഷേപകൻെറ അനന്തനും പാതാളലോകവും തദ്വാസിനാഗവർഗ്ഗവും എന്നുവേണ്ട, ആക്ഷേപകൻ സ്മരിക്കാത്ത കൈലാസവാസിയായ വാസുകിയും സ്വർഗ്ഗവാസിയായ തക്ഷകനും സർവ്വവും അക്കൂട്ടത്തിൽ പെട്ടുപോകും. ആക്ഷേപകൻെറ പ്രയോജനകഥനം ഉന്മത്തപ്രലപനമാണെന്നു ഒന്നുകൂടി തീർച്ചപ്പെട്ടു. അതിനുംപുറമെ കൃഷ്ണപ്പരുന്തിൽനിന്നും മയിലിൽനിന്നും "ഇഹഫണികുലത്തിന്നെന്നപോലെ 'ഇഹതവളപുഴക്കൾ' മുതലായവയ്ക്കും ഭയമുള്ളതുകൊണ്ടു വിരോധം സിദ്ധമാകയാൽ അവയുടെ സംഗ്രഹത്തിന്നായും വല്ല വിശേഷണം വേണമെന്നുംവരും. ആവകയിലൊന്നും കവിക്കു വിവക്ഷയില്ലെന്നാണെങ്കിൽ പാതാളത്തിലുള്ള പാമ്പിൻകൂട്ടത്തിൻേറയും അനന്തൻെറയും വ്യാവൃത്തിയിലും കവിക്കു വിവക്ഷയുണ്ടെന്നു പറഞ്ഞിട്ടും യാതൊരാവശ്യവുമില്ല. അതുകൊണ്ടു വാക്യാർത്ഥത്തിനു മേന്മയൊന്നും വരാനുമില്ല. വല്ലതുമുണ്ടെങ്കിൽ അതു പറഞ്ഞതരത്തിലുള്ള ന്യൂനതമാത്രം. ആകയാൽ 'ഇഹ' എന്നതിനെ ഫണികുലത്തോടന്വയിച്ചു ക്ലേശിക്കുന്നതു അനർത്ഥമാണെന്നും കാവ്യജീവിതവൃത്തിയിൽപറഞ്ഞ ദോഷം തദവസ്ഥമാണെന്നും വരുന്നു.

ഗരുഡനും മയിലിനും തമ്മിൽ പന്നഗവൈരിത്വംകൊണ്ടു സാദൃശ്യമുണ്ടെങ്കിലും വിഷ്ണുവിന്നു മയിലിലാണു പ്രീത്യതിശയമെന്ന വസ്തു വ്യംഗ്യത്തിനോ അഥവാ, ഗരുഡനേക്കാളും മയിലിനു മാന്യത കൂടുമെന്നിങ്ങനെ ഗുണാധിക്യരൂപമായ വ്യതിരേകാലങ്കാരവ്യംഗ്യത്തിനോ ഉത്ഥാപകമായി സ്ഥിതിചെയ്യുന്നതു്, "നിൻപൃഷ്ഠലഗ്നം ഭ്രുരിശ്രീചേർന്നൊരു തനുരുഹം മൂർദ്ധ്നിചൂടുന്നദേവൻ" എന്ന ഭാഗമാണു്. അതിലേയ്ക്കു പാർത്താലെന്നതിൻെറ ആവശ്യമില്ല. ആകയാൽ ആ പദത്തിൻെറ സ്ഥിതി അജാഗളസ്തനത്തിനു സമാനം തന്നെയാണു്.

കാവ്യജീവിതവൃത്തിയിൽ നിർദ്ദേശിച്ചിരിക്കുന്ന ദോഷങ്ങൾ തന്നെയാണെന്നു ഇത്രയുംകൊണ്ടു വ്യക്തമാകുന്നുണ്ടല്ലോ. യഥാർത്ഥപണ്ഡിതന്മാന്യന്മാർക്കും സഹൃദയന്മാർക്കും ആ വിഷയത്തിൽ അന്യഥാ ശങ്കയ്ക്കു അവകാശവുമില്ല. ഇങ്ങിനെയിരിക്കെ പണ്ഡിതന്മാന്യന്മാരും സഹൃദയമാനികളുമായ ചില വാചാടന്മാർ വല്ലതും അർത്ഥമില്ലാതെ ആക്ഷേപിക്കുന്നതുകൊണ്ടു പ്രയോജനമെന്തുള്ളു.

എഴുത്തച്ഛൻേറയോ കോയിത്തമ്പുരാൻേറയോ കൃതികൾക്കു കുറ്റം പറയണമെന്നുള്ള ദുരാഗ്രഹം കാവ്യജീവിതവൃത്തിക്കാരനില്ലെന്നു മ

നുതന്നെ സപ്രമാണം തെളിയിച്ചിട്ടുണ്ട്. സന്ദർഭവശാൽ പ്രാസനിർബന്ധംകൊണ്ടു വന്നുപോയിട്ടുള്ള ഏതാനും ചില ദോഷങ്ങളെ മാത്രമെ അദ്ദേഹം ചൂണ്ടികാണിച്ചിട്ടുള്ളൂ. അല്ലാതെ താദൃശകൃതികളിലുള്ള ദോഷങ്ങളെല്ലാം എടുത്തുകാണിക്കണമെന്നു കാവ്യജീവിതവൃത്തിക്കാരനു ഉദ്ദേശമില്ല. ഉണ്ടായിരുന്നുവെങ്കിൽ പലദോഷങ്ങളും അദ്ദേഹം പ്രദർശിപ്പിക്കുമായിരുന്നു. എന്തിനു വിസ്തരിക്കുന്നു? പ്രകൃതപദ്യത്തിൽത്തന്നെ "ശൌരിക്കും" എന്നതിലെ "ഉം" അധികപദമാണല്ലോ? "മൂൎദ്ധ്നിചൂടുന്നാദേവൻ" എന്ന സ്ഥലത്തു് 'ആ ദേവൻ' എന്നു അവശ്യം വേണ്ടതാകയാൽ ന്യൂനപദത്വമെന്ന കാവ്യദോഷവുമുണ്ട്. അല്ലാത്തപക്ഷം, ശൌരിയും ദേവനും ഭിന്നന്മാരാണെന്നാണുതോന്നുക. ആ സ്ഥിതിക്കു വിരുദ്ധമതികാരിത്വമെന്ന കാവ്യദോഷത്തിനിടയുണ്ടു്. ഇങ്ങനെ ഉദ്ധരിച്ച പദ്യങ്ങളിൽത്തന്നെ പലതും പറയാനുണ്ടു്. ആ വകയൊന്നും പ്രകൃതത്തിന്നാവശ്യകമല്ലായ്കയാൽ അദ്ദേഹം മൌനം ഭജിച്ചിരിക്കുന്നതു നോക്കുക. ഇതുകൊണ്ടാക്കെയും കാവ്യജീവിതവൃത്തിക്കാരൻ ദോഷജ്ഞനാണെങ്കിലും ദോഷൈകദൃഷ്ടിയല്ലെന്നു തെളിയുന്നുണ്ടല്ലൊ.

ഇങ്ങിനെ തൻെറ അജ്ഞത സ്പഷ്ടമായിപ്രകടിപ്പിച്ചിട്ടും ആക്ഷേപകനു മതിയാകുന്നില്ല. അഹങ്കാരാന്ധനായി കുറേക്കൂടി നഗ്നമായ രീതിയിൽ കാവ്യജീവിതവൃത്തിയുടെ മററുചിലഭാഗങ്ങളുടെ നേൎക്കും അതു പ്രകടിപ്പിക്കുന്നു. അതുകൊണ്ടു ഫലമില്ലെന്നറിഞ്ഞിട്ടെന്നപോലെ പ്രസ്തുതഗ്രന്ഥത്തിലെ മംഗളശ്ലോകത്തിൻെറ നേൎക്കു കുറേ അസഭ്യം പുലമ്പിനോക്കുന്നു. ശാന്തം പാപം.

"പ്രാസദീക്ഷയുള്ള മററു കൃതികളിലും" എന്നൊരു വാക്യഖണ്ഡം എവിടെനിന്നോ ഉദ്ധരിച്ചുകൊണ്ടു് "പ്രാസദീക്ഷ കവിയിലുള്ളതല്ലോ?" അതു കൃതിയിൽവരുമോ? എന്നുംമററും ഒരു പെരുംപണ്ഡിതനേപ്പോലെ ആക്ഷേപിക്കുന്നു. കഷ്ടം! കവിത, ജീവിതത്തിൻെറ പ്രതിബിംബനമാണെന്നും വ്യക്തിത്വത്തിൻെറ പ്രതിഫലമാണെന്നും പഠിക്കുന്ന ഇന്നത്തെ സ്കൂൾകുട്ടികൾപോലും ഇതുകേട്ടാൽ ചിരിച്ചുപോകുമല്ലൊ! ലോകജ്ഞാനമോ ശാസ്ത്രജ്ഞാനമൊ സ്വല്പമെങ്കിലുമുള്ള ഒരാൾ ഇങ്ങിനെ പറയുമോ? വാല്മീകിരാമായണത്തിലെ രസം കരുണമാണു്. ഭാരതത്തിലെ ശാന്തമാണു്. ശാകുന്തളത്തിലേതു ശൃംഗാരം. ഉത്തരരാമചരിതത്തിലേതു കരുണം. അല്ല; കരുണവിപ്രലംഭം. എന്നിത്തരം വ്യവഹാരം ലോകപ്രസിദ്ധമാണല്ലൊ? ആക്ഷേപകൻ കേട്ടിട്ടില്ലേ? രസഭാവാദി ചിത്തവൃത്തി

വിശേഷമായിരിക്കെ അതെങ്ങിനെ പ്രബന്ധനിഷ്ഠമായി വ്യവഹരിക്കും? പണ്ഡിതനെന്നു നടിക്കുന്ന ആക്ഷേപകൻ അതൊന്നും ഗ്രഹിച്ചിട്ടില്ലായിരിക്കാം. എന്നാൽ, കേട്ടോളൂ പറഞ്ഞുതരാം, ഏതാദൃശവ്യവഹാരം ആരോപമൂലകമാണ്. അതു ലോകസിദ്ധവും ശാസ്ത്രസമ്മതവുമാണുതാനും. പ്രാസദീക്ഷ അതായതു്, ഉൽഖടേച്ഛാരൂപവും പ്രാസവിഷയകവുമായ അഭിനിവേശം കവിനിഷ്ഠമാണെങ്കിലും തൽകൃതിയിൽ ആരോപിച്ചു വ്യവഹരിക്കാവുന്നതാണ്. സാഹിത്യദൃഷ്ട്യാ ആരോപഫലം ആധിക്യപ്രതീതിയുമാകുന്നു. കൂടാതെ കവിനിഷ്ഠമായ പ്രാസദീക്ഷ, സ്വനിഷ്ഠവിഷയിതാനിരൂപകവിഷയതാവച്ഛേദകത്വസംബന്ധേന കൃതിനിഷ്ഠമാവാമെന്നുള്ളതു ശാസ്ത്രസമ്മതവുമാണ്. മണികാരമതമെന്നും മററും എങ്ങിനേയോ പറയാൻ പഠിച്ച വാഗ്ഭടാനന്ദഗുരുക്കൾ ശാസ്ത്രജ്ഞവിജ്ഞേയമായ ഈ വക സംഗതി അറിയാത്തതിൽ ആശ്ചര്യപ്പെടുവാനില്ല.

---

കാവ്യജീവിതവൃത്തിയിലെ മംഗളശ്ലോകത്തെക്കുറിച്ചുള്ള ആക്ഷേപമാകട്ടെ ആസകലമസംബദ്ധമാണെന്നു മാത്രമല്ല, ദുഷിച്ചു ചീഞ്ഞ ഒരുതരം ചിത്തവൃത്തിയുടെ ബഹിർഗ്ഗമനരൂപവുംകൂടി ആകയാൽ അടക്കാൻപാടില്ലാത്തവിധം ജുഗുപ്സാവഹമായിട്ടാണിരിക്കുന്നതു്. തറവാടിത്വം സ്വല്പമെങ്കിലുമുള്ളവർ അതു കണ്ടാൽ ദൂരെ മാറിപ്പോകാതിരിക്കയില്ല. പിന്നെയീയുള്ളവനെങ്ങിനെ അടക്കും. അകലെനിന്ന് അസംബദ്ധങ്ങളിൽ ചിലതുചൂണ്ടിക്കാണിക്കാം. മലയാളഭാഷയിൽ പരിണാമം, അതായതു, മറെറാന്നായി മാറുക എന്നൎത്ഥത്തിലും സൃഷ്ടി എന്ന അൎത്ഥത്തിലും 'ചമ' എന്ന ധാതുവുണ്ടു്. അതിൽ പരിണാമാൎത്ഥകമായ ചമ ധാതുവിന്നു പ്രയോജകത്വാൎത്ഥം കുറിപ്പാൻ കാരിതീകരണം മതി. 'പ്പി'പ്രത്യയത്തിൻെറ ആവശ്യമില്ല. അതു സൃഷ്ട്യൎത്ഥകമായ 'ചമ' ധാതുവിന്നാണ്. മാരീചൻ പൊന്മാനായി ച്ചമഞ്ഞു. രാവണൻ മാരീചനെ പൊന്മാനായിച്ചമച്ചു. അഥവാ പൊന്മാനാക്കിച്ചമച്ചു. (പ്രയോജകക്രിയ സ്ഥലത്തു പ്രാക്പ്രയോഗമായ 'ആ' ധാതുവിനെക്കൂടി തമിഴിലെ 'അവൻ വന്താൻ' 'അവൾ വന്താൾ' ഇത്യാദിപോലെ, പൊരുത്തമനുസരിച്ചു, കാരിതമാക്കുന്നുണ്ടെങ്കിലും അതു വിശേഷിച്ചു പ്രയോജനമൊന്നുമില്ലായ്കയാൽ കൂടിയേ കഴിയൂ എന്നില്ല. 'സംപ്രതിഗച്ഛതി' എന്നതിലെ സമ്പ്രതി പ്രയോഗത്തിന്നു സമാനയോഗക്ഷേമം മാത്രമാണതു്.) സൃഷ്ട്യൎത്ഥകമായ ചമ ധാതുവിന്നാണു പ്രയോജകന്യൎത്ഥകമായ 'പ്പി'പ്രത്യയത്തിൻെറ ആവശ്യം. പരിണാമാൎത്ഥകമായ 'ചമ' ധാതുവിന്നു, ചമയുന്നു-ചമയ്ക്കുന്നു എന്നും സൃഷ്ട്യൎത്ഥകമായ 'ചമ' ധാതുവിന്നു,

ചമയ്ക്കുന്നു ചമപ്പിക്കുന്നു എന്നുമാണു കേവലരൂപവും പ്രയോജകരൂപവും. മംഗളശ്ലോകത്തിൽ പ്രയോഗിച്ചിരിക്കുന്ന 'ചമ' ധാതു പരിണാമാത്ഥകമെന്നുള്ളതു സ്പഷ്ടവുമാണ്. അതൊന്നും പണ്ഡിതനെന്നു നടിക്കുന്ന വാഗ്ഭടാനന്ദഗുരുക്കൾക്കറിവില്ലെങ്കിൽ കാവ്യജീവിതവൃത്തിക്കാണോ കുററം?

"നിന്ദതികഞ്ചുകമേവപ്രയശ്ശുഷ്കസ്തനീ നാരീ"

എന്നല്ലാതെ മറെറന്തു പറയട്ടെ.

'സരസമായ്' എന്നതു് ക്രിയാവിശേഷണമാണെന്നും അതു സംസാധനേ എന്നതിനോടാണന്വയിക്കുന്നതെന്നും വാക്യസ്വരൂപമറിയുന്നവക്കൊക്കെ അറിയാം.

'സാക്ഷാൽ' എന്നതു തത്സമവഗ്ഗത്തിൽപ്പെട്ട മലയാളപദമാണ്. മലയാളികൾ 'സാക്ഷാൽ' എന്ന് എഴുതുകയും 'സാക്ഷാല്' എന്നുച്ചരിയ്ക്കുയുമാണു പതിവ്. അതാണുതാനും ഭാഷാസ്വഭാവം. ഭാഷാപദങ്ങളിൽ സംസ്കൃതവ്യാകരണവിധി പ്രവത്തിക്കുമെന്നു വാഗ്ഭടാനന്ദഗുരുക്കളല്ലാതെ ആരെങ്കിലും പറയുമോ?

വൈഖരിയെ പ്രത്യക്ഷരൂപയായ വാഗധിദേവിയായധ്യവസായം ചെയ്തുകൊണ്ടാണ് 'സാക്ഷാൽ വാഗധിദേവി വൈഖരി' എന്നു പ്രയോഗിച്ചിരിക്കുന്നതു്. വാഗധിദേവി വൈഖരിയിൽ അന്വയിക്കുന്നതു് അഭേദസംബന്ധം പുരസ്കരിച്ചാണ്. "നാമാത്ഥയോരഭേദേനാന്വയഃ" എന്നു ന്യായമുള്ളതുകൊണ്ടു മറെറാരുവിധത്തിലും സംശയിപ്പാനവകാശവുമില്ല. 'പശ്യന്തീ, മദ്ധ്യമാ, വൈഖരി' എന്നിവ പരാശക്തിയുടെ സാകാരങ്ങളായ അവസ്ഥാഭേദങ്ങളാണെന്നാണ് ശാസ്ത്രസിദ്ധാന്തം.

"നമസ്കൃത്യപരാം വാചംദേവീംത്രിവിധവിഗ്രഹാം"

എന്ന അലങ്കാരസർവ്വസ്വത്തിലെ മംഗളശ്ലോകവും അതിൻെറ വ്യാഖ്യാനഭാഗങ്ങളും മാത്രമെങ്കിലും നോക്കട്ടെ. ഏതായാലും വാഗ്ഭടാനന്ദഗുരുക്കളുടെ ഏതാദൃശമായ അജ്ഞത്വം കാവ്യജീവിതവൃത്തിയുടെ സമുദായത്തിനു ഒരു വിധത്തിലും പ്രതിബന്ധകമല്ലെന്നുള്ളതു തീച്ചയാണല്ലോ.

മരുഭൂവുണ്ടിടയ്ക്കെന്നുമഴപെയ്യാതൊഴിക്കുമോ?
തമസ്സിനെബ്ഭയന്നിന്ദു താനുദിക്കാതിരിക്കുമോ?

കാവ്യജീവിതവൃത്തിയിലെ മംഗളശ്ലോകത്തിൽ പലതരത്തിലും അശ്ലീലത്വം സ്വപ്നംകണ്ടു തൃപ്തിപ്പെടുന്ന വാഗ്ഭടാനന്ദഗുരുക്കൾ പ്രകൃത്യാ അശ്ലീലരുചിയും അസഭ്യദൃഷ്ടിയുമാണെന്നോ മഹാജനങ്ങൾ വിചാരിക്കുകയു

ള്ളൂ. അദ്ദേഹം യാവ ചിലതിൽ അശ്ലീലത്വം ദർശിച്ചു തൃപ്തിഅടയുന്നുവോ ആവക ശബ്ദപ്രയോഗങ്ങൾ ഭാഷ്യവിവരണവ്യാഖ്യാനാദി ഗ്രന്ഥങ്ങളിൽ സുലഭങ്ങളാണ്. "നനപ്രയോജനാപ്രതിപാദനേ ഇഷ്ടസാധനതാജ്ഞാനാഭാവാൽ പ്രേക്ഷാവൽ പ്രവൃത്തിനാസലാൽ-അതആഹ—ഇഹേതി" എന്നിങ്ങിനെ വാമനഭട്ടൻ തൻെറ വ്യാഖ്യാനത്തിൽ 'ഇഹാഭിധേയം സപ്രയോജനമാഹ' എന്ന കാവ്യപ്രകാശപങ്ക്തിയെ അവതരിപ്പിച്ചിരിക്കുന്നതെങ്കിലും ഒന്നു നോക്കട്ടെ. അവിടെ "പ്രേ" മാത്രമല്ല അതിന്നുശേഷമുള്ള 'പ്രവൃത്തി'യിൽക്കൂടി മനസ്സുചെലുത്തി വാഗ്ഭടാനന്ദനു സ്വപ്രകൃത്യനുഗുണമായ ആനന്ദമനുഭവിക്കാം. തറവാടികൾ സാഹിത്യരംഗത്തിൽ പ്രവേശിച്ചു വങ്കത്തം പറയുമോ? വാഗ്ഭടാനന്ദഗുരുക്കൾക്ക് എന്തുമാവാമായിരിക്കാം. ശരി: ക്ഷീണിക്കുന്നതുവരെ അഥവാ ക്ഷീണിച്ചാലും പറഞ്ഞുകൊള്ളട്ടെ. ആവക ഭാഷണംകൊണ്ടു കാവ്യജീവിതവൃത്തിക്കോ തൽകർത്താവിന്നോ ഹാനിയൊന്നുമില്ലെന്നു ഈയുള്ളവനു മാത്രമല്ല ലോകത്തിന്നുമറിയാം.

പട്ടികുരയ്ക്കുകിൽ പൂർണ്ണസുധാകരൻ
പൂനിലാവെങ്ങും പൊഴിക്കാതൊഴിക്കുമോ?
ഖദ്യോതവൃന്ദങ്ങളുണ്ടെന്നുവെച്ചെന്തു
ഖദ്യോതനൻ പ്രകാശിക്കാതിരിക്കുമോ?

എന്ന ഈരടികളെ മുൻനിറുത്തി ഈ ഘട്ടത്തിൽനിന്നു ഒഴിഞ്ഞുമാറിക്കളയാം.

## കുടകും അവിടത്തെ ജനങ്ങളും.

(P. R.)

1852 ചതുരശ്രമൈൽസു് വിസ്തീർണ്ണമുള്ള കുടക് ദക്ഷിണ ഇൻഡ്യയിലെ ഒരു ചെറിയ പ്രാവിൻസാണ്. വയനാടിനും മൈസൂറിലെ മഞ്ജറബാദ്ഘട്ടത്തിനും മദ്ധ്യേ പൂർവ്വാഭിമുഖമായി പശ്ചിമഘട്ടത്തിൻെറ മുകളിൽ സ്ഥിതിചെയ്യുന്ന ഈ പ്രാവിൻസിൻെറ തെക്കുഭാഗത്തു കാനറയും വടക്കേമലയാളവും അതിരായിക്കിടക്കുന്നു.

ദക്ഷിണഇൻഡ്യയിലെ മനോഹരസ്ഥലങ്ങളിൽ ഇതിനെ ഒന്നായി ഗണിക്കാവുന്നതാണ്. അനവധി നദികൾ, ഹരിതാഭമായ വനപ്രദേശം, ഉന്നതഗിരിശൃംഗം, സുന്ദരസാനുസ്ഥലം എന്നിവകൊണ്ടലംകൃതമായ ഈ സ്ഥലത്തെ നന്ദവനത്തിലെ വിനോദസങ്കേതമെന്നു സങ്കല്പിക്കാറുണ്ട്. പർവ്വതങ്ങളിൽ മേരുവിനോടും പുഷ്പങ്ങളിൽ കുന്ദത്തോടും സാദൃശ്യമുള്ള ഈ മോഹനപ്രദേശം അത്യാകർഷകമായ പ്രകൃതിരാമണീയതയാൽ ശോഭിക്കുന്ന ഗിരിപരമ്പരകളാൽ ആവൃതമായിരിക്കുന്നതു സുന്ദരിയായ ഒരു യുവതിയുടെ കഴുത്തു മുത്തുമാലയാൽ ശോഭിക്കുന്നതുപോലെയെന്നു ഒരു കവി വർണ്ണിച്ചിരിക്കുന്നു.

ആന്ധ്റദേശത്തെ ആതപത്തോടു പോരാടി പരാജയപ്പെട്ട ഒരുവനൊ, പൂർവ്വതീരത്തെ അധിവസിച്ചു ആതപസ്നാതനായ ഒരു മുതലിയാരോ, അയ്യരോ, ചെട്ടിയോ, കണ്ണൂർ, തലശ്ശേരി, കോഴിക്കോട് ഈ പ്രദേശങ്ങളിൽ സ്വേദധാരയിൽ മുങ്ങുന്ന ഒരു മലയാളിയോ അഭയസ്ഥാനമായി വരിക്കുന്നതു് കുടകുതന്നെയാണ്.

സുലഭജീവിതം, ഉദാരമതികളായ ജനങ്ങൾ എന്നുതുടങ്ങി പല ആനുകൂല്യങ്ങളും കുടകിൽ പ്രവേശിക്കുന്ന ഒരു വൈദേശികനെ സ്വദേശത്തേയ്ക്കു മടക്കി അയയ്ക്കാൻ പ്രതിബന്ധിക്കുന്നു. ഗ്രീഷ്മകാലത്തു 80 ഡിഗ്രിയിൽ കൂടാത്ത ചൂടുനിമിത്തം കുടകിൻെറ തലസ്ഥാനനഗരിയായ മിർകാറ ദക്ഷിണ ഇൻഡ്യയുടെ സുഖവാസസ്ഥലമായിത്തീർന്നിട്ടുണ്ട്.

കുടകിൻെറ പൌരാണികചരിത്രം രസാവഹമാണ്. കുടകു ഭരിക്കുന്നതിന് അവിടത്തെ സ്വദേശികൾക്കാർക്കും സാധിച്ചിട്ടില്ലെന്നാണു തോന്നുന്നതു്. പതിനേഴാംനൂററാണ്ടിൻെറ മദ്ധ്യകാലംവരെ ലിംഗായത-രാജാക്കന്മാർ ഭരിച്ചിരുന്നതായിക്കാണുന്നുണ്ട്. പതിനാറാംനൂററാണ്ടിൻെറ അന്ത്യഘട്ടത്തിൽ എക്കേറി രാജവംശത്തിൽപെട്ട ഒരു യുവാവിനെ നാടുകടത്തി. ഈ രാജകുമാരൻ സന്യാസവേഷധാരിയായി കുടകിൽ എത്തി ഹെയൽറി എന്ന സ്ഥലത്തു താമസമുറപ്പിച്ചു. ഏതാനുംകാലംകൊണ്ടു കുടകിലെ ഏതാനും പ്രഭുക്കന്മാരുടെ വിശ്വാസത്തിനു പാത്രമായി. 1681-ൽ കുടകിലെ ഒന്നാമത്തെ രാജാവായി ഇദ്ദേഹത്തെ അവരോധിച്ചു. ടിപ്പു മൈസൂർ അധിപതിയായി വാഴുന്ന കാലത്തു കുടകിനെ ആക്രമിച്ചു കൈവശപ്പെടുത്തി. ഏറെത്താമസിയാതെ ഈ രാജവംശത്തിൽപെട്ട ഒരാൾ ടിപ്പുവിൻെറ കാരാഗൃഹത്തെ ഭഞ്ജിച്ചു കുടകിൽ എത്തി. കുടകിലെ ജന

ങ്ങളുടെ സഹായത്തോടെ മുഹമ്മദീയഭരണം അവസാനിപ്പിച്ചു. അനന്തരം കുടകുരാജാക്കന്മാർ ബ്രിട്ടീഷ് ആധിപത്യത്തിൻെറ ഒരു സഹായി എന്ന നിലയിൽ മൈസൂർ യുദ്ധകാലത്ത് ഇംഗ്ലീഷുകാരെ പലവിധത്തിൽ സഹായിച്ചു. ഈ രാജവംശത്തിൽ ഒടുവിലത്തെ രാജാവ് ഒരു ക്രൂരനായിരുന്നു. അതിനാൽ 1834-ൽ കുടക് ബ്രിട്ടീഷധികാരത്തിൽപെടുത്തി.

ഇന്നു കുടകിൻെറ ഭരണം ഇൻഡ്യാഗവമ്മെൻറു നേരിട്ടുനടത്തിപ്പോരുന്നു. മൈസൂർ റസിഡൻറ് ഇവിടത്തെ ചീഫ്കമ്മീഷണർ ആണ്. പ്രാദേശിക ഗവമ്മെൻറിൻെറ സവ്വാധിപത്യവും ഈ ഉദ്യോഗസ്ഥനിൽ സ്ഥിതിചെയ്യുന്നു. സെക്രട്ടറിയേററും ഹൈക്കോർട്ടും ചീഫ്കമ്മീഷണരുടെ ഹെഡ്ക്വാർട്ടറിൽ (ബങ്ക്ളൂരിൽ) സ്ഥിതിചെയ്യുന്നു. കുടകിലെ പ്രധാനഉദ്യോഗസ്ഥൻ ചീഫ്കമ്മീഷണർ ആകുന്നു. അദ്ദേഹം മിർകാറയിൽ താമസിക്കുന്നു. എല്ലാ ഡിപ്പാർട്ടുമെൻറിൻേറയും മേലാവ് ഇദ്ദേഹംതന്നെ. കുടകിൽ ഒരു നിയമനിമ്മാണസഭയുണ്ട്. പതിനഞ്ചംഗങ്ങളെ ജനങ്ങൾതന്നെ തിരഞ്ഞെടുക്കുന്നു. അഞ്ചു അംഗങ്ങളെ ഗവമ്മെൻറു നിശ്ചയിക്കുന്നതാണ്. ചീഫ്കമ്മീഷണർ ആ സഭയുടെ പ്രസിഡൻഡാണ്.

കുടകിലെ ജനസംഖ്യ ഒരുലക്ഷത്തിഎൺപതിനായിരത്തോളമുണ്ട്. ഇതിൽ നാല്പതുശതമാനത്തോളം കുടകിൻെറ സ്വന്തം സന്തതികളാണ്. ക്ഷത്രിയരെന്നു ഗണിച്ചുപോരുന്ന ഈ വീരവർഗ്ഗം ഒരു പ്രത്യേകജാതിയായി അഭിമാനിച്ചുപോരുന്നു. ഇൻഡ്യയിലെ പവ്വതനിവാസികളായി കാണുന്ന അപരിഷ്കൃതജനതതിയുടെ ആചാരങ്ങളോ അനുഷ്ഠാനങ്ങളോ ഒന്നുംതന്നെ ഇവരിൽ കാണുന്നില്ല. നാസാസ്വരൂപം ദീർഘബാഹുകൾ, മുഖാകൃതി, നിറം എന്നിവയെ അടിസ്ഥാനപ്പെടുത്തി ഇവരെ പരിശോധിക്കുന്നപക്ഷം ദാക്ഷിണാത്യരല്ലെന്നു വിശദപ്പെടുന്നതാണ്. മദ്രാസ് സംസ്ഥാനത്തുള്ള ബ്രാഹ്മണവർഗ്ഗക്കാരിൽ കാണുന്ന പൂവ്വനിവാസിതലക്ഷണങ്ങൾ ഇവരിൽ അല്പതരമായിട്ടേ കാണ്മാനുള്ളു.

ഇവർ ഒരു രാജന്യവർഗ്ഗമെന്നു തോന്നിപ്പോകുന്നു. സ്വന്തമായ ഒരു ഭാഷ, വേഷവിധാനം, ഭൂസ്വാമിത്വം എന്നിങ്ങനെ പലതും ഇവരുടെയിടയിൽ പ്രത്യക്ഷമാണ്. കാനറി, തമിഴ്, മലയാളം എന്നിവയുടെ സങ്കരമായ ഒരു ഭാഷയാണ് സംസാരിച്ചുപോരുന്നത്. വസ്ത്രധാരണക്രമം ഇൻഡ്യയിൽകാണുന്ന സമ്പ്രദായത്തെ സവിശേഷം ഭേദിച്ച ഒരു രീതി

യിൽ ആണ്. ശുഭ്രമായ ഷർട്ട് വെളിയിൽ കാണത്തക്കവണ്ണം കൈമുട്ടോളംമാത്രം എത്തുന്ന ഒരു കറുത്ത ലാങ്ക്കോട്ടാണ് സാധാരണ ധരിക്കാറുള്ളതു്. കസവുള്ള ഒരു പട്ടുസാഷ്—സാധാരണ ആറുഗജം നീളം കാണാം—അരയിൽ ചുററിയിരിക്കും. ഒരു ചെറിയ കഠാരി ഉറയിൽ ഇട്ടു വലത്തുവശത്തും നീളമേറിയ ഒരുകത്തി പുറത്തും തൂക്കിയിടുന്നു. ഒരു തലപ്പാവും ധരിച്ചിരിക്കും. ഇത്രയും പുരുഷോചിതവേഷമാണ്. ഇൻഡ്യയിൽ കാണുന്ന സാരിയെ അപേക്ഷിച്ച വലിയ വ്യത്യാസം സ്ത്രീകളുടെ വസ്ത്രത്തിലും കാണുന്നുണ്ട്. നാലുഗജം നീളത്തോളം ശരീരത്തിൻെറ കീഴ്ഭാഗത്തോളം ചുററിമറയ്ക്കുന്നു. പിൻവശത്തു് അതിനെ കെട്ടി ശേഷിച്ച രണ്ടുഗജം സാരികൊണ്ടു ഒന്നുകൂടി ചുററി വലതുതോളിനടുത്തു ഒരുകെട്ടുകൊണ്ടു് അവസാനിപ്പിക്കുന്നു. ഭുജം മുഴവൻ മറയ്ക്കത്തക്കതും കഴുത്തുള്ളതുമായ ഒരു ജാക്കററും വിസ്തൃമരത്തായ ഒരു ശിരോപവേഷ്ടനവസ്ത്രവും കുടകുകാരിസ്ത്രീയുടെ അഭിമാനത്തിനുതകിയതാണ്.

ഗണപതി അവരുടെ ഇഷ്ടദേവതയാണ്. ദക്ഷിണഇൻഡ്യയിലെ പാവനനദിയായ കാവേരിയേയും അവർ ആരാധിക്കുന്നുണ്ട്. ആ നദിയുടെ ഉത്ഭവം കുടകിൽനിന്നാണല്ലൊ. സപ്പാരാധന അവരുടെ ഇടയിൽ അറിയപ്പെടാത്ത ഒരു സംഗതിയാണ്. ഇഷ്ടദേവതകളായിവരിച്ച് മൂത്തിഭജനവും ജനങ്ങളുടെ ഇടയിൽ കാണുന്നുണ്ട്.

വിവാഹം സംബന്ധിച്ച അടിയന്തിരം ദക്ഷിണഇൻഡ്യയിൽ ഉള്ളവയെ അപേക്ഷിച്ച് ഏററവും മിതമായ രീതിയിലാണ്. ബാല്യവിവാഹം അവിടെ നടപ്പില്ല. വിധവാവിവാഹം നടപ്പുമുണ്ട്. മരണമടഞ്ഞവരോട് അത്യന്തബഹുമാനത്തോടേ വത്തിക്കുന്നു. വിവാഹിതരോ, പതിനാറുവയസ്സുകഴിഞ്ഞവരോ മരിച്ചാൽ ദഹനംകഴിയുന്നതിനുമുമ്പു രണ്ടു വെടിവീതം ഇടയ്ക്കിടെ മൃതാരാധനമായി നടത്തിപ്പോരുന്നു. ദുഃഖസൂചകമായി ധരിക്കുന്ന വസ്ത്രം ശുഭ്രമാണ്. പിതൃകമ്മം ചെയ്യാൻ മററു പുരോഹിതരെ ആശ്രയിക്കാതെ അവർതന്നെ നടത്തിപ്പോരുന്നു.

# ഏതുതരത്തിലുള്ള വിദ്യാഭ്യാസമാണു വേണ്ടതു്?

(K. S.)

മനുഷ്യനെ ലോകജീവിതത്തിനു സവ്വഥാ അഹനാക്കുന്ന ഒരു വിദ്യാഭ്യാസപദ്ധതിയാണു നമുക്കുവേണ്ടതു് എന്നു് ആരും ഒററശ്വാസത്തിൽ പറയും. ഓരോ കുരുടന്മാർ ആനയുടെ ഓരോ അവയവങ്ങളെ സ്പശിച്ച ശേഷം ഓരോതരത്തിൽ ആനയുടെ സ്വരൂപത്തെപ്പററി അഭിപ്രായപ്പെട്ടതുപോലെ, വിദ്യാഭ്യാസത്തെപ്പററിയും വിദഗ്ദ്ധന്മാരുടെ ഇടയിൽ ഏകപക്ഷാഭിപ്രായങ്ങൾ ധാരാളം കാണാറുണ്ടു്. പണ്ടുള്ളവർ സാഹിത്യാഭ്യസനത്തിനു വിദ്യാഭ്യാസപദ്ധതിയിൽ പ്രാഥമ്യം നൽകിയിരുന്നു. അതുകൊണ്ടുതന്നെയല്ലേ സംഗീതവും സാഹിത്യവും രസിക്കാത്തവൻ വാലും കൊമ്പും ഇല്ലാത്ത പശുവാണു്; എന്നു് ഒരു പണ്ഡിതൻ അഭിപ്രായപ്പെട്ടതു്? സാഹിത്യപക്ഷപാതികളായവർ സാഹിത്യം വേണമെന്നും, ജ്യോതിഷപക്ഷപാതികൾ ജ്യോതിഷമാണു പ്രധാനമെന്നും, വേദാന്തപക്ഷപാതികൾ വേദാന്തമാണാവശ്യമെന്നും, ഇങ്ങിനെ 'ബഹുജനം പലവിധം' എന്ന മട്ടിൽ അഭിപ്രായപ്പെടുന്നതു് ഒരിക്കലും ഔചിത്യരഹിതമല്ല. എന്തെന്നാൽ ഒന്നുമാത്രം ശരിയായി അറിഞ്ഞ ഒരാളിനു് അതിനേപ്പററിയേ ഒരു സയുക്തികമായ അഭിപ്രായം പറയാൻ സാധിക്കുകയുള്ളു. പക്ഷെ, ഇന്നത്തെ സ്ഥിതിക്കു്, ജീവിതരീതികൾ പൗരാണികകാലങ്ങളേക്കാൾ എത്രയോ ഭിന്നമായിരിക്കേ, ജീവിതവൈഷമ്യങ്ങൾ അന്നത്തേക്കാൾ സഹസ്രഗുണം വദ്ധിച്ചിരിക്കേ, അന്നത്തെപ്പോലെ കഥകളിയും നാടകവും മററും കണ്ടുരസിച്ചും, ശൃംഗാരപദ്യങ്ങൾ എഴുതി ഉരുവിട്ടു പഠിച്ചും, തിരുവാതിരപ്പാട്ടു പാടിയും, ഇന്നു കഴിച്ചുകൂട്ടുവാൻ സാധിക്കുമോ എന്നാരായേണ്ടതു് അത്യാവശ്യമാണു്. സാഹിത്യത്തിനു വിദ്യാഭ്യാസത്തിൽ മാന്യമായ ഒരു സ്ഥാനമുണ്ടെന്നുള്ളതു വിവാദരഹിതമാണു്; എന്നാൽ സാഹിത്യാഭ്യസനംതന്നെ ആണു വിദ്യാഭ്യാസം എന്നു പറയുന്നതിനേ തക്കമുള്ളു. ഇന്നു നമുക്കു് വേണ്ട വിദ്യാഭ്യാസരീതി നിണ്ണയിക്കുന്നതിനു പൗരാണികമാനദണ്ഡങ്ങൾ—പൗരാണികജീവിതരീതികളെ പുരസ്കരിച്ചുള്ള മാനദണ്ഡങ്ങൾ—പയ്യാപ്തങ്ങളല്ല. അന്നു് ആയുധാഭ്യാസം ഒഴിച്ചാൽ, വിദ്യാഭ്യാസം മുഴുവനും മാനസികമായിരുന്നു എന്നുകാണാം. ഇന്നും ആ രീതിത

ന്നെ തുടൻകൊണ്ടു പോയാൽ നമുക്കു പുരോഗതിക്കു പകരം അധോഗതിയാണു കലാശം. ഇന്നു് ആവശ്യത്തിനനുസരിച്ച വരുമാനമില്ലാത്തതുകൊണ്ടു നൂതനമാൎഗ്ഗങ്ങൾ കണ്ടുപിടിക്കേണ്ടതാവശ്യമായതിനാൽ സൃഷ്ടിപരമായ ഒരു ശക്തിവിശേഷം നമുക്കു ലഭിക്കണം. അതിനുതകുന്ന ഒരു വിദ്യാഭ്യാസപദ്ധതിയാണു നമുക്കു് അഭിലഷണീയമായതും.

ഇന്നു രാഷ്ട്രീയമായും, സാമുദായികമായും, മാനസികമായും, ശാരീരികമായും, ഇങ്ങിനെ നാലുതരത്തിൽ പരിശീലനം അത്യാവശ്യമായിത്തീൎന്നിരിക്കുന്നു. രാഷ്ട്രങ്ങളും സമുദായങ്ങളും പണ്ടത്തേക്കാൾ എണ്ണത്തിലും വണ്ണത്തിലും അധികരിച്ചിരിക്കുന്നതുകൊണ്ടു നമുക്കു് അവയെപ്പററി ഒരു സ്ഥൂലജ്ഞാനമുണ്ടാകണം. സാമുദായികകലഹങ്ങളേയും, രാഷ്ട്രീയ പ്രക്ഷോഭണങ്ങളേയും അത്യാവശ്യമായി വൎദ്ധിപ്പിക്കുന്നതിനല്ല, അവയെ ഇല്ലാതാക്കുന്നതിനാണു നാം പഠിക്കേണ്ടതും, തന്മൂലം പരിശ്രമിക്കേണ്ടതും. ജീവിതസൗഖ്യം മനസ്സിന്റെ സൗഖ്യത്തേയും നിൎമ്മലതത്തേയും ആശ്രയിച്ചിരിക്കുന്നതിനാൽ മാനസികമായ വിദ്യാഭ്യാസവും വേണം. വിനാഴികതോറും വൎദ്ധിച്ചുവരുന്ന ജനതയുടെ ശാരീരികാവശ്യങ്ങൾ നിറവേററുന്നതിനു പ്രകൃതിദത്തങ്ങളായ സൗകൎയ്യങ്ങൾ മതിയാകാതെ വന്നിരിക്കുന്നതിനാൽ നൂതനമാൎഗ്ഗങ്ങൾ സൃഷ്ടിക്കുന്നതിനു വേണ്ടി സൃഷ്ടിപരമായ ഒരു ശക്തിവിശേഷം നമുക്കു സിദ്ധിക്കണം. ചുരുക്കത്തിൽ മേല്പറഞ്ഞ നാലു രീതിയിലുള്ള പരിശീലനവും ഒരു മനുഷ്യനെന്ന നിലയിൽ ജീവിക്കുന്നതിനു് ഓരോ വ്യക്തിക്കും അത്യാവശ്യമായി വന്നിരിക്കുന്നു.

'ചുവരുണ്ടെങ്കിലേ ചിത്രമെഴുതാൻ സാധിക്കൂ' എന്ന പഴമൊഴി നമുക്കെല്ലാവൎക്കും അറിയാം. മനുഷ്യനു ശരീരമില്ലെങ്കിൽ ഇന്നു കാണുന്ന തരത്തിലുള്ള രാഷ്ട്രവും സമുദായവും, ഒന്നും കാണുകയില്ല. അതിനാൽ മററുതരത്തിലുള്ള പരിശീലനങ്ങളേക്കാൾ ശരീരസംരക്ഷണപരിശീലനമാണു പ്രാധാന്യംഅൎഹിക്കുന്നതു്. ശുദ്ധവായു, ശുദ്ധജലം, ആഹാരം, വസ്ത്രം, മഴയും വെയിലും ഉപദ്രവിക്കാത്ത സുഖമായ ഒരു വിശ്രമസ്ഥാനം ഇത്രയും അത്യാവശ്യമാണു്. പറയാൻ വിഷമമില്ലെങ്കിലും ഇവ സാധിക്കാൻ വിഷമമുള്ളതാണെന്നു് എവൎക്കുമറിയാം. പ്രകൃതിദത്തങ്ങളായ ഫലമൂലങ്ങൾ ഭക്ഷിച്ചു ഗുഹകളിലും, പാറകെട്ടുകളിലും മററും സ്വൈരമായി മൃഗങ്ങളെപ്പോലെതന്നെ മനുഷ്യനും പുരാതനകാലങ്ങളിൽ ജീവിച്ചുവന്നു. കാലക്രമത്തിൽ സംഖ്യ വൎദ്ധിച്ചുവന്നപ്പോൾ പ്രകൃതിദത്തങ്ങളായ ആഹാരങ്ങളും സുഖസൗകൎയ്യങ്ങളും മതിയാകാതെ നൂതനമാൎഗ്ഗങ്ങളിൽക്കൂടി പ്രകൃതിയോടു പട

വെട്ടി, അവയെ വർദ്ധിപ്പിക്കാൻനിർബ്ബന്ധിതനായ മനുഷ്യൻ, കൃഷി, വേട്ട മുതലായ പല രീതികളും അവലംബിച്ചുതുടങ്ങി. താമസിക്കുന്നതിനു കെട്ടിടങ്ങളും, നഗ്നതയെ മറയ്ക്കാൻ വസ്ത്രങ്ങളും ഉണ്ടായി. പിന്നീടു മനുഷ്യനു സഹജമായ ധൈര്യം, സ്ഥൈര്യം, ബുദ്ധിവിശേഷം എന്നിവകൊണ്ടു് അവൻ അവൻെറ പരിധികളെ അതിക്രമിച്ചുതുടങ്ങി. പുതിയ പുതിയ രീതികളിൽ കൂടിസുഖസൗകര്യങ്ങൾ സംസിദ്ധമാക്കുന്നതിന് അവൻ നിരന്തരം യത്നിച്ചു. വ്യവസായങ്ങളും കൈത്തൊഴിലുകളും ആവിർഭവിച്ചു. മാനസികവും ശാരീരികവും ആയ ശാസ്ത്രങ്ങൾ സൃഷ്ടങ്ങളായി. ഇവയെല്ലാം അതതവസരങ്ങളിലെ ആവശ്യങ്ങളനുസരിച്ചു് ഓരോന്നായും കാലക്രമേണയും ഉണ്ടായവയാണു്; അല്ലാതെ ഒരു ദിവസം പ്രഭാതത്തിൽ ഇവയെല്ലാംകൂടി ഒന്നിച്ചു ഭൂമിയിൽ ആവിർഭവിച്ചതല്ല. 'ആവശ്യമാണു സൃഷ്ടിയുടെ മാതാവു്.' ആവശ്യാനുസരണമാണു പ്രകൃതിയിൽനിന്നും ഭിന്നമായ എന്തും ലോകത്തിലുണ്ടായിട്ടുള്ളതു്. മനുഷ്യൻെറ ബുദ്ധിശക്തിയിൽനിന്നും അവനു സിദ്ധിച്ചിട്ടുള്ള സൃഷ്ടിപരമായ വിശേഷശക്തിയാണു് അവനെ പ്രകൃതിക്കും അതീതനാക്കാൻ തപരിപ്പിക്കുന്നതു്. ഈവക പുതിയ സൃഷ്ടികളധികവും ശാരീരികാവശ്യങ്ങളെ നിറവേററുന്നതിനുള്ളവയാണെന്നു കാണാം. ഇന്നു കൃഷിതന്നെയോ, കച്ചവടം മാത്രമോ, സാഹിത്യമോ മനുഷ്യൻെറ ആഹാരാദ്യാവശ്യങ്ങളെ നിറവേററുകയില്ല. ഭൂമിയുള്ളവർ കൃഷിചെയ്യുകയും കൃഷിക്കു സൗകര്യമില്ലാത്ത സ്ഥലങ്ങളിൽ ജീവിക്കുന്നവൎക്കു കൈമാററംകൊണ്ടോ മററുതരത്തിലൊ കൃഷിഫലങ്ങൾ എത്തിച്ചുകൊടുക്കുകയും ചെയ്യേണ്ടതാവശ്യമാണു്. കൃഷിചെയ്യാത്തവൻ കൈത്തൊഴിലുകളിൽ ഏർപ്പെട്ടു് അവൻെറ ജീവസന്ധാരണം നിർവ്വഹിക്കണം. അധികം ഉദാഹരിക്കണമെന്നില്ല. 'ഉദരനിമിത്തം ബഹുകൃതവേഷം.' ശരീരത്തെ പോററുന്നതിനുവേണ്ട മാർഗ്ഗങ്ങളെല്ലാം അറിഞ്ഞിരിക്കണം. ഈ മാർഗ്ഗങ്ങൾ കാലദേശങ്ങൾക്കധീനമാണല്ലോ. ഓരോ ദേശങ്ങളിലും ഓരോകാലത്തു് ഓരോതരത്തിലുള്ള കൃഷികൾ മാത്രമേ ഫലപ്രദമായുള്ളു എന്നുവരും. അതിനാൽ അതതുദേശങ്ങളിൽ താമസിക്കുന്നവർ അവിടെഅവിടെ സാദ്ധ്യമായ കൃഷികളെപ്പററി ശരിയായി അറിഞ്ഞിരിക്കേണ്ടതാവശ്യമാണു്. ഇന്നു കാർഷികലോകത്തേക്കാൾ മുന്നണിയിൽ നില്ക്കുന്നതു വ്യാവസായികലോകമാണു്. ആവശ്യങ്ങൾ വർദ്ധിച്ചുവരുംതോറും വ്യവസായം ക്രമാതീതമായി വർദ്ധിക്കുന്നു; വ്യവസായത്തിൻെറ രീതികൾ മാറിമാറി വരുന്നു. ബുദ്ധിയുള്ളവൻ വ്യവസായത്തിലേർപ്പെട്ടു മേൽഗതി നേടുന്നു. അതിനാൽ വ്യവസായപോഷണത്തിനും നമുക്കു വശതയുണ്ടായിരിക്കണം. ആഹാരവും വസ്ത്രവും മാത്രമായാൽ മതിയാകുകയില്ലല്ലോ. ആരോഗ്യവും വേണം. അരോഗികളാകാ

നല്ല മാർഗ്ഗങ്ങൾ നാമോരോരുത്തരും അറിഞ്ഞിരിക്കണം. ആരോഗ്യമില്ലാത്തവന്നു മറെറന്തെല്ലാം സുഖങ്ങൾ ലഭ്യമായിരുന്നാലും അവൻെറ മനസ്സിന് ഒരിക്കലും സുഖം കാണുന്നില്ല. ശരീരത്തേയും ബുദ്ധിയേയും ഒരുപോലെ അവശമാക്കുന്ന രോഗങ്ങളേയും അവയുടെനിദാനങ്ങളേയും പററി ഒരു സ്ഥൂലമായ ജ്ഞാനം നമുക്കുണ്ടെങ്കിൽ രോഗത്തെ അകററുന്നതു നമുക്കു സുസാദ്ധ്യമാണ്. ചുരുക്കിപ്പറഞ്ഞാൽ കൃഷി, വ്യവസായം, ആരോഗ്യം ഇവയെപ്പററി നാമറിഞ്ഞിരിക്കേണ്ടതു നമ്മുടെ ദൈനം ദിനജീവിതത്തിൽ അത്യന്താപേക്ഷിതമായതുകൊണ്ട്, നമ്മുടെ വിദ്യാഭ്യാസപദ്ധതിയിൽ ഈ ത്രയത്തിന്നും ശരിയായ സ്ഥാനമുണ്ടായിരിക്കണം.

അടുത്തതായി രാഷ്ട്രീയവും സാമുദായികവും ആയ അറിവാണ് ആവശ്യം. ഒരു മനുഷ്യനെന്ന വ്യക്തിക്ക് ബാഹ്യലോകത്തോടു ഒരു ബന്ധവുമില്ലാതെ ജീവിക്കുന്നതിന്നു സാധ്യമല്ലെന്നും, ലോകത്തിലുള്ള സകല വ്യക്തികളും പരസ്പരം സംബന്ധിതരാണെന്നും ആദ്യമായി നാം മനസ്സിലാക്കണം. സമൂഹത്തിൻെറ ഒരംഗം അല്ലെങ്കിൽ ഒരംശം എന്ന നിലയിൽ സമൂഹത്തെ ആശ്രയിക്കാതെ, ഒരു വ്യക്തിക്കും സ്വതന്ത്രമായി ജീവിക്കുവാൻ സാധ്യമല്ല. സമൂഹമെന്നതു് വ്യക്തികൾ ചേൎന്നുണ്ടായതാകകൊണ്ടു് ഓരോ വ്യക്തിയുടേയും ഗുണദോഷങ്ങൾ ആ വ്യക്തി അംഗമായിരിക്കുന്ന സമുദായത്തെ മുഴുവനും ബാധിക്കുന്നു. തന്മൂലം സമൂഹത്തിൻെറ നന്മയും തിന്മയും വ്യക്തിയുടെ നന്മയിലും തിന്മയിലും പ്രതിഷ്ഠിതമാകുന്നു. ആചാരം കൊണ്ടോ, ശീതോഷ്ണംകൊണ്ടോ, നിയമംകൊണ്ടോ, ഭരണംകൊണ്ടോ പരസ്പരം വേർതിരിക്കപ്പെട്ടിട്ടുണ്ടായ ഓരോ സമൂഹത്തിന്നും സാമൂഹ്യമായ പല കാൎയ്യങ്ങളുമുണ്ടു്. ഓരോ സമൂഹത്തിൽപെട്ട ഓരോ വ്യക്തിയും സ്വകാൎയ്യങ്ങളെ സാധിക്കുന്നതിന്നപ്പുറമേ, അവനവനംഗമായിരിക്കുന്ന സമൂഹത്തിൻെറ കാൎയ്യങ്ങളും സ്വകാൎയ്യങ്ങളെന്നു ചിന്തിച്ച് അവയെ സാധിക്കുന്നതിന്നുദ്യുക്തരാകേണ്ടതാണ്. ഇങ്ങിനെ വ്യക്തിയുടെ പ്രവൎത്തികൊണ്ടു് സമൂഹവും തന്മൂലം ലോകവും നന്നാകുകയും ചീത്തയാകുകയും ചെയ്യുന്നു എന്നു നാം ബോധിക്കേണ്ടതാണ്. വ്യക്തിയും സമൂഹവും തമ്മിലുള്ള ബന്ധവും വ്യക്തി സമുദായത്തെ ആദരിക്കേണ്ട ആവശ്യവും മനസ്സിലായാൽ വ്യക്തിപരമായി ഉണ്ടായിക്കൊണ്ടിരിക്കുന്ന പല ദോഷങ്ങളും ലോകത്തിൽനിന്നും നിഷ്ക്രമിക്കും. ഇററലി, ജൎമ്മനി മുതലായ രാജ്യങ്ങളിൽ അതതു ദേശക്കാർ തങ്ങളുടെ ആഭ്യന്തരവ്യത്യാസങ്ങളെ തൃണവൽഗണിച്ചു ദേശീയകാൎയ്യങ്ങൾക്കുവേണ്ടി ഒരു കയ്യായി പ്രവൎത്തിക്കുന്നു. അവൎക്ക് അവരുടെ ദേശത്തിൻെറ നന്മയാണു പ്രധാനം. അവരുടെ നന്മയും ദേശത്തിൻെറ നന്മയും പരസ്പരം സംബന്ധിതങ്ങളാണെ

ന്നു് അവർ അറിഞ്ഞു പെരുമാറുന്നു. ഓരോ സമൂഹങ്ങളെന്ന നിലയിൽ അവരെ പിന്നണിയിലാക്കുന്നതിനു മററുള്ളവക്കു സാധ്യമല്ല. പാശ്ചാത്യശൃംഖലകളിൽനിന്നും ഭാരതത്തെ മോചിപ്പിക്കുന്നതിനു നമുക്കു സാധിക്കാതിരിക്കുന്നതു് നമ്മുടെ സാമൂഹ്യബോധത്തിൻെറ കുറവുകൊണ്ടാണു്. കൈയ്യും മെയ്യുംമറന്നു ദേശീയകാര്യങ്ങളിൽ ഇടപെട്ടു പ്രവത്തിക്കു സന്നദ്ധരാകാൻ നമ്മെ സദാ പ്രചോദിപ്പിച്ചുകൊണ്ടിരിക്കുന്ന ഒരു ശക്തി വിദ്യാഭ്യാസമൊന്നുകൊണ്ടുതന്നെയാണു് നമുക്കു സംസിദ്ധമാകേണ്ടതു്. വ്യക്തിതപത്തെ മറന്നു് ദേശീയതയെ കൈകൊള്ളുന്ന ഒരു മനസ്ഥിതി—ഒരു വിശാല മനസ്ഥിതി—യാണു് നമുക്കു വേണ്ടതു്. ഈ മനസ്ഥിതി വിദ്യാഭ്യാസംകൊണ്ടേ ഉണ്ടാകയുള്ളു. അതിനാൽ ദേശീയതയെ പ്രോത്സാഹിപ്പിക്കുന്ന ഒരു വിദ്യാഭ്യാസപദ്ധതിയാണു് ഏപ്പെടുത്തേണ്ടതു്. ഓരോ വ്യക്തിയും ഓരോ ദേശത്തിൻേറയൊ ഓരോ രാഷ്ട്രത്തിൻേറയൊ അംഗമായിരിക്കുന്നതിനു പുറമെ, ഓരോ സമുദായത്തിൻേറയും അംഗമായിരിക്കും. മതം, ആചാരം, നിറം മുതലായവയാണു് സമുദായമെന്ന തരംതിരിപ്പിൻെറ ഹേതുക്കൾ. എല്ലാസമുദായങ്ങളും ഒന്നിച്ചു 'ഹസ്തേനഹസ്തതലമാത്തസുഖംഗൃഹീതഃ' എന്നതുപോലെ കഴിഞ്ഞുകൂടിയാൽ ലോകത്തിൽ ശാന്തിക്കു വിഷമമില്ല. ഇന്നു രാഷ്ട്രങ്ങൾ തമ്മിലുള്ള വഴക്കുകളേക്കാൾ നീണ്ടുനില്ക്കുന്നതും പരസ്പരവൈരത്തെ പുലത്തുന്നതും സാമുദായിക കലഹങ്ങളാണു്. സമുദായങ്ങൾ തമ്മിലുള്ള ആന്തരങ്ങളെ ഇല്ലാതാക്കി സവ്വസമുദായമൈത്രി സംസ്ഥാപിക്കേണ്ടതു്, ഓരോ സമുദായത്തിൻേറയും സമുദായത്തിൻെറ അംഗമെന്നനിലയിൽ ഓരോ വ്യക്തിയുടേയും പ്രധാന കൃത്യമാണു്. ഈ കൃത്യത്തിൽ നമ്മെ നയിക്കുന്നതിനും ശരിയായ പരിശീലനം ആവശ്യമാണു്.

ഇങ്ങിനെ ശരീരത്തിനു് ആരോഗ്യവും രക്ഷയും ഉണ്ടായാൽ മനസ്സുഖത്തിനുവേണ്ടി പരിശ്രമിക്കാൻ വിഷമമില്ല. സംഗീതം, സാഹിത്യം, ചിത്രമെഴുത്തു്, ശില്പം മുതലായ മനസ്സംസ്കരണത്തെ സഹായിക്കുന്ന കലകളെല്ലാംതന്നെ ആവശ്യമാണു്. മനസ്സിനെ സങ്കുചിതതപബാധയിൽനിന്നും രക്ഷിച്ചു് അതിനെ വിശാലമാക്കി സംസ്കാരവും ഗുണവും ചേത്തു് അതിനെ രൂപാന്തരപ്പെടുത്തുന്നതിനു കലകൾ നമ്മെ സഹായിക്കുന്നു. പ്രയത്നങ്ങൾ കഴിഞ്ഞു വിശ്രമിക്കുന്ന അവസരങ്ങളിൽ മനസ്സിനു് ആനന്ദത്തേയും ഉത്സാഹത്തേയും തരുന്നവയാണു് കലകൾ. മോഷണകലയും നല്ലതുതന്നെ; പക്ഷെ അതിനെ പെരുമാറുന്ന രീതിക്കുമാത്രം വ്യത്യാസം വരുത്തണമെന്നു മാത്രം. മോഷണകല മോഷണപ്രവത്തിക്കു സ

ഹായകമാക്കാതെ മോഷണത്തെത്തടയുന്നതിനാണ് ഉപയോഗിക്കേണ്ടതു് എന്നുമാത്രം. അദ്ധ്യാത്മജ്ഞാനവും മനസ്സുഖത്തിന് അത്യാവശ്യമാണ്. നമ്മുടെ പ്രവൃത്തികൾ സന്മാർഗ്ഗങ്ങളിലാകുന്നതിനും, ദുർമ്മാർഗ്ഗങ്ങളെ നാം വെടിയുന്നതിനും നമ്മെ വിജ്ഞാനം പ്രേരിപ്പിക്കുന്നു. സദാചാരനിരതമാക്കുന്ന വിശേഷസ്വഭാവവും കലയ്ക്കുണ്ടു്. അതുകൊണ്ടു് സാമൂഹ്യജീവിതത്തിൽ കലാഭ്യസനവും അദ്ധ്യാത്മജ്ഞാനവും നമ്മെ സഹായിക്കുന്നു.

ആകെക്കൂടി വിദ്യാഭ്യാസംകൊണ്ടു നമുക്ക് അവശ്യം സിദ്ധിക്കേണ്ട ഗുണങ്ങൾ ഇന്നവയെല്ലാമെന്നു മനസ്സിലായിക്കഴിഞ്ഞു. ദേശീയബോധം, സമുദായബോധം, കൃഷിശാസ്ത്രജ്ഞാനം, വ്യവസായജ്ഞാനം, കലാചാതുര്യം, ആരോഗ്യരക്ഷാജ്ഞാനം, ഇവയെ പ്രധാനമായി പ്രോത്സാഹിപ്പിക്കുന്ന ഒരു വിദ്യാഭ്യാസപദ്ധതി അനുപേക്ഷണീയമത്രെ. മനുഷ്യന്റെ ജീവിതത്തെ സുഖസംപൂർണ്ണവും സുന്ദരവും ആക്കുന്നതിനു പര്യാപ്തങ്ങളായ അറിവുകളാണീമാർഗ്ഗങ്ങളിൽക്കൂടി സിദ്ധിക്കുന്നതു്. സൃഷ്ടിപരമായ ബുദ്ധിശക്തിക്കു പ്രാധാന്യം നൽകി മേൽപറഞ്ഞ ജ്ഞാനമാർഗ്ഗങ്ങളെ പോഷിപ്പിക്കുന്ന വിദ്യാഭ്യാസരീതിയാണ് നമുക്കു വേണ്ടതു്. ഇത്തരത്തിലുള്ള ഒരു പദ്ധതികൊണ്ടേ നമുക്കു ജീവിതത്തിൽ വിജയമുണ്ടാകൂ.

## "കശുവണ്ടി" എന്ന പദം.

(ടി. സുധാകരമേനോൻ എം. എസ്സ്. സി.)

"ഗുരുനാഥ"ന്റെ കഴിഞ്ഞലക്കത്തിൽ പ്രസിദ്ധപ്പെടുത്തിയിരുന്ന "കൈരളിയുടെ വൈദേശികസ്വത്തു്" എന്ന ലേഖനത്തിൽ കശുവണ്ടി എന്ന പദത്തിന്റെ ഉത്ഭവത്തെക്കുറിച്ചു് വിദ്വാൻ വൈ. നാരായണയ്യർ ഇങ്ങിനെ പ്രസ്താവിച്ചുകാണുന്നു. "ഹിന്ദി, ബംഗാളി മുതലായ ഭാഷകളിൽനിന്നും മലയാളത്തിൽ സംക്രമിച്ചു് 'കശുവണ്ടി'വ്യവസായം കേരളത്തിൽ അഭിവൃദ്ധിപ്രാപിച്ചു." ഈ അഭിപ്രായത്തോടു പൂർണ്ണമായി യോജിക്കുവാൻ യാതൊരു നിവൃത്തിയുമില്ല.

കശുവണ്ടിയ്ക്കു് കശുനണ്ടി എന്നും പറങ്കിഅണ്ടി എന്നും പേരുകളുണ്ടു്. പറങ്കിഅണ്ടി എന്ന പേരിൽനിന്നു് അനുമാനിക്കാവുന്നതു് പോർത്തുഗീസുകാരുമായുള്ള ഒരു ബന്ധത്തെയാണു്. ഈ പറങ്കിമാവു് ഒരു

ഇൻഡ്യൻ വൃക്ഷമല്ല. അതിൻെറ സ്വദേശം ഈസ്റ്റിൻഡീസും വെസ്റ്റ് ഇൻഡീസുമാകുന്നു. "അക്കഷോബ" എന്ന ബ്രസീലിയൻ പദത്തിൽ നിന്നുത്ഭവിച്ച "അക്കഷു" എന്ന ഫ്റഞ്ചുപദത്തിൽനിന്നാണ് "കാഷ്യു" എന്ന ഇംഗ്ലീഷുപദത്തിൻെറ ഉത്ഭവമെന്നു വാൾട്ടർ സ്കീററിൻെറ A concise etymological dictionary of the English language എന്ന നിഘണ്ഡുവിൽ കാണുന്നുണ്ട്. അതിനാൽ കശുമ്മാവിൻെറ പേർ ഉത്ഭവിച്ചതു് ഈ ഇംഗ്ലീഷുപദത്തിൽനിന്നാണെന്നു സംശയിക്കാം. പക്ഷെ കശുമ്മാവിനു പറങ്കിമാവു് എന്നും പേരുള്ളതിനാലും പോൎത്തുഗീസുഭാഷയിൽ ഈ വൃക്ഷത്തിൻെറ പേർ "കാഷപ" എന്നായതുകൊണ്ടും, "കശു" എന്ന പദത്തിൻെറ ഉത്ഭവം പോൎത്തുഗീസുഭാഷയിൽനിന്നാകുവാനാണ് കൂടുതൽ ന്യായം കാണുന്നതു്. ഈ അഭിപ്രായത്തെത്തന്നെയാണ് സാഹിത്യകുശലൻ എം. ശേഷഗിരിപ്രഭുവും അദ്ദേഹത്തിൻെറ "വ്യാകരണമിത്ര"ത്തിൽ പ്രകടിപ്പിച്ചുകാണുന്നതു്. "പറങ്കിയണ്ടി" എന്ന പദത്തെ തീരെ വിസ്മരിച്ചു്, കശു എന്ന മലയാളപദത്തിൻെറ ഉത്ഭവം കണ്ടുപിടിക്കുവാൻ ഹിന്ദിയിലേയും ബംഗാളിയിലേയും "കശു" എന്ന പദത്തെ മാത്രം മിസ്റ്റർ നാരായണയ്യർ ആശ്രയിച്ചതു് അതീവ വിചിത്രമായിരിക്കുന്നു!! കശുമ്മാവു കൃഷി ഉത്തരേൻഡ്യയിൽ തീരെ ഇല്ലെന്നും, ഉത്തരേൻഡ്യയിൽ കശുനണ്ടി കിട്ടുന്നതു് ഗോവ, മംഗലാപുരം, കൊച്ചി, തിരുവിതാംകൂർ മുതലായ പ്രദേശങ്ങളിൽനിന്നാണെന്നുമുള്ള വസ്തുതകളേയും മിസ്റ്റർ നാരായണയ്യർ മനസ്സിലാക്കേണ്ടതു് അവശ്യം ആവശ്യമാകുന്നു.

# സഹവിദ്യാഭ്യാസം.

(മറെറാരു വീക്ഷണകോണം.)

പരിക്ഷണത്തിനും ആലോചനയ്ക്കും വിഷയീഭവിച്ചിട്ടുള്ള ഇന്നത്തെ വിദ്യാഭ്യാസരീതികളിൽ സഹവിദ്യാഭ്യാസമാണ് മുന്നണിയിൽ നില്ക്കുന്നതു്. വിദ്യാഭ്യാസകാലം മുഴുവനും സഹവിദ്യാഭ്യാസത്തിൻെറ പ്രായോഗികതചത്തെ അമേരിയ്ക്കാക്കാരായ സഹവിദ്യാഭ്യാസപ്രിയന്മാർ സമ

ത്഻ിക്കുന്നു. പശ്ചിമഭൂഖണ്ഡനിവാസികൾ ഇപ്രകാരമുള്ള ഒരു അവലോകനത്തെ അംഗീകരിക്കുന്നില്ലെങ്കിലും ശക്തിമത്തായ പരീക്ഷണങ്ങൾ നടത്തികൊണ്ടിരിക്കുന്നു. ഇൻഡ്യയിലും ഈ രീതിയെ പരീക്ഷിച്ചു് നോക്കുവാനിടയുണ്ടു്. ഇൻഡ്യയിൽ ഇതു് ഒരു അംഗീകരിച്ച രീതിയാകുന്നതിനു് മുൻപായി സഹവിദ്യാഭ്യാസം സന്തോഷകരമായ ഒരു വിദ്യാഭ്യാസരീതിയാണോ എന്നും അപ്രകാരമാണെങ്കിൽ ഇൻഡ്യ അവളുടെ പഴയ വിദ്യാഭ്യാസരീതികളിൽനിന്നും വ്യതിചലിക്കണമൊ എന്നും ആലോചിക്കുന്നതു സമുചിതമായിരിക്കുമല്ലോ.

സഹവിദ്യാഭ്യാസരീതിയെ എതിൎത്തു പറയുമ്പോൾ സ്ത്രീകൾക്കു വിദ്യാഭ്യസനം അനുവദനീയമല്ലായെന്നോ അവൎക്കു മനുഷ്യസമുദായത്തെ പുരുഷന്മാർ സഹായിക്കുന്നവിധത്തിൽ തന്നെ സഹായിക്കുവാൻ സാധിക്കുകയില്ലായെന്നോ ഞാൻ ഉദ്ദേശിക്കുന്നില്ലാ; സന്തോഷകരമായതോ, ഒഴിച്ചുകൂട്ടുവാൻ വഹിയാത്തതോ ഊൎജ്ജിതമായതോ ആയ ഒരു രീതിയല്ലാ സഹവിദ്യാഭ്യാസമെന്നു മാത്രമേ ഞാൻ വാദിക്കുന്നുള്ളു.

ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും സമമായ കാൎയ്യനിൎവ്വഹണ പാടവം ഉണ്ടെന്നും വിദ്യാൎജ്ജവകാലത്തു് അവർ തമ്മിൽ അടുത്തു് പെരുമാറുന്നതു അവൎക്കിരുവൎക്കും പരസ്പരസഹായകമായിരിക്കുമെന്നും സഹവിദ്യാഭ്യാസരീതിയെ പ്രശംസിക്കുന്നവർ കരുതുന്നു. ഇപ്രകാരമുള്ള അവരുടെ അവലോകനം ഉപരിപ്ലവങ്ങളായ ചിന്താശകലങ്ങളുടെ ഫലമാകുന്നു.

മനശ്ശാസ്ത്രജ്ഞന്മാരുടേയും വൈദ്യശാസ്ത്ര വിദഗ്ദ്ധന്മാരുടേയും ശാസ്ത്രീയങ്ങളായ അഭിപ്രായങ്ങളോടു് അല്പം പരിചയമാകുന്നപക്ഷം ആൺ പെൺ വൎഗ്ഗങ്ങൾ തമ്മിലുള്ള പ്രധാനമായ ചില വ്യത്യാസങ്ങളെ മനസ്സിലാക്കുവാൻ കഴിയും. ഈ വ്യത്യാസങ്ങളെ മൂന്നു തരമായി കണക്കാക്കാം. (Physiological) കായികപരമായവ, മനശ്ശാസ്ത്രപരമായവ, സാമുദായികങ്ങളായവ.

കായികപരമായവ:-

പല അമേരിക്കാക്കാരായ ഡാക്ടറന്മാരും അനുഭവസ്ഥമാംവണ്ണം സ്ത്രീകൾ പുരുഷന്മാരേക്കാൾ കായികപരമായി ശക്തിഹീനരാണെന്നും, അവൎക്കു പുരുഷന്മാരേക്കാൾ nervous strain കൂടുതലാണെന്നും തെളിയിച്ചിട്ടുണ്ടു്. സ്ത്രീകളുടെ കായികപരമായ ദുർബ്ബലതയ്ക്കു് അവരുടെ വികാരപരമാ

യ പ്രകൃതമാണ കാരണമെന്ന് സ്റ്റെയിൻലി ഹാാം (Stanely Hall) അഭിപ്രായപ്പെട്ടന്നു. മിസ്സ് താംസൺ (Miss Thompson) വളരെ അനുഭവസ്ഥമാംവണ്ണം അവരുടെ ശാസ്ത്രീയമായ പരീക്ഷണഫലമായി സ്ത്രീകൾ സുവ്യക്തമായി പുരുഷന്മാരേക്കാൾ ശക്തികുറഞ്ഞവരാണ് എന്നു തെളിയിച്ചിട്ടുണ്ട്. പെൺകുട്ടികൾ ആൺകുട്ടികൾ ഒരുമിച്ച തുല്യസാമത്ഥ്യത്തോടു കൂടി ഫുട്ബാാം (Foot Ball) കളിക്കുന്നതിന് ഇനിയും വളരെക്കാലം കഴിയുവാനുണ്ട്.

മനശ്ശാസ്ത്രപരമായ വ്യത്യാസങ്ങൾ:-

തൊഴിൽപരമായും വിദ്യാഭ്യാസപരമായും ഉള്ള കാര്യങ്ങളിൽ ആൺ പെൺ എന്നുള്ള വ്യത്യാസം വളരെ ശക്തിയായ വ്യത്യാസം വരുത്തുന്നുണ്ടെന്ന് ഹാാം (Hall) ഈലിസ്സ് (Ellis) മുതലായ ശാസ്ത്രജ്ഞന്മാരും വിദഗ്ദ്ധ ചിന്തകന്മാരും അഭിപ്രായപ്പെട്ടിട്ടുണ്ട്. വർഗ്ഗവ്യത്യാസത്തെ അല്പമായ ഒന്നായി കരുതുന്നതു വലിയ സാഹസമാണ്. Thorndike എന്ന മഹാൻ സ്ത്രീകളുടേയും പുരുഷന്മാരുടേയും വികാരപരമായ ശക്തികൾ തമ്മിൽ വ്യത്യാസമുണ്ടെന്നു സമത്ഥിക്കുന്നു. കഴിഞ്ഞ പല ശതാബ്ദങ്ങളായി സ്ത്രീകൾ ജന്തുശാസ്ത്രപരമായി ഒരു പ്രത്യേക പന്ഥാവിൽക്കൂടിയാണ പുരോഗമനത്തെ സാധിച്ചിരിക്കുന്നത്. കൂടാതെ അവരുടെ ചരിത്രം അവരുടെ ദേഹത്തിൽ പ്രതിഫലിക്കുന്നുമുണ്ട്. സ്ത്രീകളും പുരുഷന്മാരും ജീവിതത്തെ വീക്ഷിക്കുന്നതു രണ്ടുപ്രകാരത്തിലാണെന്നു Bust—ൻേറയും Moore—ൻേറയും ശാസ്ത്രീയഗവേഷണങ്ങൾ തെളിയിക്കുന്നു. ആൺ പെൺവർഗ്ഗങ്ങൾ തമ്മിലുള്ള ഈ വ്യത്യാസത്തെ—സഹവിദ്യാഭ്യാസപ്രേരിതർ അംഗീകരിക്കാത്ത ഈ വ്യത്യാസത്തെ—ജീവിതവും സാഹിത്യവും വളരെക്കാലങ്ങൾക്കുമുൻപുമുതൽ അറിഞ്ഞിരിക്കയും അംഗീകരിക്കയും ചെയ്തിട്ടുണ്ട്. സഹവിദ്യാഭ്യാസരീതിയിൽ അന്തർഭവിച്ചിരിക്കുന്ന കാര്യത്തെ— അപരിഷ്കൃതമായ വിഷയാസക്തതയെ അമർച്ചചെയ്യുന്നതുകൊണ്ടുണ്ടാകുന്ന മാനസികപോരാട്ടത്തെ—പരിഷ്കാരോന്മുഖർ അവഗണിക്കുന്നു. മനശ്ശാസ്ത്രനിരീക്ഷകന്മാരുടേയും, വൈദ്യശാസ്ത്രവിദഗ്ദ്ധന്മാരുടേയും വർഗ്ഗബന്ധത്തെ അധഃകരിച്ചുള്ള ഗവേഷണങ്ങൾ ആൺ പെൺ വർഗ്ഗങ്ങൾ തമ്മിലുള്ള സഹവിദ്യാഭ്യാസം അനഭിലഷണീയങ്ങളാണെന്നു കാണിക്കുന്നു.

ഭവനമാണ് ഏററവും പഴയതും അനശ്വരവുമായ വിദ്യാലയമെന്നും അവിടെവച്ചാണ നാം ചാരിത്രം, സ്നേഹം മുതലായ ഗുണങ്ങളെക്കുറി

ച്ച് അറിയുകയും പഠിക്കുകയും ചെയ്യുന്നതെന്നും, അവിടെവച്ചാണ് മനുഷ്യവർഗ്ഗത്തോടു നമുക്കുള്ള സ്നേഹവും ബഹുമാനവും നമ്മിൽ അങ്കുരിക്കുന്നതെന്നും, സ്ത്രീകളാണു നമുക്ക് അതിനുള്ള പ്രചോദനശക്തി തരുന്നതെന്നും നാം ഓർക്കണം. സ്ത്രീകൾ പുരുഷന്മാരുടെ എതിരാളികളോ അടിമകളോ അല്ല; നേരെമറിച്ച് അവർ പുരുഷന്മാരുടെ കൂട്ടുകാരനരാണ്. അയാളെ മാതാവ്, ഭാര്യ, സഹോദരി, പുത്രി എന്നിപ്രകാരമുള്ള ബന്ധങ്ങളിൽ അവർ സഹകരിക്കുന്നു. ഇപ്രകാരമുള്ള ബന്ധങ്ങളില്ലായിരുന്നുവെങ്കിൽ മനുഷ്യവർഗ്ഗം തിർച്ചയായും പലപ്രകാരത്തിലും ഈ ബന്ധങ്ങളെ കാംക്ഷിക്കേണ്ടിവരും. ഈ പ്രവൃത്തിനിർവ്വഹണങ്ങൾക്കായി സ്ത്രീകളെ സഹായിക്കുവാൻ സഹവിദ്യാഭ്യാസത്തിനു സാധിക്കുകയില്ല; നേരെമറിച്ച് അതു് ഒരുവർഗ്ഗത്തിൽ മറേറവർഗ്ഗത്തോടുള്ള അതിൻെറ തിന്മയ്ക്കായി അടിമപ്പെടുത്തുകയേ ചെയ്യുകയുള്ളു. സ്ത്രീകൾ വർഗ്ഗസമത്വത്തെ അടിസ്ഥാനമാക്കി വർത്തിക്കുകയാണെങ്കിൽ (ഇതാണ് സഹവിദ്യാഭ്യാസം പഠിപ്പിക്കുന്നതു്) ഏതു സംസ്കാരവും ഉടനെതന്നേയോ, അല്പം കഴിഞ്ഞോ അധഃപതിക്കുമെന്നു ഡാക്ടർ രബീന്ദ്രനാഥടാഗോർ അഭിപ്രായപ്പെട്ടിട്ടുള്ളതു് എത്രയും വാസ്തവംതന്നെ. പ്രത്യേകങ്ങളായ പന്ഥാക്കളിൽക്കൂടി ഇരുവർഗ്ഗങ്ങളേയും അവരുടെ പ്രത്യേക സാദ്ധ്യതകളെ അടിസ്ഥാനമാക്കി പ്രവർത്തിക്കുന്നതിനു ശിക്ഷണം നൽകേണ്ടതു് ഒഴിച്ചുകൂടുവാൻ വയ്യാത്ത അത്യാവശ്യമായിത്തീരുന്നു. സഹവിദ്യാഭ്യാസരീതിയുടെ തത്വംതന്നെ അടിസ്ഥാനരഹിതമാകുന്നു.

ഇൻഡ്യയിൽ സഹവിദ്യാഭ്യാസത്തിനുള്ള സാദ്ധ്യതകളെപ്പററി ആലോചിക്കുന്നതിനുമുൻപായി, പശ്ചിമഭൂഖണ്ഡങ്ങളിൽ അതിനുള്ള നിലയെപ്പററി ആലോചിക്കാം. അമേരിയ്ക്കാക്കാക്ക് അവരുടെ തീക്ഷ്ണങ്ങളായ പരിശ്രമങ്ങളേയും പരീക്ഷണങ്ങളേയും പററി സന്തോഷിക്കുവാൻ വകയുണ്ട്. അവക്കു സാദ്ധ്യമായ ജയത്തേയും നാം വിഗണിക്കേണ്ടതില്ല. ഇപ്രകാരമെല്ലാമിരുന്നാലും അമേരിയ്ക്കയിൽ സഹവിദ്യാഭ്യാസത്തെ മനക്ലേശത്തോടുകൂടി വീക്ഷിക്കുന്ന ശാസ്ത്രീയചിന്തകന്മാർ കൂടിക്കൂടിവരുന്നുണ്ടെന്നു കാണുന്നതിൽനിന്നും അമേരിയ്ക്കയിൽതന്നേയും അതിനു ശരിയായ ഒരു നില കിട്ടിയിട്ടില്ലെന്നു കാണാം.

സന്താനസംരക്ഷണം മാത്രമാണു ജമ്മൻസ്ത്രീകളുടെ ശരിയായ കൃത്യമെന്നും ഭവനമാണ് അവരുടെ ശരിയായ പ്രവർത്തനരംഗമെന്നും ജർമ്മനി

യിൽ പ്രസിദ്ധം ചെയ്തിരിക്കുന്നു. സ്ത്രീകൾ പുരുഷന്മാരോട് എതിക്കുന്നതിനോ, ന്യായമായവിധത്തിൽപോലും എതിക്കുന്നതിനോ, ഹിററ്ലർ വിലക്കുന്നു. സ്ത്രീകളുടേയും പുരുഷന്മാരുടേയും കൃത്യങ്ങളെ ഇപ്രകാരം വേർതിരിച്ചിരിക്കുന്നതിൽനിന്നും ജർമ്മനിയിൽ സഹവിദ്യാഭ്യാസത്തിനു യാതൊരുവിധ സഹായങ്ങളുമുണ്ടാകുന്നതല്ലായെന്നു തെളിയുന്നു. ജപ്പാനിൽ ഉയൎന്നക്ലാസ്സുകളിൽ സഹവിദ്യാഭ്യാസം പരിഛിന്നമായി വിരോധിക്കുന്നു. സ്ത്രീകൾക്ക് ഒരു പ്രത്യേക സൎവ്വകലാശാലയുണ്ടായിട്ടുമുണ്ട്. സഹവിദ്യാഭ്യാസത്തിൻെറ നന്മകളെക്കുറിച്ച് ഇംഗ്ലണ്ട് ഈയിടെയെങ്ങും അറിയുകയില്ല.

സംസ്കാരം സിദ്ധിച്ചിട്ടുള്ള ഈ രാജ്യങ്ങളിൽ സഹവിദ്യാഭ്യാസത്തെ വീക്ഷിക്കുന്നതു് ഇപ്രകാരമായതുകൊണ്ട് ആ രീതിയെ അംഗീകരിക്കത്തക്ക യാതൊന്നുംതന്നെ അതിനില്ലായെന്നു മനസ്സിലാക്കാം.

ഇൻഡ്യയിൽ സഹവിദ്യാഭ്യാസം ഒരു അത്യാവശ്യമായ ആവശ്യമോ, അഭിലഷണീയമായ പരിഷ്കാരമോ അല്ല. ഇൻഡ്യയിലെ സമുദായഘടന പശ്ചിമഭൂഖണ്ഡങ്ങളിലേതിനേക്കാൾ വ്യത്യസ്തമാണ്. സഹവിദ്യാഭ്യാസത്തിനു ധമ്മുടെ സമുദായഘടന ഒട്ടും അനുയോജ്യമല്ല. സഹവിദ്യാഭ്യാസം ഒരു സമുദായഘടനാപരിഷ്കാരമാകുന്നു; വിദ്യാലയമല്ലാ ഈ പരീക്ഷാപ്രായത്തിലുള്ള പരിഷ്കാരത്തിനു വിധേയമാകേണ്ടതു്. ഇൻഡ്യയിൽ സഹവിദ്യാഭ്യാസപദ്ധതി തുടങ്ങുന്നതിന് ഒരിക്കലും സാദ്ധ്യമല്ലാതെയിരിക്കുവാനാണ് വകകാണുന്നതു്.

(ഇംഗ്ലീഷിൽനിന്നും.)

# * ശൃംഗാരലഹരി.

(പ്രസാധകൻ:— പ്രൊഫ്സർ പി. ശങ്കരൻനമ്പ്യാരവർകൾ, എം. എ.)

[താഴെ ചേൎക്കുന്ന ശ്ലോകങ്ങൾ ഒരു പഴയ താളിയോലഗ്രന്ഥത്തിൽനിന്നു കിട്ടിയവയാണ്, ഗ്രന്ഥം ജീൎണ്ണമായിരിക്കുന്നതിനാൽ പല ഭാഗവും ദുൎഗ്ഗ്രഹമാകുന്നു. ബ്രഹ്മശ്രീ ഇടപ്പിള്ളി കൃഷ്ണരാജാവവർകളുടെ പുത്രനും ഭാഷാപ്രണയിയുമായ കരുണാകരമേനോനവർകൾ സദയം എത്തിച്ചുതന്ന ഏതാനും ഗ്രന്ഥങ്ങളുടെ കൂട്ടത്തിൽനിന്നാണ് ഈ ശ്ലോകങ്ങൾ കണ്ടെടുത്തിട്ടുള്ളതു്. ആശയഗതിയും ഭാഷാരീതിയും മററും നോക്കുമ്പോൾ ഇവ "ഉണ്ണുനീലിസന്ദേശ"ത്തിന്റേയും "ലീലാതിലക"ത്തിന്റേയും സമകാലികന്മാരായ കേരളബ്രാഹ്മണരാൽ വിരചിതങ്ങളായിരിക്കേണമെന്നു വിചാരിക്കേണ്ടിയിരിക്കുന്നു. പ്രത്യേകകാരണങ്ങളാൽ പല ശ്ലോകങ്ങളും വിട്ടുകളഞ്ഞിട്ടുണ്ട്. മേൽകൊടുത്തിട്ടുള്ള തലക്കെട്ടു ഗ്രന്ഥത്തിൽ കണ്ടതല്ല.]

(പ്രസാധകൻ)

1. കണ്ടാറില്ലിത്രനാളും യുവതിജനശിരോ
   ലംകൃതേ ചന്ദ്രബിംബേ
   ബിംബീപകം തമോമണ്ഡലമയി സരസേ
   ചാന്തുചാരും പ്രസൂനം
   കംബോരഗ്രേ ശശാങ്കം രുചിരതരതനോ
   നന്വിതേററം വിചിത്രം
   കണ്ടേൻ ഞാൻ വെള്ളയിച്ചേരിനമലർവനിതേ
   ദ ശ് ന േ ത ാ വ കീ നേ .

2. ചൊല്ലെപ്പാള്ളും നവമാലതീവിശിഖനാം
   ക്ഷോണീന്ദ്രബാണങ്ങൾകൊ
   ണ്ടുൾക്കാമ്പുകൽ മരന്ദവാണി വിവശീ
   ഭൂതാ മരിക്കുംവിധൌ
   അക്ഷീണം മണിതം കൃശോദരി മഹേ
   ളാലോകചൂഡാമണേ!
   കേൾക്കാവൂ പുനരെന്നു വെള്ളയിൽമലർ
   ത്തനപാംഗി! കണ്ണാന്തരേ.

3. കണ്ടാവൂ ചെറുചക്കമൊന്നു കമനീം
   കന്ദപ്പദപ്പപ്രഥാം
   ക ണ്ടാ വൂ സു ര താ ര വി ന്ദ മ ക ര
   ന്ദം കണ്ടുതാവൂ സഖേ!

*സമസ്തകേരള സാഹിത്യപരിഷൽ ത്രൈമാസികം.

പണ്ടാരും നിനയാതൊരത്ഥമിയലും
വാത്സ്യായനപ്രക്രിയാ-
ഭണ്ഡാരത്തിൽ നിറഞ്ഞ ചിദ്രസസുധാം
കണ്ടാവിതെൻപ്രേയസീം.

4. മട്ടൊക്കുംവാണി! നിൻകോമളഗളഭുവി മ
ങ്ങാതെ മംഗല്യസൂത്രം
കെട്ടുന്നേരം മലർച്ചെഞ്ചരനരപതിസ്സാ
ടോപമൊന്നാത്തുകൊണ്ടാൻ
വട്ടംകെട്ടീ വിജേതും ത്രിഭുവനമലർവാ
ണങ്ങളാദായ മമ്മാ!
കൊട്ടങ്ങെക്കുത്തുടങ്ങീ തെളിവിനൊട്ട തിരി
ഞ്ഞൂത്തിരട്ടാതിമാതേ!

5. ശംഭുക്രോധേന തീപ്പെട്ടളവിലൊരു പിടി
ച്ചാമ്പൽ നീയത്ര കൊമ്പും
തുമ്പിക്കൈയ്യും നിനക്കില്ലറിവനറിവനി
ന്നിന്നൊ ഞാനംഗയോനേ!
വമ്പത്യന്തം വളക്കുന്നതിഹ പുഉപറ
മ്പത്തമന്നിട്ടിയക്കി-
ച്ചെമ്പൊൽത്താത്ത്യലത്രേ മലർചരമളി ഞാ
ണിക്ഷു വില്ലെന്നിതെല്ലാം.

6. മുകിലുമ്മുടിമേലണിഞ്ഞുകൊണ്ടി-
ട്ടകലേ കാൺ പകലേ കലേശലേശം
സകലേന്ദ്രിയമോഹനായ മാരൻ
പുകിലോകമ്മിണിയിട്ടിയോ ന ജനേ.

7. വട്ടപ്പോർകൊങ്കതൊട്ടീലധരമലർ നുക
ന്നീലിതത്രേയുമല്ലേ
മട്ടൊക്കുംവാണിതൻ മന്ദിരഭുവി കടവ
ത്തേഷ ചെന്നീലൊരുനാൾ
ഇട്ടിപ്പെണ്ണിൻ മുഖാംഭോരുഹമൊരുദിവസം
കണ്ടതിന്നെത്ര മാരൻ
കൊട്ടിക്കൊല്ലുന്നിതയ്യോ! ചില മലയമരുൽ-
പ്പൊന്തികൊണ്ടന്തിനേരം.

8. മുഖ്യേ ചാരു വടക്കുനിന്നു വരവി
ന്നേണീദൃശാം വിശ്രുതേ!
തെക്കും ദിക്കിലെനിക്കു വാസഭവനം
നാനാഗുണാവാസമേ!
അക്ഷീണസ്പൃകൾകൊണ്ടു തമ്മിൽ വിലസും
നാനാനൃണാമിന്നു ഞാ-
നഗ്രേ ചൊല്ലിന കാരിവേലികവിതാ-
ശാലീകലാമാലികേ!

9. ജാനേ പുണ്യാധികോ ഞാൻ ഭരണിരമണിത-
ന്നന്തികേ ചെന്നുനിന്നോൻ
മാരനേല്ക്കൺകോണിലയ്യോ! മദനഗജമദം
പാട്ടു കണ്ടേൻ തദാനീം
വാണീമാതിൻ കരാഗ്രേ മരുവിന മണിവീ-
ണാരവം കൈവണങ്ങും
വാണീവിന്യാസവും മേ ചെവിയിലമൃതനി-
ഷ്യന്ദമായ് വന്നുവീണു.

10. മാരാർത്ത്യാ മറുകുന്ന മാമിഹ കുറി-
ച്ചുംവച്ചു മാപാപിതാൻ
വാരാഞ്ഞാൽ മതി ജീവഭാരമിനിഞാൻ
തേടുന്നീതില്ലെന്നുമേ
ആരാമേ മൃതയേ തുനിഞ്ഞതളവിലെ-
ന്നാനന്ദചിന്താമണി-
ത്താരാർമാനിനി കാൽച്ചിലമ്പമൃതുപെ-
യ്തു തോഴ! കർണ്ണാന്തരേ.

11. വീരന്മാരിലെനിക്കുമുമ്പതു നടേ
ചൊല്ലേണമെല്ലായിലും
ഘോരം കോകിലനാദമെന്നതുമെടോ
മുഗ്ദ്ധേ! പൊറുത്തീടിനേൻ
വാരാളും കനലൂത്തുവെൺമതി വരു-
ന്നേരത്തു ഞാനല്ലയോ
നേരേനിന്നതു ഹന്ത നന്തിപുലമാ-
ന്നിട്ടീവിയോഗാമയേ.

തുടരും